KOTTAYAM

Call No. M100 Acc. No.

Author ചാക്കുണ്ണി. തെക്കനി

Title നല്ല ചിന്തകൾ

താളപ്പിഴകൾ

# തത്വചിന്തകൾ.

ഗ്രന്ഥകർത്താ:

ദിവ്യശ്രീ കെ. റ്റി. ചാക്കുണ്ണി കശ്ശീശാ,

കാവുംഭാഗം, തിരുവല്ലാ.

(പകർപ്പവകാശം ഗ്രന്ഥകർത്താവിന്നുള്ളതാകുന്നു.)

*1st Edn. December 1952— 1000 Copies.*
*2nd Edn. February 1958— 2000 „*

വില 8 അണ (50 ന.പൈ.)

PRINTED AT THE
T. A. M. PRESS, TIRUVALLA
1958

NATIONAL BOOK STALL SPCS LTD. KOTTAYAM
NATIONAL BOOK STALL KOTTAYAM KALARIKAL BAZAAR

M100
Cha-T.

No. 113…
PUBLIC LIBRARY
KOTTAYAM

### ഒന്നാം പതിപ്പിന്റെ

# പ്രസ്താവന.

ഈ ചെറുഗ്രന്ഥത്തിന്റെ ഉള്ളടക്കത്തിൽ മിക്കതും, എന്റെ യാത്രാവേളകളിലും, ഞാൻ ഏകാന്തമായി കഴിച്ചുകൂട്ടിയ ചില സന്ദർഭങ്ങളിലും, പ്രത്യേകമായ ചില സംഭവങ്ങളുടെ മുമ്പിലും, എനിക്കുണ്ടായ ചിന്തകളുടെ സന്താനങ്ങളാണു്. മററു ചിലതു് മഹാശയന്മാരായ ഏതാനും പേരുടെ ആശയങ്ങളെ അധികരിച്ചു ഞാൻ രൂപീകരിച്ചിട്ടുള്ളവയുമത്രെ.

ഒരു പുസ്തകരൂപത്തിൽ വരുന്നതിനുമുൻപു് ഇതുകളിൽ ചിലതു് ‘‘തത്വചിന്തകം’’ എന്ന ശീർഷത്തിൽ ‘നമ്മുടെ മാസിക’’, ‘ആത്മബോധിനി’ എന്നീ മാസികകളിൽ ഞാൻ പ്രസിദ്ധീകരിച്ചിട്ടുള്ളതു്, പ്രസ്തുത മാസികകളുടെ മാന്യ വായനക്കാർ കണ്ടിരിപ്പാൻ ഇടയുണ്ടു്.

വായനക്കാർക്കു് ചിന്തിപ്പാൻ വക ഉണ്ടാകേണ്ടതിനു് ‘‘തത്വചിന്തകം’’ ഓരോന്നും എത്രയും പരിമിതമായ വാക്കുകളിൽ മാത്രമേ രേഖപ്പെടുത്തീട്ടുള്ളു എന്നു് കാണ്മാൻ സാധിക്കും. ഇതിൽ വിട്ടുപോയിട്ടുള്ള ആശയങ്ങളെ കൂട്ടിച്ചേർത്തു് മാന്യ വായനക്കാർ ചിന്തിക്കുമെന്നു് വിശ്വസിക്കുന്നു.

എന്റെ ഇതരകൃതികളോടു് ബഹുജനങ്ങൾ കാണിച്ചിട്ടുള്ള സ്വീകരണമാണു് ഇത്തരമൊരു ഗ്രന്ഥരചനയ്ക്കു് എന്നെ ധൈര്യപ്പെടുത്തിയതു്. ചിന്തകന്മാരായ വായനക്കാരുടെ മണ്ഡലത്തിൽ ഈ ചെറുഗ്രന്ഥത്തിനും ഒരു സ്ഥാനം കല്പിക്കുമെന്നുള്ള ചിന്തയോടെ ഇതാ ‘‘തത്വചിന്തകം’’ പുറത്തുവരുന്നു.

എന്നു്,
ഗ്രന്ഥകർത്താ

# വിഷയവിവരം.


1 ഇരുലോകജീവി
2 പോരാട്ടത്താൽ വിജയം
3 നാളെ,നാളെ, നീളെ,നീളെ
4 പെരുവഴികൾ
5 ജോലിയുടെ മാന്യത
6 പ്രവൎത്തിയും, അനുഭവവും
7 ഉന്നതനായ ദൈവം
8 ലോകഭാഷ
9 അപൂൎണ്ണത
10 വെളിച്ചം
11 ഉയൎത്തിക്കെട്ടിയ പലക
12 കാണുന്നതും, കാണാത്തതും
13 സൌന്ദൎയ്യം
14 പൂൎവ്വസ്മരണകൾ
15 ഒരുക്കം (തയ്യാർ)
16 ശ്രുതിക്കുഴൽ
17 നിസ്വാൎത്ഥസേവനം
18 ഡ്രൈവർ
19 കണ്ണുള്ളവർ
20 വാൎദ്ധക്യം
21 സംയമനം
22 ജോലികൾ
23 കാത്തിരിപ്പ്
24 സാധാരണ ദിവസങ്ങൾ
25 കൊട്ടപ്പിൻ തരപ്പെട്ടം
26 ഗ്രന്ഥപാരായണം
27 പുരോഗമനം
28 സ്വയനിൎണ്ണയം
29 നിയന്ത്രണം
30 ആരുടെ കുററം?
31 സ്ഫുടമായ സംസാരം
32 ഉത്തമസ്വഭാവങ്ങൾ
33 നേരെയുള്ള നോട്ടം
34 പൊരുളും, നിഴലും
35 ചിന്തയും, നന്ദിയും
36 തിരഞ്ഞെടുപ്പ്
37 പരീക്ഷണം
38 രണ്ടു സ്വഭാവങ്ങൾ
39 സ്നേഹവും, സന്തോഷവും
40 ഏതു വലുതു്?
41 ഭവനം
42 മുട്ടിന്മേൽ
43 ജീവിതസംഗീതം
44 നന്നായി ചെയ്യു
45 ഓൎമ്മശക്തി
46 ദുഃഖവും, ഉയൎച്ചയും
47 കൃഷിയുടെ മാഹാത്മ്യം
48 നിരുൽസാഹനം
49 ദുൎസ്വഭാവങ്ങൾ
50 ഹൃദയത്തെ കരുതുക
51 പോരായ്മകൾ
52 പ്രത്യാശ
53 ദൈവദാനം
54 നിലയും, വിലയും
55 സദുപദേശം ചുരുക്കത്തിൽ
56 ഭാരച്ചുമട്ടുകൾ
57 സഹകരണം
58 മൂന്നുസ്നേഹിതന്മാർ
59 സൗഭാഗ്യം
60 കാരുണ്യഹൃദയം
61 യാഥാൎത്ഥ്യങ്ങൾ
62 ഭിന്നാഭിപ്രായങ്ങൾ
63 അലംഭാവം
64 ജീവിതയാത്ര
65 കയററവും ഇറക്കവും
66 മുമ്പോട്ടുപോക
67 കാലഭേദങ്ങൾ
68 ജീവനും, വളൎച്ചയും
69 വാഗ്ദത്തങ്ങൾ
70 നാക്കും, കയ്യും
71 ജാതിവ്യത്യാസം
72 പരീക്ഷ
73 നടപ്പ്
74 പ്രശംസ
75 വല്ലതും തരണേ

No. 11346.

# തത്വചിന്തകൾ.

KOTTAYAM PUBLIC LIBRARY, KOTTAYAM.

## 1. ഇരുലോകജീവി

മനുഷ്യൻ ഒരേ സമയത്തു് ആകാശത്തും ഭൂമിയിലും ചരിക്കുന്ന ഒരു ജീവിയത്രെ. എന്തുകൊണ്ടെന്നാൽ അവന്റെ കാലു ഭൂമിയിലും ശിരസ്സ് ആകാശത്തും സ്ഥിതിചെയ്യുന്നു. അവൻ ലോകത്തോടു ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ടു് ലൌകികകാൎയ്യങ്ങളിൽ ചിന്തിക്കേണ്ടതും പ്രവൎത്തിക്കേണ്ടതും ആശ്യമെങ്കിലും, അതേ അവസരത്തിൽതന്നെ അവന്റെ തല ഉയൎന്നിരിക്കയാൽ ഉയരത്തിലെ കാൎയ്യങ്ങൾ—ഉത്തമകാൎയ്യങ്ങൾ—ചിന്തിപ്പിനും കടക്കാരനാകുന്നു എന്ന സത്യം മറക്കാവതല്ല. അവൻ മനോഹരമായ ആകാശത്തും മലിനമായ ഭൂമിയിലും സഞ്ചരിക്കേണ്ടവനാകുന്നു. ഉയരത്തിലെ ജീവിതത്തിൽനിന്നു ലഭിക്കുന്ന ശക്തികളാണു് അവൻ ലൌകിക ജീവിതത്തിൽ വിനിയോഗിക്കേണ്ടതു്.

ഇതത്രെ സാക്ഷാൽ ജീവിതം. എന്നാൽ ഈ തത്വം മറന്നു, മനുഷ്യൻ ലോകത്തോടുമാത്രം അനുരൂപപ്പെട്ടു ജീവിച്ചുപോകുന്നു.

ഇതാ, ആകാശമണ്ഡലത്തിൽ മാത്രം സഞ്ചരിക്കുന്ന ഒരു മനുഷ്യൻ! അവന്റെ ജീവിതം മനോഹരങ്ങളായ കിനാവുകൾകൊണ്ടും ചിന്താപരമ്പരകൾകൊണ്ടും നിറഞ്ഞിരിക്കുന്നു. അവൻ തന്റെ തലയ്ക്കുമീതെയുള്ള ആദൎശങ്ങളെ മാത്രം കാണുകയും ഗൌനിക്കയും ചെയ്യുന്നതുകൊണ്ടു,

തൻെറ കാല്ക്കീഴെ കിടക്കുന്നവരെ കാണ്മാൻ കഴിയാത്ത വനും, മനസ്സില്ലാത്തവനുമായിത്തീരുന്നു. മാത്രമല്ല, അവൻ മേലേട്ടു മാത്രം നോക്കി നടക്കുന്നതുകൊണ്ടു താഴെയുള്ള പ്രതിബന്ധങ്ങളിന്മേൽ മുട്ടി വീണുപോകുന്നു. സത്യത്തിനു പുറകെ സത്യം; ആദർശങ്ങൾക്കു പുറകെ ആദർശം— ഇവയിൽ അവൻ സന്തോഷിക്കയും ചിന്തിക്കയും ചെയ്യുന്നു. എന്നാൽ അവ പ്രവൎത്തനങ്ങളായി രൂപാന്തരപ്പെടാത്തതുകൊണ്ടു്, ഒടുവിൽ അവനു് അതു് അൎത്ഥശൂന്യവും വെറുമയുമായിത്തോന്നുന്നു.

ഇതാ, മറെറാരു മനുഷ്യൻ! അവൻ തികച്ചും ലോകമയൻ. അവൻെറ ജീവിതം പ്രവൎത്തനവും പോരാട്ടവും മാത്രമായിക്കഴിയുന്നു. അവനു മേലോട്ടു നോക്കുവാൻ കഴിയാതവണ്ണം പിടലി കൊഴുത്ത പന്നിക്കു തുല്യൻ. അവൻ ലോകവിഭവങ്ങളിൽ മാത്രം ചരിക്കയും ഇരിക്കയും ചെയ്യുന്നു. ഒടുവിൽ അവൻ തൻെറ പ്രവൎത്തനങ്ങളിൽ ക്ഷീണിതനും വിഭവങ്ങളിൽ അസന്തുഷ്ടനുമായിത്തീരുന്നു.

ഈ രണ്ടു മനുഷ്യരും ജീവിതത്തിൻെറ ഓരോ വശം മാത്രം കണ്ടവരത്രെ. ആദർശവാദിയും, ഭൌതികവാദിയും ഒരുപോലെ അപഥസഞ്ചാരം ചെയ്യുന്നു. ഒരേ സമയം രണ്ടു ലോകങ്ങളുടെയും അവകാശിയായി ബുദ്ധിപൂൎവ്വം ജീവിക്കുന്നവനത്രെ സാക്ഷാൽ മനുഷ്യൻ.

## 2 പോരാട്ടത്താല് വിജയം.

മനോഹരവും ശോഭനവുമായ ഒരു ചിത്രത്തിൻെറ പശ്ചാത്തല (back ground) മായി കറുപ്പുവർണ്ണം ചിത്രകാരന്മാർ ഇഷ്ടപ്പെടുന്നു. അപ്രകാരം ദൈവവും ഓരോ മനുഷ്യനെയും താൻ ആഗ്രഹിക്കുംവിധം അവൻ ശോഭിക്കേണ്ടതിനു കഷ്ടതയാകുന്ന കറുത്തചായം പൂശുന്നു. കറുത്ത

പലകമേലല്ലാതെ വെളുത്ത ചോക്കുകൊണ്ടു് എഴുതാറില്ല ല്ലോ. "ശാന്തമായ സമുദ്രം ഒരിക്കലും ഒരു ധീരനായ കപ്പിത്താനെ സൃഷ്ടിച്ചിട്ടില്ല" എന്നു ഒരു പഴഞ്ചൊല്ലുണ്ടു്.

ഒരിക്കൽ ഒരു വനത്തിൽ എത്രയും ഭീമമായ ഒരു ഓക്കുവൃക്ഷവും അതിനു ചുവട്ടിൽ അതിൻെറ ഒരു തൈമരവും നിന്നിരുന്നു. തള്ളവൃക്ഷത്തിൻെറ തണലിൽ ആ കുഞ്ഞുവൃക്ഷം, ഉഗ്രമായ കാററിൽനിന്നും, തീഷ്ണമായ ചൂടിൽനിന്നും, പേമാരിയിൽനിന്നും രക്ഷ തേടിവന്നു. പക്ഷെ, ആ തൈമരം വേണ്ടവിധം വളർച്ചയും പുഷ്ടിയും പ്രാപിച്ചിരുന്നില്ല.

ഒരു ദിവസം മരംവെട്ടുകാർ ആ വലിയ വൃക്ഷം വെട്ടുന്ന സംഗതിയെപ്പററി സംസാരിച്ചു. അതുകേട്ടു് പാവം! ആ കൊച്ചുവൃക്ഷം വിറച്ചുപോയി. തള്ളവൃക്ഷം വെട്ടിപ്പോയാൽ താൻ എന്തുചെയ്യും? എങ്ങനെ വളരും? പ്രചണ്ഡമായ കാററിൽ എങ്ങനെ നില്ക്കും? ഉഗ്രമായ വെയിലിൽ കരിഞ്ഞുപോകയില്ലേ? ധാരമുറിയാത്ത മാരിയിൽ വിറച്ചുപോകയില്ലേ?

മരംവെട്ടുകാർ വന്നു. അവർ വലിയ മരം വെട്ടിയിട്ടു കൊണ്ടുപോകയും ചെയ്തു.

കാററു ഉഗ്രമായി വീശി. കുഞ്ഞു ഓക്കുവൃക്ഷം തലയിട്ടുതല്ലി; എങ്കിലും തൻെറ സകല കഴിവുകൊണ്ടും പിടിച്ചുനിന്നു. ഉച്ചവെയിലിൽ അതു വാടി. പക്ഷെ രാത്രി അതിൻെറ ക്ഷീണം തീൎന്നു വീണ്ടും തെളിഞ്ഞു. മഴയിലും അതു കുഴഞ്ഞില്ല. ഒരു മാസം കഴിഞ്ഞു. ഹാ! എന്തൊരു മാററം! പ്രകൃതിയുടെ ദാനമായ കാററും, മഴയും, ചൂടും, വെളിച്ചവും യഥേഷ്ടം ഏല്ക്കയാലും, വലിയ വൃക്ഷം വെട്ടിയതിനാൽ ഭൂമിയിലെ വളം ധാരാളമായി ലഭിക്കയാലും

ആ ചെറിയ ഓക്കു മരം അത്ഭുതകരമായി വളൎന്നു പുഷ്ടിയും ബലവും ഉന്മേഷവും പ്രാപിച്ചു, ആ വനത്തിൽ ഉന്മേഷത്തോടെനിന്നു.

ദൈവം ആശ്രയമാകുന്ന കൂടിനെ പൊളിച്ചു മാററുമ്പോഠം മനുഷ്യൻ സ്വയാശ്രയവും, ദൈവവിശ്വാസവും ഉള്ളവനായിത്തീരും.

## 3 നാളെ, നാളെ, നീളെ, നീളെ.

ഏതെങ്കിലും പ്രയോജനകരമായ ഒരു പ്രവൎത്തനത്തിനു് നല്ല ഒരു അവസരം കാത്തു മനുഷ്യൻ ദുഃഖിക്കുന്നു. കാത്തു കാത്തു ദിവസങ്ങഠം കടന്നുപോകയും നമ്മുടെ നല്ല ആഗ്രഹങ്ങഠം സാധിക്കാതെ പോകയും ചെയ്യുന്നു. നമ്മിൽ പലക്കും നല്ല നല്ല ആശയങ്ങളും പ്രവൎത്തനപരിപാടികളും ഉണ്ടെന്നുവരാം. പക്ഷെ പ്രവൎത്തന സന്നദ്ധതയും, പ്രതിബന്ധങ്ങളെ തരണം ചെയ്‌വാനുള്ള ധൈൎയ്യവും ഇല്ലായ്കുനിമിത്തം അവ വികസിക്കാതെ മൊട്ടിൽതന്നെ നഷ്ടപ്പെട്ടുപോകുന്നു. എന്നിട്ടും നാം സമയത്തെ കുററം പറയുന്നു, ഒന്നും പ്രവൎത്തിക്കാൻ സമയമില്ലെന്നും, ആണ്ടുകഠം എത്ര പെട്ടെന്നു കടന്നുപോയെന്നും തമ്മിൽ തമ്മിൽ പറഞ്ഞു ആശ്വസിക്കയും ചെയ്യുന്നു. എന്നാൽ നല്ല ആശയങ്ങളോ, ആഗ്രഹങ്ങളോ മനസ്സിൽ ഉദിക്കുമ്പോഠം "നിൻെറ കൈ കണ്ടെത്തുന്ന നന്മയെ ശീഘ്രത്തിൽ ചെയ്യുക" എന്നുള്ള മഹദ്‌വചനത്തെ ഓൎത്തുകൊള്ളുക.

ഒരിക്കൽ ഒരു രാജാവു അമൃതേത്തു് കഴിച്ചുകൊണ്ടിരിക്കയിൽ അടുത്തുനില്ക്കുന്ന ഒരു സേവകൻെറ അവസരോചിതവും ബുദ്ധിപൂൎവ്വവുമായ സംഭാഷണത്തിൽ സന്തുഷ്ടനായി, മേശപ്പുറത്തു ഇരുന്ന ഒരു സ്വൎണ്ണത്തളിക എച്ചിൽ കൈകൊണ്ടുതന്നെ എടുത്തു അവനു സമ്മാനമായി കൊടു

ത്തു. ഇതു കണ്ട സമീപവൎത്തിയായ മന്ത്രി എച്ചിൽ കൈ കൊണ്ടു രാജാവു അപ്രകാരം ചെയ്തതിൽ അൽഭുതം പ്രദൎശിപ്പിച്ചു. അപ്പോഠം രാജാവു പറഞ്ഞു__ "ഇടത്തെ കൈകൊണ്ടു അന്യന്ന എന്തെങ്കിലും കൊടുക്കുന്നതു യോഗ്യതയല്ല. എച്ചിൽ കൈ കഴുകി സമ്മാനം കൊടുക്കുന്നതിന്നു അല്പ സമയവും എടുക്കും. അപ്പോഴേക്കും ഒരു പക്ഷെ എൻെറ മനസ്സിൽ ഉദിച്ച ആ നല്ല ആഗ്രഹത്തിന്നു് വിഘാതം ഉണ്ടായെന്നുവരാം."

നിൻെറ വലത്തെ കൈ ചെയ്യുന്ന നന്മ ഇടത്തെ കൈ അറിയുന്നതിന്നു മുൻപേ ചെയ്തുകൊഠംക.

# 4 പെരുവഴികഠം.

പബ്ലിക്കു നിരത്തുകളേക്കാഠം അധികവും കാൽപാതകളാണു് നമ്മുടെ നാടുകളിൽ നാം കണ്ടുവരുന്നതു് എന്നു പറയാം. ഒററയടിപ്പാതകഠം, പെരുവഴികഠം എന്നുംകൂടെ അവയ്ക്കു പേരുണ്ടു്. ഗ്രാമപ്രദേശങ്ങളിൽ അധിക പക്ഷം പെരുവഴികളത്രെ ഉള്ളതു്. കുന്നിൻപുറങ്ങളിലും കാടുകളിലും ആററു തീരങ്ങളിലും തീവണ്ടിപ്പാതകളുടെ അരികിലും, വയലുകളിലും, രാജപാതകളുടെ ഇരുവശങ്ങളിലും കാൽപെരുമാററത്താൽ തെളിഞ്ഞു നിവന്ന പെരുവഴികഠം നാം കാണുന്നു. ഇപ്രകാരമുള്ള ഒരു പെരുവഴിവക്കിൽനിന്നുകൊണ്ടു് അല്പം ചിന്തിക്കുന്നവന്നു രസകരമായ പല സത്യങ്ങളും ഗ്രഹിക്കാൻ സാധിക്കും.

ആരാണു് ഈ പെരുവഴികഠം നിൎമ്മിച്ചതു്? ആവശ്യക്കാർ എന്നു് മാത്രമേ അതിന്നു ഉത്തരമുള്ളു. സമൂഹത്തിൻെറ ആവശ്യത്തേക്കാഠം ഒരു വ്യക്തിയുടെ ആവശ്യം അടിയന്തിരവും പ്രാധാന്യമേറിയതുമാകുന്നു. അഥവാ, സമൂ

ഹങ്ങാം സാധിച്ചതിനെക്കാറം അധികം കാൎയ്യങ്ങാം ഉത്സാഹികളായ വ്യക്തികളുടെ പോരാട്ടത്താൽ സാധിച്ചിട്ടുണ്ട് എന്നു കാണാം.

രണ്ടാമതായി ഒററയടിപ്പാതകാം പലപ്പോഴും വളഞ്ഞിരിക്കുന്നതു കാണുന്നു. അതു എന്തുകൊണ്ടായിരിക്കാം? മറെറാന്നുമല്ല, ചില്ലറ പ്രതിബന്ധങ്ങളാൽ ഉണ്ടായ വ്യതിയാനമത്രെ അധികവും. വഴിമദ്ധ്യേ കിടന്ന ഒരു കല്ലോ, മററ ചില വൃത്തികേടുകളോ മാററിക്കളഞ്ഞു നേരേ പോകുവാൻ വിമുഖരായവർ വഴി മാറിവച്ചതുകൊണ്ടുണ്ടായ വളവുകളായിരിക്കാം അവ അധികവും. സാധാരണ മനുഷ്യൻ പ്രതിബന്ധങ്ങളെ അഭിമുഖീകരിച്ചു പോരാടി ജയിപ്പാൻ മുതിരുന്നില്ല. അതുകൊണ്ടു പല സംഗതികളും 'വളഞ്ഞു' പോകുന്നു. ക്രമേണ തെററായ കാൎയ്യങ്ങാം ജനങ്ങളുടെ 'വിശ്വാസപ്രമാണ'ങ്ങളായിത്തീരുന്നു. അതുപോലെതന്നെ രാഷ്ട്രങ്ങളിലും പിഴച്ച പദ്ധതികാം വ്യവസ്ഥാപിതങ്ങളായി വന്നുകൂടുന്നുണ്ട്.

എന്നാൽ ഈ പ്രതിബന്ധങ്ങാം സ്വയമേവ മാറിപ്പോയാലും വളഞ്ഞ വഴി നേരേയാക്കാൻ ആരും തുനിയാത്തതു എന്ത്? മനുഷ്യന്റെ ഉദാസീനതയും സുഖലോലുപതയുമത്രെ അതിനു കാരണം. കാൽപെരുമാററത്താൽ തെളിഞ്ഞു മിനുസമായ ആ വഴി കൈവെടിയാൻ ആരും സന്നദ്ധരാകുന്നില്ല. ചിരപരിചയത്താൽ ഉളവാകുന്ന ഒരു സംതൃപ്തിയുണ്ട്. അതിനെ വകവെക്കാതെ കാൎയ്യങ്ങളെ ശരിപ്പെടുത്തുന്നവനാണ് ധീരൻ.

ഒരു പെരുവഴിക്കുവേണ്ടി ആദ്യം കാൽവെച്ചവൻ പ്രശംസാൎഹനാണ് നിശ്ചയം. അവന്റെ കാലുകാം അസഹ്യമായ വേദനയും ഇടൎച്ചയും അനുഭവിച്ചിരിക്കാൻ വകയുണ്ട്. എങ്കിലും അങ്ങിനെ ആദ്യം കാൽവെക്കുന്നവൻ വളരെ സൂക്ഷിച്ചും ശരിയായും കാൽവെക്കേണ്ടതും ആവശ്യമത്രെ.

ജതാ, എത്രയും വീതി കുറഞ്ഞതെങ്കിലും അണുവും വ്യതിചലിക്കാത്ത ഒരു കാല്പാത. ആ പാത ക്രിസ്തുതന്നെ. "ഞാൻതന്നെ വഴിയും സത്യവും ജീവനുമാകുന്നു" എന്നു താൻ അരുളിച്ചെയ്യുന്നു.

## 5. ജോലിയുടെ മാന്യത.

മുറില്ലോ (Murillo) എന്ന ഒരു സുപ്രസിദ്ധ ചിത്രകാരൻ ഒരു കന്യാസ്ത്രീമഠത്തിൻെറ അടുക്കളയുടെ ഉൾഭാഗം ചിത്രീകരിച്ചിട്ടുണ്ട്. അതിൽ ദൈവദൂതന്മാരെയത്രെ അടുക്കളജോലിയിൽ വ്യാപൃതരായി കാണിച്ചിട്ടുള്ളതു്. അവർ അടിച്ചുവാരുന്നു, തീ കത്തിക്കുന്നു, പാത്രങ്ങൾ കഴുകുന്നു, കറിയ്ക്കരിയുന്നു. എന്നാൽ സ്വർഗ്ഗീയമായ ഒരു രീതിയിലാണു് അവർ അതു ചെയ്യുന്നതു്. അവർ കഴുകുന്ന പാത്രങ്ങൾ കേവലം പാത്രങ്ങളല്ല, ഏതോ വിശുദ്ധ വസ്തുക്കളെന്നേ കാണികൾക്കു തോന്നുകയുള്ളു. ആ ചിത്രം അല്പനേരം സൂക്ഷിച്ചു നോക്കിനില്ക്കുന്നവനു്, അടുക്കളജോലിയാണു് ഏററവും ശ്രേഷ്ഠവും ദൈവത്തിന്നു പ്രസാദവുമായ കൃത്യം എന്നു തോന്നിപ്പോകും.

നമ്മുടെ ഏററം നിസ്സാരമായ കൃത്യവും ദൈവികമായും, ദൈവത്തിന്നുവേണ്ടിയും നമുക്കു നിർവഹിക്കാം. ഒരു സന്യാസിമഠത്തിൽ അടുക്കളജോലി ചെയ്തിരുന്ന വിശുദ്ധനായ ലോറൻസ് എന്ന പുണ്യവാൻ ഇപ്രകാരം പറഞ്ഞു: "ഞാൻ അടുക്കളയിൽ ജോലി ചെയ്യുമ്പോൾ പട്ടക്കാർ ദൈവാലയത്തിൽ വിശുദ്ധ സാക്രമന്തു് അണയ്ക്കുന്നതുപോലെ അതു ചെയ്യുന്നു" ഹാ! എത്ര വിലയേറിയ അനുഭവ സാക്ഷ്യം!

# 6 പ്രവൃത്തിയും അനുഭവവും.

തട്ടാൻ, ആശാരി, കൊല്ലൻ, തയ്യല്ക്കാരൻ എന്നിങ്ങനെയുള്ള വിവിധജോലിക്കാർ, അന്യന്മാൎക്കായി വിലയേറിയതും മനോഹരവുമായ അനവധി വസ്തുക്കളെ ദിനംപ്രതി എന്നവണ്ണം നിൎമ്മിക്കുന്നവർ ആണല്ലോ. എങ്കിലും അവർ ആരും അതിൻെറ അനുഭവക്കാരാകുന്നില്ല എന്നുള്ളതു വിചിത്രവും അല്പം ദയനീയവുമായ ഒരു വസ്തുതയത്രെ.

"മെലാറക്കു പൂമ്പട്ടുകിടക്ക തുന്നി-
ക്കൂട്ടുന്നതിന്നാരുടെ കൈ കഴച്ചു
ഏതോ മരത്തിൻപൊളിയാണവന്നു
കിടച്ചതാ ഹന്ത! കിടന്നു ചാകാൻ!!"

എന്നുള്ള മഹാകവി വള്ളത്തോളിൻെറ പദ്യശകലം ഈ തത്വത്തെ തെളിയിക്കുന്നു.

മനുഷ്യൻെറ എല്ലാ ജീവിതരംഗങ്ങളിലും ഈ "ദയനീയത" പ്രത്യക്ഷമാകുന്നുണ്ടു്. അഭിഭാഷകന്മാരും ന്യായാധിപന്മാരും അന്യൎക്കുവേണ്ടി നീതിയും ന്യായവും പിടിച്ചു വാദിക്കുന്നവരാണെങ്കിലും അവർ നീതിബോധം ഉള്ളവർ ആയിരിക്കണം എന്നില്ല. വിദഗ്ദ്ധന്മാരായ ഡോക്ടർമാർ മററുള്ളവൎക്കു് ആരോഗ്യമുറകൾ ഉപദേശിക്കയും, രോഗം മാററുകയും ചെയ്യുന്നവരെങ്കിലും അവർ ആരോഗ്യവിധികളെ ദീക്ഷിക്കുന്നവരൊ സുഖശരീരികളൊ ആയിരിക്കണം എന്നു നിൎബന്ധമില്ല. അതുപോലെതന്നെ അക്രമത്തെ അമൎച്ചചെയ്തു രാജ്യത്തിൽ സമാധാനം പാലിക്കാൻ ചുമതലപ്പെട്ടതാണു പോലീസ് വകുപ്പ്. പക്ഷെ അതിലെ ഉദ്യോഗസ്ഥന്മാർതന്നെയും അക്രമം ചെയ്യുന്നവർ ആയെന്നു വരാം.

ഇങ്ങനെയൊക്കെ ആണെങ്കിൽ ആദ്ധ്യാത്മിക സ്ഥാനങ്ങളിൽ ഇരിക്കുന്നവരും അക്കാൎയ്യങ്ങളിൽ ഇടപെടുന്നവരും

എത്രമാത്രം സൂക്ഷിക്കാൻ കടപ്പെട്ടവർ ആകുന്നു. മററുള്ളവൎക്ക ജീവന്റെ മാൎഗ്ഗം കാണിച്ചുകൊടുക്കയും തങ്ങൾതന്നെ നാശത്തിന്റെ പാതയിൽ നില്ക്കുകയും ചെയ്യുന്നുവെങ്കിൽ അതു് എത്ര ആപല്ക്കരം ആയിരിക്കും! മററുള്ളവരെ ഉപദേശിക്കുന്നവർ തങ്ങളോടുതന്നെയുള്ള ഉപദേശത്തിൽ ദരിദ്രരായിത്തീൎന്നുപോകാം.

അതുകൊണ്ടു സെന്റ് പോൾ പറയുന്നതുപോലെ, "മററുള്ളവരോടു പ്രസംഗിച്ചിട്ടു ഞാൻതന്നെ കൊള്ളരുതാത്തവനായിപോകാതിരിപ്പാൻ, എന്റെ ശരീരത്തെ ദണ്ഡിപ്പിച്ചു അടിമയാക്കുകയത്രെ ചെയ്യുന്നതു്" എന്ന അനുഭവം നമുക്കും ഉണ്ടായിരിക്കട്ടെ.

## 7 ഉന്നതനായ ദൈവം.

ദൈവം സൎവ്വവ്യാപിയെങ്കിലും, സ്വൎഗ്ഗത്തിൽ—ഉയരത്തിൽ—വസിക്കുന്നനായിട്ടത്രെ മിക്ക മതങ്ങളും സങ്കല്പിച്ചിരിക്കുന്നതു്. അതിനു ന്യായമായ കാരണങ്ങൾ ഉണ്ടതാനും. താഴെ—ഭൂമിയിൽ—നാം അനേക പ്രതിബന്ധങ്ങളും, വേർപാടിന്റെ കോട്ടകൾ, മതിലുകൾ, വേലികൾ മുതലായവയും കാണുന്നു. അങ്ങനെ രാജ്യങ്ങളും, കുടുംബങ്ങളും, വ്യക്തികളും അകററപ്പെട്ടും മറെക്കപ്പെട്ടും ഇരിക്കുന്നു. എന്നാൽ ഉയൎത്തപ്പെട്ടാൽ ഈവക വേർപാടുകൾക്കു് അതീതരായി നാം ഭവിക്കുന്നു. വിമാനങ്ങളിൽ ഉയൎന്നു പറക്കുന്നവൎക്ക ഭൂമി എല്ലാം നിരപ്പായിരിക്കയില്ലയോ? ഉന്നതനായ ദൈവത്തിനു ഉയർച്ചതാഴ്ചകളും, വേർതിരിവുകളും ഇല്ല. തന്റെ കണ്ണുകൾക്കു് എല്ലാം ഒരുപോലെതന്നെ.

മാത്രമല്ല ദൈവത്തിന്റേതായ പ്രകൃതിദാനങ്ങൾ എല്ലാം ഉയരത്തിൽനിന്നല്ലയോ മനുഷ്യനു ലഭിക്കുന്നതു്. ലോകത്തിന്നു പ്രകാശമായ സൂൎയ്യചന്ദ്രനക്ഷത്രാദികൾ എല്ലാം ഉ

യരത്തിൽ സ്ഥിതിചെയ്യുന്നു. അല്ലെങ്കിൽ അവ ഭൂമിക്ക് ഒരു പോലെ വെളിച്ചം തരികയില്ല. മഴയും ആകാശത്തുനിന്നു പൊഴിയുന്നുവല്ലോ. "എല്ലാ നല്ല ദാനവും തികഞ്ഞ വരമൊക്കയും ഉയരത്തിൽനിന്നു........വരുന്നു" ഈ ദാനങ്ങൾക്കു യാതൊരു മുഖപക്ഷവും ഇല്ലതാനും.

അതുകൊണ്ടു ഉന്നതമായ ആദർശത്തോടുകൂടിയവൻ ഏവനോ അവൻ സ്വാർത്ഥവും ഏസ്വവും ആയ ചിന്ത വെടിഞ്ഞു പരാർത്ഥവും വിശാലവും ആയ വീക്ഷണത്തോടുകൂടിയവൻ ആയിരിക്കണമെന്നു "ഉന്നതനായ" ദൈവം പറയുന്നു.

# 8 ലോകഭാഷ.

വിഭിന്നങ്ങളായ ഭാഷകൾ സംസാരിക്കുന്നവരും, സ്വന്ത ഭാഷ ഒഴികെ ഇതര ഭാഷകൾ ഒന്നും അറിയാത്തവരുമായ ഏതാനുംപേർ ഒന്നിച്ചുകൂടുന്നു എന്നിരിക്കട്ടെ. അവർ മൂകന്മാരായി മുഖാമുഖം നോക്കിയിരിക്കയല്ലാതെ തമ്മിൽ തമ്മിൽ ആശയവിനിമയം ചെയ്വാൻ എങ്ങനെ സാധിക്കും? അഥവാ അങ്ങനെയുള്ള ഒരു കൂട്ടത്തിനു "ഊമാലയം" എന്ന പേരത്രെ യോജിച്ചതു്.

അതിൽനിന്നു മനുഷ്യനെ തമ്മിൽ തമ്മിൽ സംഘടിപ്പിക്കുന്ന പൊതുഭാഷകളും, മതങ്ങളും, ആശയങ്ങളും, നിയമങ്ങളും ഉണ്ടായിരികണമെന്നും, അതുകൾ ഓരോ വ്യക്തിക്കും വശമായിരിക്കണമെന്നും സ്പഷ്ടമാകുന്നുണ്ടു്.

പക്ഷെ, നാം കേവലം ശിശുക്കളായി മാതൃമടിയിൽ സംസാരിപ്പാനോ, പ്രവർത്തിപ്പാനോ കഴിയാതിരുന്നപ്പോഴും നമ്മുടെ ആവശ്യങ്ങൾ തിരസ്കരിക്കപ്പെടുകയൊ, അവഗണിക്കപ്പെടുകയോ ചെയ്തിരുന്നില്ല എന്നുള്ളതു് ആശ്ചര്യകരമല്ലേ? അതു് എങ്ങനെ സാധ്യമായി. അതോ, സ്നേഹത്തിന്നു് ഒരു ഭാഷയുണ്ടു്. അതു മൂകമെങ്കിലും വിജ്ഞേയ

മാണ്. മാതൃഹൃദയത്തിന്നു ആ ഭാഷ നന്നായറിയാം. സ്നേഹം ആചരിപ്പിൻ. അതു മാനവസമുദായത്തിന്റെ ഭാഷ ആകുന്നു. എന്തുകൊണ്ടെന്നാൽ "ദൈവം സ്നേഹം തന്നെ" ആകുന്നു.

## 9 അപൂൎണ്ണത.

എത്രതന്നെ നല്ല വസ്തുക്കൾ ആയിരുന്നാലും അതിലൊക്കയും പരിത്യക്തങ്ങളോ, ഉപയോഗശൂന്യങ്ങളോ ആയ ചിലതുണ്ടായിരിക്കും. നമ്മുടെ ആഹാരം പാകംചെയ്യുന്നതിന്നു മത്സ്യം, മാംസം, പച്ചക്കറിസാധനങ്ങൾ മുതലായതു് ഒരുക്കുമ്പോൾ, എന്തെല്ലാം അംശങ്ങൾ കളയേണ്ടതായുണ്ടു്. അതു നാം ആഹരിക്കുമ്പോൾ പിന്നെയും ചവച്ചു തുപ്പിക്കളയേണ്ടവ ഇല്ലയോ? നാം ഏതെങ്കിലും പഴവൎഗ്ഗങ്ങൾ തിന്നുന്നു എന്നിരിക്കട്ടെ. അതിൽനിന്നു കുരുവും തൊലിയും ഒക്കെ കളയുന്നില്ലേ? വെള്ളി, പൊന്നു് മുതലായ വിലപ്പെട്ട സാധനങ്ങളിൽനിന്നും അഗ്നിയിൽ ഉരുക്കി മാലിന്യങ്ങൾ നീക്കുന്നില്ലയോ?

മനുഷ്യശരീരം, അതു് എത്ര മനോഹരം! എങ്കിലും ദിവസംപ്രതി അതിൽനിന്നു പുറത്തുപോകേണ്ട അഴുക്കുകൾ എത്രമാത്രം! ഇപ്രകാരം ചിന്തിച്ചാൽ ഒന്നും അതിൽതന്നെ പൂൎണ്ണതയും നന്മയും ഉള്ളതല്ലെന്നും, എല്ലാററിലും വൎജ്ജ്യങ്ങളായ ചിലതുണ്ടെന്നും സ്പഷ്ടമാകുന്നുണ്ടു്. യാതൊരുവനും തന്റെ നന്മയിൽമാത്രം പ്രശംസിപ്പാൻ ഇല്ല. അവന്റെ നന്മതന്നെയും തിന്മ കലൎന്നതത്രേ. "ഞങ്ങളുടെ നീതിപ്രവൃത്തികൾ അഴുക്കുപുരണ്ട തുണിയത്രേ" എന്നു നാം സമ്മതിക്കുക.

എന്നാൽ ദൈവം ഒരുവൻ അല്ലാതെ നല്ലവൻ ആരുമില്ല. ദൈവത്തിന്റെ നന്മയേ കണ്ടു് അതിനെ ത

ങ്ങളുടെ ജീവിതത്തിൽ ആവിഷ്ക്കരിപ്പാൻ ആഗ്രഹിക്കുന്നവർ നന്മയിൽനിന്നു നന്മയിലേക്കു വളൎന്നുകൊണ്ടിരിക്കും.

## 10 വെളിച്ചം.

വെളിപ്പെടുത്തുവാൻ കഴിവുള്ള ശക്തി ഏതോ, അതത്രേ വെളിച്ചം. വെളിച്ചം പ്രവേശിക്കുന്നില്ലെങ്കിൽ, ഉള്ള വസ്തുക്കൾതന്നേയും, ഇല്ലായ്മയിൽ ആണ്ടുപോകും. എങ്ങനെയെന്നാൽ, അന്ധകാരം നിറഞ്ഞ ഒരു മുറിയിൽ ഇരിക്കുന്നവരേയും, അതിലുള്ള ഉപകരണങ്ങളേയും നാം കാണുന്നില്ല. എന്നാൽ വെളിച്ചം കൊണ്ടുവരപ്പെട്ടാൽ സകലവും ദൃശ്യമായി വരുന്നു. വെളിച്ചം വസ്തുക്കളിൽ തട്ടുന്നില്ലെങ്കിൽ നമ്മുടെ കണ്ണുകൾക്കു കാണ്മാൻ ശക്തി ഇല്ല എന്നു അതിനാൽ തെളിയുന്നു. വെളിച്ചം ഇല്ലെങ്കിൽ കണ്ണുള്ളവനും പൊട്ടക്കണ്ണനും ഒരുപോലെ.

"ദൈവം വെളിച്ചമാകുന്നു"എന്ന നിർവ്വചനം എത്ര സാരസമ്പൂൎണ്ണമല്ല! ദൈവം വെളിപ്പെടുത്തി കൊടുത്തതു് അല്ലാതെ മനുഷ്യൻ സ്വതേ ഒന്നും ഗ്രഹിപ്പാൻ കഴിഞ്ഞിട്ടില്ല, കഴിയുകയും ഇല്ല. ശാസ്ത്രീയമായ സകല കണ്ടുപിടുത്തങ്ങളും, ആദർശപരവും, ആദ്ധ്യാത്മീകവുമായ സർവ്വ സത്യങ്ങളും ദൈവവെളിപ്പാടുകളത്രേ അതുകൾതന്നേയും, ഒരിക്കലായിട്ടോ, സകലൎക്കുമായിട്ടോ, ദൈവം വെളിപ്പെടുത്തുന്നില്ല. അങ്ങനെയായിരുന്നെങ്കിൽ ലോകാരംഭത്തിൽതന്നെ, സകല കണ്ടുപിടുത്തങ്ങളും, സകല മനുഷ്യരും സാധിക്കേണ്ടിയിരുന്നു. എന്നാൽ ദൈവം "ഭാഗംഭാഗമായിട്ടും, വിവിധമായിട്ടും" അത്രേ മനുഷ്യൎക്കു വെളിപ്പാടുകളെ കൊടുക്കുന്നതു്. അതുകൊണ്ടു ദൈവിക പ്രകാശത്തിനാത്രേ നാം പ്രാൎത്ഥിക്കയും, കാത്തിരിക്കയും ചെയ്യേണ്ടതു്. എന്തുകൊണ്ടെന്നാൽ "വെളിപ്പാടുകൾ (vieion) ഇല്ലാത്തിടത്തു ജനം മൎയ്യാദവിട്ടു നടക്കുന്നു".

## 11 ഉയർത്തിക്കെട്ടിയ പലക.

ഒരടിമാത്രം വീതിയുള്ള ഒരു പലക നിലത്തു ഇടുക. ഒരു നൂറായിരംപേർ യാതൊരു സങ്കോചം കൂടാതെയും, വേച്ചുപോകാതെയും അതിന്മേൽകൂടെ നടക്കും. അതേ പലക ഒരു ഇരുപതടി ഉയർത്തിക്കെട്ടുക. ആയിരത്തിൽ ഒരു ആൾപോലും അതിന്മേൽകൂടെ നടക്കയില്ല. ഒരു നൂറടി ഉയരത്തിൽ ആ പലക കെട്ടുക. പതിനായിരത്തിൽ ഒരുവൻ അതിന്മേൽകൂടെ നടക്കാൻ മുതിരുകയില്ല. കാരണം എന്തു്? പലകയ്ക്കുണ്ടായ വ്യത്യാസമോ, ദോഷമോ അല്ല. മനുഷ്യന്റെ മനസ്സിനത്രേ വ്യത്യാസമുണ്ടായതു്. എത്ര ഭീമമായ പ്രവർത്തനവും നിസ്സാരമായി കരുതാം, എത്ര നിസ്സാരമായ സംഗതിയും അസാദ്ധ്യം എന്നു ചിന്തിക്കാം, അവ പ്രവർത്തിക്കുന്നവന്റെ മനഃസ്ഥൈര്യത്തെ ആശ്രയിച്ചത്രേ ഇരിക്കുന്നതു്. താണുകിടക്കുന്ന പലകമേലും, ഉയർത്തിക്കെട്ടിയ പലകമേലും നടക്കുന്നതിനു ഒരേവിധത്തിലുള്ള പ്രയാസമേയുള്ളു. അതിൽ ഒന്നിനെ അസാദ്ധ്യമാക്കുന്നതു ഭീരുത്വം എന്നല്ലാതെ മറ്റൊന്നുമല്ല.

പക്ഷേ, ഉയർത്തിക്കെട്ടിയ പലകമേൽ നടക്കുന്നവൻ കരുതേണ്ട പല സംഗതികൾ ഉണ്ടു്. അവൻ അവന്റെ ശരീരത്തെയും മനസ്സിനെയും ആ പ്രവർത്തനത്തിന്നായി നിയന്ത്രിക്കേണ്ടതാകുന്നു. കീഴോട്ടുനോക്കി തലകറങ്ങി വീഴാതിരിപ്പാൻ, നേരേമാത്രം ദൃഷ്ടികൾ പതിക്കണം. താൻ നിർവ്വഹിക്കുന്ന കാര്യത്തിന്റെ ഗൗരവവും, സാധ്യതയുടെ പ്രശംസയും നല്ലതുപോലെ അവൻ ഗ്രഹിക്കണം. ചുരുക്കത്തിൽ മുകളിൽ കയറുന്നവനും, ഉയരത്തിൽ സഞ്ചരിക്കുന്നവനും, സമഭൂമിയിൽ സഞ്ചരിക്കുന്നവനേക്കാൾ സൂക്ഷിക്കേണ്ടതാകുന്നു. "ഒരു അടിതെറ്റിയാൽ മതി, എത്ര ഔന്നത്യത്തിൽനിന്നും കീഴ്പോട്ടു വീഴാൻ". ജീവിതത്തിന്റെ

ഉന്നതസ്ഥാനങ്ങളിൽ ഇരിക്കുന്നവരും, ചരിക്കുന്നവരും, ഈ സത്യം ഗ്രഹിക്കുന്നില്ലെങ്കിൽ വീണു തരിപ്പണമായിപ്പോകും. പക്ഷേ ഉയൎന്ന പലകമേൽ നടന്നു സാധിച്ചാൽ മഹാജനങ്ങളുടെ പുകഴ്ച അവനു ലഭിക്കും

നിലത്തോടു പററിക്കിടക്കുന്ന സസ്യങ്ങൾ കാററിൽ ഉലയുന്നില്ല. ഉയൎന്നു നില്ക്കുന്ന വൃക്ഷങ്ങളോ, കാററിൽ ശക്തിയായി ഉലയുകയും, ഒരുവേള ഒടിഞ്ഞുപോകയും ചെയ്തു എന്നുവരാം. പക്ഷേ തൃണത്തേക്കാൾ വൃക്ഷം വലുതും, വിലയേറിയതുമല്ലോ.

## 12 കാണുന്നതും, കാണാത്തതും.

"കാണുന്നതു താല്ക്കാലികം, കാണാത്തതോ, നിത്യം". കാണുന്നതു ബാഹ്യം, കാണാത്തതു് ആന്തരികം. മനുഷ്യനെ അവന്റെ രൂപത്താലും അവയവങ്ങളാലും നാം കാണുന്നു. എന്നാൽ സാക്ഷാൽ മനുഷ്യനെ ആർ കാണുന്നു? ഒരുവന്റെ ഹൃദയത്തെ ആൎക്കു ഗ്രഹിക്കാം? ആൎക്കു വിവേചിക്കാം? ജീവനുള്ളവയെ ദൃശ്യരൂപത്തിൽ നാം കാണുന്നു എന്നല്ലാതെ, അവയുടെ ജീവനേയും, അവയിൽ അടങ്ങിയിരിക്കുന്ന ശക്തി, കഴിവു്, ജ്ഞാനം എന്നിവയേയും ഗ്രഹിക്കുന്നവൻ ആർ?

കാണുന്ന കാൎയ്യങ്ങളേക്കാൾ യഥാൎത്ഥവും, പ്രാധാന്യവുമുള്ളതത്രേ കാണാത്ത കാൎയ്യങ്ങൾ. ഒരു വൃക്ഷത്തിന്റെ തടി, കൊമ്പു്, ഇല, കായ് മുതലായതു നാം കാണുന്നു. എന്നാൽ അതിനെ സ്ഥിരപ്പെടുത്തി നിൎത്തുന്നതും, അതിന്റെ വളൎച്ചയ്ക്കു അത്യന്താപേക്ഷിതമായ ആഹാരത്തെ സമ്പാദിച്ചുകൊടുക്കുന്നതുമായി, മണ്ണിൽ മറഞ്ഞിരിയ്ക്കുന്ന വേരുകളെ ആർ കാണുന്നു?

ബ്രഹ്മാണ്ഡമായ ഒരു ഊററൻ കെട്ടിടത്തിൻെറ മുമ്പിൽ നാം പകച്ചു നിന്നുപോകുന്നു. അതിൻെറ നിമ്മാണവൈചിത്ര്യവും മനോഹരതയും നമ്മെ ആകർഷിക്കുന്നു. പക്ഷെ, ആ കെട്ടിടത്തിൻെറ സുസ്ഥിതിയ്ക്കു മുഖാന്തിരമായി, ആഴെ കുഴിച്ചു ഇടപ്പെട്ട വലിയ അടിസ്ഥാനക്കല്ലുകളെ മനുഷ്യൻ കാണുന്നില്ലെന്നു മാത്രമല്ല, അവ വിസ്മൃതിയിൽ പെട്ടു പോകയും ചെയ്യുന്നു!

ഇനിയും, ഒരു വിശിഷ്ടഗ്രന്ഥം എടുക്കുക. അതിൻെറ കെട്ടും, മട്ടും, വലുപ്പവും, അച്ചടിയുമല്ല അതിനെ ഒരു പുസ്തകം ആക്കുന്നതു്. നേരേമറിച്ചു ഒരു ഗ്രന്ഥകാരൻെറ കാണ്മാൻ കഴിയാത്ത ഹൃദയവികാരങ്ങളും, ആശയങ്ങളുമത്രേ അതിനെ ഒരു ഗ്രന്ഥമാക്കിയതു്. ഇങ്ങനെ ചിന്തിച്ചാൽ ഈ ശാരീരിക കണ്ണുകളേക്കൊണ്ടു കാണുന്നതല്ല വാസ്തവമെന്നും, കാണ്മാൻ കഴിയാത്ത കാര്യങ്ങളത്രേ സത്യം എന്നും ഗ്രഹിക്കാം.

കാണുന്ന ഈ മനുഷ്യജീവിതത്തിനു അപ്പുറത്തായി മനുഷ്യനു സങ്കല്പിപ്പാൻ കഴിയാത്ത ഒരു ജീവിതമുണ്ടു് നിശ്ചയം. അതത്രേ 'നിത്യജീവൻ' അഥവാ 'മോക്ഷം' എന്നു നാം വിശ്വസിക്കുന്നതു്.

## 13 സൗന്ദര്യം

യഥാർത്ഥ സൗന്ദര്യം ബാഹ്യമായതല്ല, ആന്തരികമത്രെ. ഒരുവൻെറ പുറമേയുള്ള ഭംഗി, അവൻെറ ആന്തരിക സ്വഭാവത്താൽ യഥാർത്ഥീകരിക്കപ്പെടുകയും, നിലനിർത്തപ്പെടുകയും ചെയ്യേണ്ടതാണു്. അവയവങ്ങളുടെ സൗകുമാര്യം അവയുടെ പ്രവർത്തനത്തിൽകൂടി വേണം ശോഭിപ്പാൻ. എങ്ങനെ എന്നാൽ,

ആത്തസ്വരം കേട്ടോരു കാതു്, കാതു്
കാരുണ്യമാർന്നീടിന ദൃഷ്ടി, ദൃഷ്ടി
സാന്ത്വോക്തിയോതീടിന ജിഹ്വ, ജിഹ്വ
സാധുക്കളെത്താങ്ങിന, ബാഹു, ബാഹു

എന്നു് ഒരു കവി പറഞ്ഞിരിക്കുന്നതു് അത്ഥവത്താകുന്നു. പുറമേയുള്ള സൗന്ദര്യം പ്രദർശനശാലയെങ്കിൽ, ഹൃദയമത്രേ അതിൻെറ തൊഴിൽശാല ആകുന്നതു്. ഹൃദയത്തിൽ സൗന്ദര്യം ഉത്ഭവിക്കുമ്പോറം മുഖം അതിനെ പ്രദർശിപ്പിക്കുന്നു. ചില മുഖങ്ങറം കാഴ്ചയ്ക്കു വിരൂപങ്ങറം എങ്കിലും, നമ്മിൽ ഉൽകൃഷ്ടചിന്ത ഉദ്ദീപിപ്പിക്കാൻ അവ തികച്ചും പര്യാപ്തങ്ങറം ആയിരിക്കും. അപ്രകാരമുള്ള മുഖങ്ങറം ദർശിക്കുന്നതു് ജീവിതത്തിൽ ധൈര്യവും, പ്രത്യാശയും നമ്മിൽ ഉളവാക്കുന്നു. "നിൻെറ മുഖത്തിൽ നിത്യനായ ഒരു ദൈവത്തെ ഞാൻ കാണുന്നു" എന്നു ആസന്നമരണനായി കിടന്ന ബൻസൻ (Bunsen) എന്ന മഹാൻ തൻെറ ഭാര്യയുടെ മുഖത്തുനോക്കി പറഞ്ഞു. മുഖം ഹൃദയത്തിൻെറ കണ്ണാടി തന്നെ.

## 14 പൂർവ്വസ്മരണകറം

ഒരു കുഞ്ഞിൻെറ കളിക്കോപ്പുകളും, ഉടുപ്പിൻെറകീശ (pocket) യും പരിശോധിച്ചു നോക്കിയാൽ അനവധി സാധനങ്ങറംകണ്ടെടുക്കാം. വണ്ണക്കടലാസുകറം, ചോക്കുകഷണങ്ങറം, കുപ്പിച്ചില്ലുകറം, പെൻസിൽത്തുണ്ടുകറം, ബിസ്കറ്റുകറം, മിട്ടായി ഇങ്ങനെ പലതും അതിലുറംപ്പെടും. അതുകറം അവൻെറ സമ്പാദ്യവും സന്തോഷവുമത്രേ. കുട്ടിയുടെ അഭിരുചിയനുസരിച്ചു അവൻ ശേഖരിക്കുന്ന സാധനങ്ങറം വിഭിന്നങ്ങറം ആകാം. എന്നാൽ, ഭാവിയിൽ ആ കുഞ്ഞു് എന്താകും, എന്തു ആഗ്രഹിക്കും എന്നുള്ളതിൻെറ ചെറുരൂപങ്ങളത്രെ അവയെല്ലാം.

ഇതുപോലെ, ഏതൊരു മനുഷ്യനും തന്റെ സ്മരണകളുടെ സഞ്ചിയിൽ കയ്യിട്ടുനോക്കിയാൽ, നിഷ്പ്രഭങ്ങളും, നിസ്സാരങ്ങളുമായ ചില ചപ്പുചവറുകൾ കാണാം. അവ ചില വഴക്കുകൾ, നിരാശകൾ, രോഗങ്ങൾ, ലജ്ജകൾ, ഭയങ്ങൾ, വ്യതിയാനങ്ങൾ, വീഴ്ചകൾ, നഷ്ടങ്ങൾ എന്നിവകളത്രെ. എന്നാൽ അവ വച്ചു പുലർത്തേണ്ടവയോ, ജീവിതത്തെ ഭാരപ്പെടുത്തുന്നവയോ ആയി ഭവിക്കരുതു്. ബുദ്ധിമാൻ ആ വക നിഷ്പ്രയോജനങ്ങളായ സ്മരണകളിൽ ചിലതു ദൂരെ വലിച്ചെറിയുകയും ചിലതു പ്രയോജനപ്പെടുത്തുകയും ചെയ്യും. ബുദ്ധിശൂന്യമായ ഭയത്തെ ധൈര്യമായി അവൻ മാററും. വേദനാത്മകമായ അനുഭവങ്ങളെ ഔഷധങ്ങളാക്കിത്തീക്കും. അവനെ ഒരിക്കൽ കഷ്ടപ്പെടുത്തിയ രോഗങ്ങളുടെ സ്മരണയെ, അതിൽനിന്നു ലഭിച്ച വിടുതലിനെ ഓത്തു ദൈവത്തെ സ്തുതിപ്പാനുള്ള അവസരമായി എടുക്കും. തോൽവികളെ ജയത്തിനുള്ള സോപാനമായി അവൻ എണ്ണും.

നമ്മുടെ ഹൃദയം അമൂല്യവസ്തുക്കളും, വാസനദ്രവ്യങ്ങളും, സൂക്ഷിക്കുന്ന ഒരു പേടകമായി നാം കരുതേണ്ടതാകുന്നു. അതിൽ ചത്ത പുഴവും, പാററയും കിടന്നു നാറുന്നതിനു ഇടകൊടുക്കാതെ എപ്പോഴും വെടിപ്പാക്കി സൂക്ഷിക്ക. അതു തക്ക അവസരങ്ങളിൽ തുറക്കുമ്പോൾ, വിലയേറിയ നിക്ഷേപങ്ങൾ നൽകുകയും, അതിൽനിന്നു ഉൽഗമിക്കുന്ന സുഗന്ധം പരിസരങ്ങളെ പരിമളമാക്കുകയും ചെയ്യട്ടെ.

## 15 ഒരുക്കം (തയ്യാർ)

ഏതു കായ്യത്തിനും മുമ്പുകൂട്ടിയുള്ള ഒരുക്കം (തയ്യാർ എടുക്കൽ) അത്യന്താപേക്ഷിതമാകുന്നു. യുദ്ധം പടിവാതുക്കൽ എത്തുമ്പോൾ സൈന്യത്തിലേക്കു പുതുതായി ആള

കളെ ശേഖരിക്കുന്നതിൽ എന്തു പ്രയോജനം? പ്രത്യുത പരിശീലനവും സന്നദ്ധതയും ഉള്ള ഒരു സൈന്യവിഭാഗത്താലത്രേ ജയം നേടുന്നതു്. ഏതെങ്കിലും ഒരു സംഭവം അഭിമുഖീകരിക്കുമ്പോൾ, നമ്മുടെ ഒരുക്കത്തിനും പരിശീലനത്തിനും അതു കാത്തുനില്ക്കുന്നില്ല. തക്ക ഒരുക്കങ്ങൾ ഇല്ലാത്തതുകൊണ്ടു് അനേകരുടേയും സ്ഥാനങ്ങളും ലാഭങ്ങളും, നഷ്ടപ്പെടുന്നു. ഓരോ ഉദ്യോഗങ്ങൾക്കായി ആളുകളെ "ആവശ്യമുണ്ടു്" എന്നു പത്രങ്ങളിൽ പരസ്യങ്ങൾ കാണുമ്പോൾ, അതാതു ജോലികളിൽ പരിശീലനവും തയ്യാറും സിദ്ധിച്ചിട്ടുള്ളവക്കല്ലേ അതുകൾ ലഭിക്കുന്നതു്? അതുകൊണ്ടു പ്രയോജനകരമായ ഓരോസംഗതികൾക്കും നാം മുൻകൂട്ടി തയ്യാർ എടുക്കുന്നവരായിരിക്കുക.

ദിവസത്തിൽ ഒരു മണിക്കൂർ എങ്കിലും, അല്പമായി ശാസ്ത്രീയാന്വേഷണം കഴിക്കുന്ന ഒരുവൻ ക്രമേണ ഒരു ശാസ്ത്രജ്ഞനായിത്തീരും. ക്രമമായി ദിവസംതോറും ഒരു മണിക്കൂർ പുസ്തകപാരായണത്തിൽ ചെലവഴിക്കുന്നവൻ, ഒരു ഗ്രന്ഥകാരനായെന്നു വരാം. അങ്ങനെയെങ്കിൽ ഓരോ ദിവസവും നാലോ, അഞ്ചോ മണിക്കൂറുകൾവീതം ചില പ്രത്യേക കാര്യങ്ങളിൽ വ്യാപൃതരായിരിക്കുന്നവർ ലോകത്തിൽ എത്ര മഹത്തായ കാര്യങ്ങൾ സാധിക്കയില്ല?

ഒരു മഹാൻ പറഞ്ഞു "ഭാഗ്യം സകലമനുഷ്യൻെറയും വാതില്ക്കൽ മുട്ടുന്നു. എന്നാൽ ഭാഗ്യം ഒരു കോടാലിയുമേന്തി, പുരയ്ക്കുപുറം നടന്നു, കതകു വെട്ടിപ്പൊളിച്ചു, തൻെറ നിക്ഷേപങ്ങളെ അകത്തോട്ടു കടത്തുവാൻ ബദ്ധപ്പെടുന്നില്ല. അതുകൊണ്ടു്, തുറക്കാൻ മനസ്സില്ലാത്ത വാതിലുകളെ മറികടന്നു 'അവളെ ആഗ്രഹിച്ചു വാതിൽ തുറന്നുകൊടുക്കുന്നവക്കു തൻെറ നിക്ഷേപങ്ങളെ കൊടുത്താൽ, ഭാഗ്യദേവിയോടു് ആരും പരിഭവിച്ചിട്ടു് ആവശ്യമില്ല."

# 16 ശ്രുതിക്കുഴൽ.

ഒരിക്കൽ എത്രയും ഗംഭീരമായ ഒരു സംഗീതസദസ്സ് നടന്നുകൊണ്ടിരുന്നു. നവീനങ്ങളും വിവിധങ്ങളുമായ സംഗീതസാമഗ്രികളെ സമത്ഥമായി കൈകാര്യം ചെയ്യുന്ന സംഗീതപട്ടുക്കളുടെ പാടവം ആ സദസ്സിന്നെ ആനന്ദനിമഗ്നമാക്കിത്തീത്തു. അങ്ങനെ ആ രംഗം അതിൻെറ അത്യുച്ചകോടിയിൽ എത്തിയിരിക്കുമ്പോഠം, പാട്ടുകാരുടെകൂട്ടത്തിൽ ശ്രുതിക്കുഴൽ മീട്ടിക്കൊണ്ടിരുന്ന ഒരുവൻ ഇപ്രകാരം ചിന്തിച്ചു. "ഈ സംഗീതസദസ്സിൽ ഞാൻ കേവലം ഒരു അഗണ്യവ്യക്തിയാണു്. മററുള്ളവർ തങ്ങളുടെ സംഗീതോപകരണങ്ങഠം പ്രയോഗിക്കുന്നതു കാണികളുടെ പ്രശംസയ്ക്കുപാത്രമാകുന്നുണ്ടു്. ഞാൻ ഈ ശ്രുതിക്കുഴൽമീട്ടിക്കൊണ്ടിരിക്കുന്നതു ആരുടേയും ശ്രദ്ധയിൽപെടുന്നില്ല". ഇങ്ങനെ ചിന്തിച്ചു അവൻ ശ്രുതിക്കുഴൽ താഴവെച്ചു അലസനായിരുന്നു. പെട്ടന്നു് ആ സംഗീതവേദിയിൽ ഒരു സ്തംഭനം ഉളവായി. പാട്ടുകാരുടെ നായകൻ പരിഭ്രമിച്ചു. അയാഠം ചുററുപാടും ഒന്നു കണ്ണോടിച്ചു. ഉടനെ കാര്യം ഗ്രഹിച്ച അദ്ദേഹം അലസനായി ഇരിക്കുന്ന ശ്രുതിക്കാരൻെറ സമീപം ചെന്നു "അല്ലയോ സ്നേഹിതാ! നിങ്ങഠം എന്താണു് ഈ ചെയ്തതു്? നിങ്ങഠം ശ്രുതി മീട്ടുന്നതിനെ ആശ്രയിച്ചാണല്ലോ ഈ സംഗീതസദസ്സ് മുമ്പോട്ടുപോകുന്നതു്. നിങ്ങഠം ശ്രുതിമീട്ടാതിരുന്നാൽ ഈ രംഗം വഷളായിപ്പോകയും നാം ലജ്ജിതരായിത്തീരുകയും ചെയ്യുമല്ലോ. അതുകൊണ്ടു് ഒട്ടുംമടിക്കാതെ കുഴലെടുത്തു ശ്രുതി മീട്ടിയാലും" എന്നിങ്ങനെ ആദരവോടെ പറഞ്ഞു. ശ്രുതിക്കാരൻ ഉണന്നു. അവൻ സ്വയം കൃതാത്ഥനായി. അവൻെറ ചിന്ത കേവലം അസ്ഥാനത്തായിരുന്നു എന്നു അവൻ ഗ്രഹിച്ചു കുഴൽ എടുത്തു ശ്രുതി മീട്ടുവാൻ തുടങ്ങി. ആ സംഗീത

സദസ്സ് വീണ്ടും ചൈതന്യം പ്രാപിച്ചു; വീണ്ടും സജീവമായി.

നമ്മെ ആക്കിവച്ചിരിക്കുന്ന സ്ഥാനത്തും ശുശ്രൂഷയിലും നാം വിശ്വസ്തരായിരുന്നാൽ നമ്മുടെ ജീവിതം പ്രയോജനകരമായിരിക്കും. നാം നമ്മിൽതന്നെ നിരാശയുള്ളവരായിരുന്നാൽ നമുക്കും മററുള്ളവക്കും നഷ്ടവും അവമാനവും ഉളവാകയും ചെയ്യും.

# 17 നിസ്വാൎത്ഥസേവനം.

ഒരിക്കൽ യാത്രാക്ലേശത്താൽ ക്ഷീണിച്ച ഒരു മനുഷ്യന നിർദ്ദിഷ്ടസ്ഥാനത്തു് എത്തുവാൻ ഒരു ഉയൎന്ന മല കയറേണ്ടിയിരുന്നു. അയാറം ക്ഷീണിതനായി ആ മലയുടെ അടിവാരത്തു വന്നുനിന്നു. തത്സമയം വളരെ ദൂരയല്ലാതെ ഏതോ ഒരു ദിക്കിൽനിന്നു കൎണ്ണമധുരവും, താളാനുകൂലവുമായ ഒരു സംഗീതം കേറംക്കായി. ഉടനെ സംഗീതത്തിൽ അളവററ അഭിരുചിയും പാണ്ഡിത്യവും ഉണ്ടായിരുന്ന ആ യാത്രക്കാരൻ ഉത്സാഹഭരിതനായി പ്രസ്തുത പാട്ടിൻെറ താളത്തിനു ഒപ്പിച്ചു ചുവടുകറംവച്ചു ആ മല നിഷ്പ്രയാസം കയറുവാൻ തുടങ്ങി. മലയുടെ മുകളിലെത്തിയതിനുശേഷം മാത്രമാണു് താൻ ആ വൈഷമ്യമേറു കയറിയതായി അയാറം ഗ്രഹിച്ചതു്.

എന്നാൽ തൻെറ പാട്ടുകൊണ്ടു് ഇപ്രകാരം ഒരു യാത്രക്കാരനു് ആനന്ദവും ആശ്വാസവും ഉണ്ടായതായി ആ മലഞ്ചരുവിൽ ആടുമേച്ചുകൊണ്ടിരുന്ന ആ സാധു ആട്ടിടയബാലൻ ഗ്രഹിച്ചിരുന്നില്ല. ഇമ്പകരമായ ആ സംഗീതം ആരാണു പാടിക്കൊണ്ടിരുന്നതു് എന്നു യാത്രക്കാരനും അറിയാമായിരുന്നില്ല എന്നതും രസാവഹമത്രേ.

മനുഷ്യജീവിതത്തിൽ ഇതുതന്നെ സംഭവിച്ചുകൊണ്ടിരിക്കുന്നു. നാം അറിയാതെതന്നെ നമ്മുടെ എത്രയോ നല്ല

പ്രവർത്തനങ്ങൾ അന്യക്ക് ഉപകാരപ്രദവും ഉത്തേജനകരവുമായി ഭവിക്കുന്നു! അതുകൊണ്ട് ഒരിക്കലും നിരാശപ്പെടാതെ നമ്മുടെ കൈ കണ്ടെത്തുന്ന നന്മയെ പൂർണ്ണമനസ്സോടെ ചെയ്തുകൊണ്ടിരിക്കാം. അതുപോലെതന്നെ നാം അറിയാത്ത മനുഷ്യരിൽനിന്നും മാർഗ്ഗങ്ങളിൽനിന്നും വളരെ നന്മകൾ നാം അനുഭവിക്കുന്നുമുണ്ട്. അതുകൊണ്ട നന്ദിയുള്ളവരായി ജീവിക്കാം.

## 18 ഡ്രൈവർ.

ഏതൊരു വാഹനത്തിൻെറയും നടത്തിപ്പുകാരനുള്ള (Driver) ചുമതല ഗൗരവതരമത്രേ. വൈമാനികർ, കപ്പിത്താന്മാർ, തീവണ്ടികളുടെയും മോട്ടോർ വാഹനങ്ങളുടേയും ഡ്രൈവർമാർ ഇവക്കുള്ള ഉത്തരവാദിത്വം ചില്ലറയല്ല. വാഹനങ്ങൾ ഓടിക്കൊണ്ടിരിക്കുമ്പോൾ അതിലെ യാത്രക്കാർ കേവലം ഉല്ലാസഭരിതരായി വിവിധ വിഷയങ്ങളിലും സംഭാഷണങ്ങളിലും വിനോദങ്ങളിലും മുഴകിയിരിക്കെ, ഡ്റൈവർ മാത്രം എത്രയും സൂക്ഷ്മതയോടും പ്രാപ്തമായും വാഹനത്തെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു എന്നു ഓർക്കേണ്ടതാണ്. പ്രസ്തുത നടത്തിപ്പുകാർ അലക്ഷ്യമായും അപ്രാപ്തമായും പ്രവർത്തിക്കുന്നു എങ്കിൽ നേരിടുന്ന കഷ്ടനഷ്ടങ്ങളും ജീവാപായങ്ങളും എത്ര ഭയങ്കരമായിരിക്കും!

ഈ വിധത്തിൽ ചിന്തിച്ചാൽ വിവിധ ചുമതലകളിലും സ്ഥാനങ്ങളിലും ഇരിക്കുന്നവർ എത്രമാത്രം കാര്യക്ഷമമായും ജാഗ്രതയായും പ്രവർത്തിക്കണമെന്നു നാം കാണുന്നു. രാഷ്ട്രഭരണാധികാരികളും, ആദ്ധ്യാത്മിക സ്ഥാനങ്ങളിൽ സ്ഥിതിചെയ്യുന്നവരും അവരവരുടെ ഭരണ "ചക്ര"ത്തെ സമർത്ഥമായി പിടിച്ചു മാർഗ്ഗവ്യതിയാനം ചെയ്യാതെ നേരേ മുമ്പോട്ടു പോകുവാൻ ബദ്ധശ്രദ്ധരായിരിക്കേണ്ടതാകുന്നു.

അങ്ങനെയെങ്കിൽ, സകലത്തിൻേറയും സ്രഷ്ടാവും പരിപാലകനുമായ ദൈവം എത്ര തീക്ഷ്ണതയോടും ജ്ഞാനത്തോടും കൂടെ തൻെറ പ്രവൎത്തനങ്ങളെ നിർവ്വഹിക്കുന്നു എന്നു ചിന്തിക്കുക. ലോകത്തിൻെറ നിലനില്പ് ദൈവത്തിൻെറ വിശ്വസ്തതയാകുന്ന അച്ചുതണ്ടിന്മേലത്രേ ആകുന്നതു്. അവൻ ഇന്നലെയും ഇന്നും എന്നന്നേക്കും യഥാപ്രകാരം ഇരിക്കുന്നവനാകുന്നു. അവൻെറ വിശ്വസ്തതയ്ക്കു അന്തമില്ലല്ലോ.

എന്നാൽ നാം സുഖവും, സമാധാനവും അനുഭവിക്കുമ്പോഴും, നിർഭയം വസിക്കുമ്പോഴും, സുഖനിദ്രചെയ്യുമ്പോഴും, അതിനു കാരണക്കാരായി നിസ്വാൎത്ഥസേവനം അനുഷ്ഠിക്കുന്ന വ്യക്തികളേയും, സൎവ്വോപരി ദൈവത്തേയും നന്ദിപൂർവ്വം സ്മരിച്ചുകൊള്ളേണ്ടതും ആകുന്നു!

## 19 കണ്ണുള്ളവർ.

സകല മനുഷ്യൎക്കും ഒരു ദിവസത്തിനു് 24 മണിക്കൂറുകൾ ഉണ്ടു്. ആൎക്കും കുറവുമില്ല, ഏറെയുമില്ല. അതിൽ ഉറക്കത്തിന്നായി 8 മണിക്കൂർ വിനിയോഗിക്കുന്നു എന്നിരിക്കട്ടെ. പിന്നീടു് ഒരു 8 മണിക്കൂർ നാം പ്രവൎത്തിചെയ്യുന്നു. എന്നിട്ടും മൂന്നിൽ ഒരു ഭാഗമായ 8 മണിക്കൂർ സകല മനുഷ്യൎക്കും മിച്ചമുണ്ടു്. പ്രസ്തുത സമയം അനേകരും അഗണ്യമാക്കിക്കളയുന്നു. എന്നാൽ ആ മണിക്കൂറുകൾ നാനാപ്രകാരേണ നമുക്കു പ്രയോജനപ്പെടുത്താം. ഉത്തമമായ ഗ്രന്ഥപാരായണത്തിലും, പ്രയോജനകരവും, രസകരവുമായ പ്രഭാഷണങ്ങളിലും, മററു വിജ്ഞേയങ്ങളായ കാൎയ്യങ്ങളിലും ആ സമയം നമുക്കു വിനിയോഗിക്കാം. ഈ ലോകം വെറുമയായ അവസ്ഥയിലല്ലല്ലോ ദൈവം സൃഷ്ടിച്ചിരിക്കുന്നതു്. വിവിധതരമായ സാധനങ്ങൾ, വൎണ്ണങ്ങൾ, പ്രഭ

കൾ, മാററങ്ങൾ, അത്ഭുതങ്ങൾ എന്നിവകൊണ്ടു ലോകം നിറഞ്ഞിരിക്കുന്നു. നമ്മുടെ ദിനന്തോറമുള്ള നിശ്ചിതജോലികൾക്കു ശേഷം നമുക്കു ലഭിക്കുന്ന മൂന്നിൽ ഒരു ഭാഗമായ സമയം പ്രസ്തുതസംഗതികൾ പഠിപ്പാനും, രസിപ്പാനും ഉപയോഗപ്പെടുത്തുവാനും നാം ഉത്സാഹിക്ക. നമ്മുടെ പഞ്ചേന്ദ്രിയങ്ങൾ സദാസമയവും തുറന്നിരിക്കട്ടെ.

രണ്ടുപേർ ഒരു തെരുവിൽക്കൂടി നടന്നുപോകുന്നു എന്നു വിചാരിക്കുക. ഇരുവരുടേയും അനുഭവങ്ങൾ വിഭിന്നമായിരിക്കാം. തൻെറ കണ്ണും, കാതും തുറന്നുപിടിച്ചു നടക്കുന്നവനു, എത്ര എത്ര നവീന കാര്യങ്ങൾ ആ യാത്രയിൽ അനുഭവപ്പെടുന്നു! എന്നാൽ ഇന്ദ്രിയങ്ങളെ പ്രവൎത്തിപ്പിക്കാത്തവനു യാതൊന്നും പുതിയതായി അനുഭവപ്പെടുന്നില്ല. ജീവിതം ഒരിക്കലും ശൂന്യമല്ല. നാം അതിനെ ശൂന്യമാക്കാതിരിക്കുമെങ്കിൽ മാത്രം! ജീവിതം അന്ധകാരമായി തോന്നുന്നതു, കണ്ണടച്ചു നടക്കുന്നതുകൊണ്ടത്രേ. കണ്ണു തുറന്നു തങ്ങളുടെ ചുററുപാടും ദർശിക്കുന്നവൎക്ക്, എന്തുമാത്രം കാഴ്ചകളാണു കാണ്മാനുള്ളതു്! നാം കണ്ട സംഗതികളേക്കാൾ എത്രയോമടങ്ങാണു കാണ്മാൻ കിടക്കുന്നതു്! ലോകത്തിൻെറ മനോഹരതയെ ദർശിപ്പാൻ കഴിവില്ലാത്തവർ പൊട്ടക്കണ്ണന്മാരത്രേ.

ഇതിലൊക്കെയും ഉപരിയായി തന്നത്താൻ കാണുക എന്നുള്ളതാകുന്നു പ്രധാനമായിട്ടുള്ളതു്. മററുള്ളവർ തന്നെ കാണുന്നതല്ല, തന്നെത്താൻകാണുന്നതത്രേ കാര്യം. "സ്വയം പരിശോധനകൂടാത്ത ഒരു ജീവിതം ജീവിതമേയല്ല" എന്നു സോക്രട്ടീസ് പറഞ്ഞിരിക്കുന്നു.

## 20 വാർദ്ധക്യം.

സാമാന്യജനങ്ങൾ വാർദ്ധക്യത്തെ ഭയത്തോടെ ചി

ന്തിക്കയും അവജ്ഞയോടെ വീക്ഷിക്കയും ചെയ്യുന്നു. എന്നാൽ പല കാര്യത്തിലും പഴയതിനോടു മനുഷ്യൻ മതിപ്പും മമതയും കാണിക്കുന്നുണ്ട് എന്നതാണു വാസ്തവം. അല്ലെങ്കിൽ ''പൊന്നും പഴയതേ നല്ലൂ'' എന്ന പഴമൊഴി എങ്ങനെയുണ്ടായി? ഇന്നു കൂണുപോലെ മുളയ്ക്കുന്ന ക്ഷുദ്രസാഹിത്യകൃതികളേക്കാൾ എത്ര വിലപ്പെട്ടതും, വിജ്ഞേയവുമല്ല, ഏററം പ്രാചീനമായ ചില ഗ്രന്ഥങ്ങളും കയ്യെഴുത്തുപ്രതികളും! പഴകിയ വെളിച്ചെണ്ണ, നെയ്യ്, കുരുമുളകു മുതലായവ എത്രയും വിലപ്പെട്ട ഔഷധങ്ങളെന്നു വൈദ്യന്മാർ സമർത്ഥിക്കുന്നു. വൈദ്യുത വിളക്കുകളുടെ പ്രചാരത്തിലും പഴയ ഓട്ടുനിലവിളക്കുകളുടെ സ്ഥാനം പൂജനീയമായിതന്നെ നിലനില്ക്കുന്നില്ലേ? കാലു് കടിച്ചുപൊളിക്കുന്ന പുത്തൻ ചെരുപ്പിനേക്കാൾ ആശ്വാസകരമല്ലേ, പഴകിയ ചെരുപ്പു്! നെരക വൃണപ്പെടുത്തുന്നതെങ്കിലും, അനേകർക്കും തങ്ങളുടെ അറയും നിരയും ചേർന്ന പഴയ തറവാട്ടുപുരകൾ പുത്തൻ ബംഗ്ലാവുകളേക്കാൾ പ്രിയംകരങ്ങളാണു്. ഉപ്പിലിട്ട സാധനങ്ങൾ ഒന്നു പഴകിയതല്ലേ, രുചികരം? നല്ലപോലെ പാകം ചെന്നിട്ടുവേണം പഴങ്ങൾ തിന്മാൻ. ചില പഴക്കംചെന്ന രേഖകൾ ഏത്ര വിലപ്പെട്ടതാകുന്നു. പഴയ കളികൾ കാണുന്നതും കളിക്കുന്നതും ബഹുരസമാണു്. പഴയ പാട്ടുകൾ പാടുന്നതോ? ഏററം ഹൃദ്യം. ചില പഴയ സ്മരണകൾ എത്ര സന്തോഷപ്രദമായിരിക്കും?

എന്നിട്ടാണോ, വാർദ്ധക്യത്തെ ഭയപ്പെടുകയും, പുഛിക്കുകയും ചെയ്യുന്നതു്? നരച്ച തല അലങ്കാരവും, ബഹുമാനചിഹ്നവുമായി നാം കരുതുക. അതിനെ ആദരിക്കേണ്ടതു ലോകത്തിൻെറ കടമയത്രേ.

No. 11346
PUBLIC LIBRARY

# 21 സംയമനം.

മനുഷ്യന്റെ കോപം അവന്റെ ബലഹീനതയെ വ്യക്തമാക്കുന്നു. തന്റെ ഇംഗിതങ്ങളെ നിവൎത്തിപ്പാൻ സാദ്ധ്യമല്ലാതെ വരുമ്പോഴാണല്ലോ മനുഷ്യൻ പ്രായേണ കോപാകുലൻ ആകുന്നതു്. സ്വല്പം ചിന്തിച്ചാൽ പലപ്പോഴും നമ്മുടെ കോപം അൎത്ഥശൂന്യവും ലജ്ജാകരവും ആണെന്നു കാണ്മാൻ കഴിയും. പരസ്പരമുള്ള കോപപ്രകടനങ്ങൾ പോകട്ടെ. നിസ്സാരകാൎയ്യങ്ങൾക്കായി ഒരു ദിവസത്തിൽ നാം തന്നത്താൻ എത്രമാത്രം കോപിക്കുന്നു! വിദ്യാൎത്ഥികളാണെങ്കിൽ തങ്ങൾക്കു പ്രയാസമെന്നു തോന്നുന്ന പാഠവിഷയങ്ങളുടെ കാൎയ്യത്തിൽ ദ്വേഷ്യം വന്നു എത്ര രസികത്തരങ്ങൾ കാട്ടിക്കൂട്ടുന്നു! പുസ്തകം വലിച്ചുകീറുകയും, തലയ്ക്കു ഇടിക്കുകയും, തന്നത്താൻ പുലമ്പുകയും മററും ചെയ്യുന്ന എത്ര വിദ്യാൎത്ഥികൾ ഉണ്ടു്! പ്രായം ചെന്നവരും ഒട്ടും പുറകോട്ടല്ല. നിസ്സാരമായ കാൎയ്യങ്ങളിൽ അവൻ കലികൊള്ളുന്നു. പെട്ടിയുടെ പൂട്ടു തുറക്കാതെ വരുമ്പോഴും, ഒരു ചരടിൽ ഉള്ള കുരുക്കു് അഴിപ്പാൻ പ്രയാസം നേരിടുമ്പോഴും എന്നുവേണ്ട ഏററം തുച്ഛമായ കാൎയ്യങ്ങളിൽ തന്നേയും അവൻ തന്നത്താൻ മറന്നു അസഭ്യം പുലമ്പുകയും അവിവേകം പ്രവൎത്തിക്കയും ചെയ്യുന്നതു കാണുമ്പോൾ സഹതാപവും തമാശയും ഒരുപോലെ അനുഭവപ്പെടും. ആരോടാണു തങ്ങൾ കോപിക്കുന്നതു്? തങ്ങളോടുതന്നെ! കോപിക്കുന്നതിനു പകരം ശാന്തമായി കാൎയ്യങ്ങൾ ചെയ്താൽ ഏതു കാൎയ്യവും മനുഷ്യനു സാദ്ധ്യമത്രേ.

ആത്മസംയമനത്തിന്റെ അഭാവമത്രേ കോപം. "ജിതമാനസൻ പട്ടണം പിടിക്കുന്നവനിലും ശ്രേഷ്ഠൻ" എന്നു "ജ്ഞാനികളുടെ ജ്ഞാനിയായ സോളമൻ" പറഞ്ഞിരിക്കുന്നതു് ചിന്തിക്ക. നമുക്കു് എപ്പോഴെങ്കിലും ക്ഷോഭം ഉ

ദിക്കുമ്പോൾ അല്പനിമിഷങ്ങൾ ശാന്തമായിരിപ്പാൻ അഭ്യസിക്കുന്നതു കൊള്ളാം. മഹാനായ ജൂലിയസ് സീസറിനെപ്പററി ഇപ്രകാരം പറഞ്ഞിരിക്കുന്നു: അദ്ദേഹത്തിനു എപ്പോഴെങ്കിലും കോപംവരുമ്പോൾ അദ്ദേഹം റോമൻഭാഷയിലെ അക്ഷരമാല ആവത്തിച്ച ചൊല്ലുമായിരുന്നത്രെ. അപ്പോഴേക്കും കോപം ശാന്തമായിക്കഴിയും.

കോപിച്ചാൽ പാപം ചെയ്യാതിരിപ്പാൻ നാം കരുതിക്കൊള്ളുക. എന്തുകൊണ്ടെന്നാൽ "മനുഷ്യന്റെ കോപം ദൈവത്തിന്റെ നീതിയെ പ്രവത്തിക്കുന്നില്ല". അതുകൊണ്ടു സകല മനുഷ്യരും "കേൾപ്പാൻ വേഗതയും, പറവാൻ താമസവും, കോപത്തിനു താമസവും ഉള്ളവരായിരിക്കട്ടെ" എന്നു സെൻറ ജേയിംസ് പറയുന്നതു ജീവിതത്തിന്റെ പ്രമാണമായി സ്വീകരിക്കാം.

## 22 ജോലികൾ.

സ്രഷ്ടാവായ ദൈവം മനുഷ്യൻ വേലചെയ്യണമെന്നു ഉദ്ദേശിച്ചിരിക്കുന്നു. "വേല ചെയ്യാൻ മനസ്സില്ലാത്തവൻ ഭക്ഷിക്കയും വേണ്ട" എന്നു വിശുദ്ധ പൗലൂസ് പറയുന്നതു എത്ര അത്ഥവത്തായിരിക്കുന്നു. എന്നാൽ മനുഷ്യനു സന്തോഷത്തോടുകൂടെയോ, പിറുപിറുപ്പോടുകൂടെയോ തന്റെ ജോലികളെ ചെയ്യാം. എപ്പോഴും ഒരുവനു ഹിതകരവും ഇമ്പകരവുമായ ജോലിമാത്രം ലഭിച്ചു എന്നു വരികയില്ല. എങ്കിലും ആത്മാഭിമാനത്തോടെ അവനു അവന്റെ സകല കൃത്യങ്ങളേയും ചെയ്യാൻ കഴിയും. യാതൊരു ജോലിയും ഒരുവനു അഭിമാനം കൊള്ളാൻ പാടില്ലാതവണ്ണം ഹീനമല്ല. യാതൊരു ജോലിയും മനസ്സിരുത്താൻ ആവശ്യമില്ലാത്തവിധം നിസ്സാരമല്ല. യാതൊരു ജോലിയും അവനു നമ്പാൻ പാടില്ലാതവണ്ണം നിഷ്പ്രയോജനമല്ല. എല്ലാം വേലകളും സ

ന്തോഷത്തോടും, കൂൎമ്മതയോടും, ആവശ്യബോധത്തോടും ചെയ്യാൻ മനുഷ്യൻ കടപ്പെട്ടിരിക്കുന്നു.

എന്നാൽ ഒരു ജോലിയിൽ താല്പൎയ്യവും അഭിരുചിയും ഇല്ലാത്തവനേക്കൊണ്ടു് അതു ചെയ്യിക്കുന്നതു ഇരുകൂട്ടൎക്കും ഭാരവും നഷ്ടവും വരുത്തിക്കൂട്ടുന്നതത്രേ.

ഒരുവിധത്തിൽ ചിന്തിച്ചാൽ കായികമായ കളികളും കഠിനമായ അദ്ധ്വാനങ്ങളും ആണു്. കായികാഭ്യാസങ്ങളിലും വിനോദങ്ങളിലും ഏൎപ്പെടുന്നവരും മററു് ഏതു ജോലിക്കാരനെപ്പോലെ വിയൎത്തു ക്ഷീണിക്കയും, ചിലപ്പോൾ മുറിപ്പെടുകയും, ചെയ്തുപോകുന്നു. ആ വിധത്തിൽ ആലോചിച്ചാൽ കളിയും കാര്യവും (വേലയും) ഒന്നുതന്നെ. മനസ്സിൻെറ നിലകളാണു് ഇവയെ രണ്ടാക്കുന്നതു്. തങ്ങളുടെ ജോലികളെ സന്തോഷത്തോടെ ചെയ്യുന്നവനു് അതു "കളി"യായിത്തീരുന്നു. നേരേ മറിച്ചു കളിയേത്തന്നേയും വേലയായി ചിന്തിക്കുന്നവരും ഉണ്ടാകാം. അതുകൊണ്ടു വലിയതും ചെറിയതും ആയ നമ്മുടെ സകല ചുമതലകളേയും ഭാരങ്ങളേയും ഉന്മേഷത്തോടും അഭിമാനത്തോടുംകൂടെ അഭിമുഖീകരിപ്പാൻ നമുക്കു ശ്രമിക്കാം.

## 23 കാത്തിരിപ്പു്.

കൎമ്മനിരതമായ ഒന്നത്രെ മനുഷ്യജീവിതം. അവിശ്രാന്തമായ പരിശ്രമത്തിലാകുന്നു അവൻെറ വിജയം സ്ഥിതിചെയ്യുന്നതു്. എന്നിരുന്നാലും, അവൻ ചിലപ്പോൾ ബുദ്ധിപൂൎവ്വം പ്രവൎത്തിരഹിതൻ ആയിരിക്കേണ്ട അവസരങ്ങളും ഉണ്ടു്. പ്രവൎത്തിക്കേണ്ടതും, നിവൎത്തനായിരിക്കേണ്ടതുമായ അവസരങ്ങളെ ശരിയായി ഗ്രഹിക്കുന്നവനത്രേ ബുദ്ധിമാൻ. സംഭവങ്ങളുടെ ഗതിവിഗതികളെ ക്ഷമയോടു വീക്ഷിച്ചു കാത്തിരിക്കുന്നവരത്രേ വിജയം വരിക്കുന്നതു്.

നേരേ മറിച്ച്, അക്ഷമയോടെ പ്രവൎത്തിക്കുന്നവർ, ആശാരഹിതരും, പരാജിതരും, ലജ്ജിതരും ആയി ഭവിക്കും.

കൊയ്ത്തിന്നു, വിതച്ചശേഷം ദീർഘമായ കാത്തിരിപ്പ് ആവശ്യമാകുന്നു. പലപ്പോഴും നാം നട്ടുവളൎത്തുന്ന വൃക്ഷങ്ങളുടെ ഫലം നാം അനുഭവിച്ചില്ലെന്നു വരാം. അതിനാൽ നിരാശപ്പെട്ടുവാനോ, അക്ഷമരാകുവാനോ കാൎയ്യമില്ല. എന്തുകൊണ്ടെന്നാൽ പലപ്പോഴും മററുള്ളവർ നട്ടുവളൎത്തിയ വൃക്ഷഫലങ്ങളത്രേ നാം അനുഭവിക്കുന്നതു്. മററുള്ളവർ ക്ഷമയോടെ സാധിച്ച സംഗതികളുടെ നന്മയത്രേ നാം കൈക്കൊള്ളുന്നതു്. അതുകൊണ്ടു പ്രവൎത്തിക്കയും കാത്തിരിക്കയും ചെയ്യാം.

## 24 സാധാരണ ദിവസങ്ങൾ.

ഇന്നലത്തേക്കാൾ ഇന്നത്തേക്കു് എന്തു വിശേഷം? ഇന്നത്തേതിൽനിന്നു നാളത്തെ ദിവസത്തിനു് എന്തു ഭേദം? ഓരോ ദിവസവും രാവിലെ സൂൎയ്യൻ കിഴക്കുദിക്കുന്നു. മദ്ധ്യാഹ്നത്തിൽ തലയ്ക്കുമീതെ വരുന്നു. സന്ധ്യയിങ്കൽ പടിഞ്ഞാറു് അസ്തമിക്കുന്നു. ഇതുതന്നെ നാളെയും ആവൎത്തിക്കപ്പെടും. ലോകാരംഭം മുതൽ ദിനരാത്രങ്ങൾ ഇപ്രകാരം പൊയ്ക്കൊണ്ടിരിക്കുന്നു. ഈവിധം ഒരു ചിന്ത മനുഷ്യഹൃദയത്തിൽ ഉളവാകാം.

എന്നാൽ ദിവസംതോറും മനുഷ്യന്റെ അനുഭവങ്ങളും കൎമ്മപരിപാടികളും വിഭിന്നമായിരിക്കുന്നതുകൊണ്ടു ഓരോ ദിവസവും അവനു പുതിയതുതന്നെ. തന്മൂലം ലോകാരംഭം മുതൽ ഇന്നേയോളം പുതിയ പുതിയ ദിവസങ്ങളത്രേ ഉദയംചെയ്തിട്ടുള്ളതു്. എന്നാൽ ദിവസങ്ങളുടെ ആരംഭത്തേക്കാൾ, അന്ത്യമത്രെ വിലപ്പെട്ടിരിക്കുന്നതു്. എന്തുകൊണ്ടെന്നാൽ ദിനാന്തത്തിലാകുന്നു അന്നത്തെ ജീവിതത്തിലെ ജയാപജയങ്ങളും, ലാഭനഷ്ടങ്ങളും കുറിക്കുന്നതു്.

പക്ഷേ, നിരുത്സാഹികാംക്കം, കമ്മരഹിതന്മാക്കും എല്ലാ ദിവസങ്ങളും ഒരുപോലെതന്നെ. അവരുടെ സൂ ര്യൻ ഉദിക്കുന്നുമില്ല, അസ്തമിക്കുന്നുമില്ല!

## 25 കൊടുപ്പിൻ തരപ്പെട്ടം.

നിയതിയുടെ ഒരു നിയമമത്രേ മേല്പറഞ്ഞതു്. കൊ ടുപ്പാനത്രെ ലഭിക്കുന്നതു്. പണംകൊണ്ടു കൈകാര്യം ചെ യ്യുമ്പോഴല്ലാതെ പണം നേടുന്നില്ല. നമുക്കു ലഭിച്ച അറി വിനെ മററുള്ളവക്കായിവിതിക്കുമ്പോം, നമ്മുടെ ജ്ഞാനം വർദ്ധിക്കയും ലഭിച്ച അറിവിനു് ഉറപ്പുവരികയും ചെയ്യു ന്നതായി അനുഭവപ്പെടുന്നില്ലയോ? സമുദ്രത്തിലെ ജലം അന്തമില്ലാത്ത അളവിൽ സൂര്യന്റെ ഉഷ്ണത്താൽ മേലോട്ടു പോകുന്നു. അതു മേഘമായി രൂപാന്തരംപ്രാപിച്ചു വീണ്ടും മഴയായി ഭൂമിയിൽ പതിക്കയും ഭൂമി അനുഗ്രഹിക്കപ്പെ ടുകയും ചെയ്യുന്നു. വീണ്ടും നദികാം വഴിയായി ആ വെ ള്ളം സമുദ്രത്തിൽ ചെന്നുചേരുന്നു. നനയ്ക്കുന്നവൻ നനയ പ്പെടും, "കോരുന്ന കിണററിലെ ഉറവയുള്ളൂ."

## 26 ഗ്രന്ഥപാരായണം.

മനുഷ്യന്റെ മാനസികവളർച്ചയ്ക്കും, പുഷ്ടിയ്ക്കും, ഗ്ര ന്ഥപാരായണംപോലെ പോഷകമായ ആഹാരം മററില്ല. എത്രത്തോളം ഒരുവൻ വായനയിൽ അഭിരുചിയുള്ളവനോ അത്രത്തോളം അവൻ മനുഷ്യത്വത്തിൽ പൂർണ്ണത പ്രാപിച്ചു കൊണ്ടിരിക്കും. വിവിധ വിഷയങ്ങളെ അധികരിച്ചുള്ള പുസ്തകങ്ങാം നമ്മുടെ പാരായണത്തിനു ലക്ഷ്യമായിരിക്കേ ണ്ടതാകുന്നു. പക്ഷെ, എല്ലാ ഗ്രന്ഥങ്ങളും ഒരുപോലെ പോഷകങ്ങളായിരിക്കുമെന്നില്ല. ചില പുസ്തകങ്ങാം ച

വച്ചുനോക്കി തുപ്പിക്കളയേണ്ടവയാണു്. ചിലതു് മധുര പ്പലഹാരംപോലെ രസത്തിനുവേണ്ടി മാത്രം വായിച്ചുതള്ളാം. മററു ചിലതു നമ്മുടെ നിത്യാഹാരംപോലെ കൃത്യമായി പാരായണംചെയ്തു നമ്മുടെ ജീവിതചര്യകളിൽ വ്യാപരിപ്പിക്കേണ്ടതത്രെ. ഇനിയും വേറൊരുവക, രുചികരമല്ലെങ്കിലും, രോഗശമനത്തിനു ഉതകുന്ന ഔഷധംപോലെ നിഷ്കൃഷ്ടമായി വായിച്ചു ഗ്രഹിക്കേണ്ടതായുമുണ്ടു്.

ഗ്രന്ഥപാരായണത്തിൽ ശ്രദ്ധിക്കേണ്ട മറെറാരു കാര്യമുണ്ടു്. അതായതു്, അയവിറക്കുന്ന ചില മൃഗങ്ങളെപ്പോലെ നാം വായിച്ച കാര്യങ്ങൾ വീണ്ടും ചിന്തയിൽ കൊണ്ടുവരേണ്ടതു് അത്യന്താപേക്ഷിതമത്രെ. ഒരു പുസ്തകം ഒരിക്കൽ വായിച്ചതുകൊണ്ടു മാത്രം തൃപ്തിപ്പെടാതെ, നാം അതിൽ വല്ലതും വിട്ടുപോയിട്ടോ, തെററിദ്ധരിച്ചിട്ടോ ഉണ്ടോ എന്നു അറിയേണ്ടതിനു ഒരാവൎത്തികൂടെ വായിക്കുന്നതു നന്നാണു്. മാത്രമല്ല, നാം വായിച്ച വിഷയത്തെപ്പററി നമുക്കു ശരിയായ ജ്ഞാനം സിദ്ധിച്ചു എന്നു പറയണമെങ്കിൽ, ആ ആശയത്തെ നമ്മുടെ സ്വന്ത വാചകത്തിൽ രേഖപ്പെടുത്തുവാൻ സാധിക്കേണ്ടതാണു്. ഒരു പുസ്തകം വായിച്ചതിനുശേഷം ഗ്രന്ഥകാരന്റെ ആശയത്തോടു വല്ലതും കൂട്ടുവാൻ ഉണ്ടോ എന്നു് പരിശോധിക്കുന്നതും വിജ്ഞേയപ്രദമായിരിക്കും.

പുസ്തകപാരായണം ഇത്രമേൽ പ്രാധാന്യമേറിയതാകയാൽ ദിവസംതോറും ഒരു നിശ്ചിതസമയം ഗ്രന്ഥപാരായണത്തിന്നായി വേർതിരിക്കയും, ക്ലിപ്തമായി കുറെ പേജുകൾ വായിച്ചു തീൎക്കയും ചെയ്യുമെന്നു പ്രതിജ്ഞചെയ്കയും ചെയ്യുന്നതു് എത്ര ശ്ലാഘ്യമായിരിക്കും!

# 27 പുരോഗമനം.

പുരോഗമനം ഇച്ഛിക്കുന്ന യാതൊരുവനും താൻ ആയിരിക്കുന്ന നിലയിൽ—ജോലിയിൽ, വിദ്യാഭ്യാസത്തിൽ, ധനസ്ഥിതിയിൽ—തന്നെ ഇരിക്കണമെന്നു് ആഗ്രഹിക്കുന്നില്ല എന്നാൽ മററൊരുവനെ കവച്ചുവെയ്ക്കണമെന്നല്ല, അവൻെറ ആന്തരമായിരിക്കേണ്ടതു്. താൻ ആയിരിക്കുന്ന സ്ഥിതിയിൽനിന്നുള്ള പുരോഗമനമത്രെ ആവശ്യം. ബുദ്ധിഹീനമായ പുരോഗമനവാഞ്ഛ, ഒരുവനെ ആശാരഹിതനും, ലജ്ജിതനുമാക്കിത്തീക്കും. തന്നോടുതന്നെയുള്ള മത്സരം, വിജയവും അഭിവൃദ്ധിയും കൈവരുത്തും. അസാധാരണമായ ജീവിതാഭ്യാസങ്ങരം മനുഷ്യനെ ഉയത്തും. റഷ്യയിലേക്കു സൈന്യത്തെ നയിച്ചുകൊണ്ടിരുന്ന നെപ്പോളിയനോടു തൻെറ പട്ടാളക്കാർ വഴിമദ്ധ്യേ യൂറാൽ പർവ്വതനിരയുണ്ടു് എന്നു പറഞ്ഞപ്പോരം, "അങ്ങിനെ ഒരു പർവ്വതനിര ഭൂപടത്തിൽ ഇല്ല"എന്നു ആ മഹായോദ്ധാവു് ഉത്തരം പറഞ്ഞു എന്നു രേഖപ്പെടുത്തിയിരിക്കുന്നു. വളർച്ച പ്രാപിച്ചുകൊണ്ടിരിക്കുന്ന ഒരുവനു് പ്രതിബന്ധങ്ങരം ഇല്ല എന്നു സാരം. ഇന്നലെ പ്രവൎത്തനം നിറുത്തിവച്ച സ്ഥാനത്തുനിന്നു ഇന്നു അവൻ തുടരുന്നു. ഇന്നത്തെ കുറി (Mark) യിൽനിന്നു നാളെ പുരോഗമിക്കുന്നു.

പലപ്പോഴും നമ്മുടെ ലക്ഷ്യം വെറും സാധാരണമാണു്. അതിനാൽ നമുക്കു വിജയം കൈവരുന്നില്ല. തേനീച്ച, കുരികിൽ മുതലായവ തങ്ങളുടെ പൂർവ്വികന്മാരുടെ രീതിയിൽതന്നെ ഇന്നും കൂടു ചമയ്ക്കുന്നു. എന്നാൽ മനുഷ്യനോ; ഭവനനിർമ്മാണത്തിനു അത്യൽഭുതകരമായ പുരോഗമനം സാധിച്ചു. സമസ്തകാൎയ്യങ്ങളിലും മനുഷ്യൻെറ അഭിവൃദ്ധിയും വളർച്ചയും കേവലം അതിശയകരംതന്നെ!

ബ്രൌണിംഗ് (Browning) എന്ന മഹാൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "നല്ലവരാകുവാൻ, പിന്നീടു വളരെ

നല്ലവരാകുവാൻ, വീണ്ടും ഏററം നല്ലവരാകുവാൻ ഉത്സാഹിപ്പിൻ". നമ്മുടെ സമീപസ്ഥനേക്കാൾ അല്പം ഉയരുവാനല്ല, നമ്മുടെ വളർച്ചയിൽതന്നെ അഭിവൃദ്ധി പ്രാപിപ്പാൻ നാം ആഗ്രഹിക്ക അതത്രെ വിജയത്തിലേക്കുള്ള സോപാനം.

## 28 സ്വയം നിർണ്ണയം.

ഹെൻറിവാർഡ് ബീച്ചർ എന്ന ദേഹം തൻെറ വിദ്യാർത്ഥി ജീവിതത്തിലെ ഒരു അനുഭവം ഇപ്രകാരം വിവരിച്ചിരിക്കുന്നു. "ഒരിക്കൽ കണക്കുസംബന്ധിച്ച വിഷമമേറിയ ഒരു പാഠം പഠിക്കേണ്ടിയിരുന്നു. എത്രതന്നെ പഠിച്ചിട്ടും അതു എൻെറ മണ്ടയിൽ കയറിയില്ല. ഞാൻ തനിയെ അതു മനസ്സിലാക്കണമെന്നു് അദ്ധ്യാപകൻ ശഠിച്ചു. "സാർ, ഞാൻ അതു രണ്ടുനാലു മണിക്കൂറുകൾ വളരെ ചിന്തിച്ചു പഠിച്ചതാണു്," എന്നു ഞാൻ പറഞ്ഞു. "ശരി, രണ്ടോ, പത്തോ മണിക്കൂറുകൾ താൻ പഠിച്ചുവോ എന്നു ഞാൻ ചോദിച്ചില്ല. തനിക്കു അതു നിശ്ചയം വന്നുവോ എന്നാണു് എനിക്കു അറിയേണ്ടതു്" എന്നായി അദ്ധ്യാപകൻ. ഏതായാലും ഒരു മാസം കഴിഞ്ഞു. ഞാൻ തനിയെ ആ ഭാഗം തെററുകൂടാതെ പഠിച്ചു നിശ്ചയം പ്രാപിച്ചു. അതിൻെറശേഷം ഒരു ദിവസം ആ ഭാഗം ഉരുവിടുവാൻ അദ്ധ്യാപകൻ ക്ലാസിൽവെച്ചു എന്നോടു ആവശ്യപ്പെട്ടു. ഞാൻ ശരിയായി ഉരുവിടുവാൻ തുടങ്ങി. ഇടയ്ക്കുവെച്ചു അദ്ദേഹം, "അല്ല" (No) എന്നു പറഞ്ഞു. ഞാൻ ആദ്യം മുതൽ തുടങ്ങി. പ്രസ്തുത ഭാഗത്തു വന്നപ്പോൾ 'അല്ല, എന്നു സാർ വീണ്ടും പറഞ്ഞു. ഞാൻ വിഷണ്ണനായിനിന്നു. അടുത്ത കുട്ടി (Next) എന്നു അദ്ധ്യാപകൻ പറഞ്ഞു. അടുത്തിരുന്നവൻ അതേ പാഠം ഉരുവിട്ടു. എന്നാൽ ആ പ്രത്യേക ഭാ

ഗം വന്നപ്പോഠം അദ്ദേഹം മുമ്പത്തെപ്പോലെ 'അല്ല' എന്നു പറഞ്ഞു.

എന്നാൽ ആ വിദ്യാർത്ഥി ആയതു ഗണ്യമാക്കാതെ മുൻപോട്ടു ചൊല്ലി അവസാനിപ്പിച്ചു ഇരുന്നു. അവൻ ഇരുന്നു കഴിഞ്ഞപ്പോഠം അദ്ധ്യാപകൻ പറയുന്നു; ശരി, കൊള്ളാം, എന്നു്. ഉടനെ ഞാൻ പരിഭവത്തോടെ സാറിനോടു, "ഞാൻ അതേ ഭാഗം ചൊല്ലിയപ്പോഠം 'അല്ല' എന്നു സാർ പറഞ്ഞു. ഇയാഠം ചൊല്ലിയപ്പോഴും അങ്ങിനെ തന്നെ പറകയുണ്ടായി. എന്നാൽ ഇപ്പോഠം, ശരി, കൊള്ളാം എന്നു പറയുന്നതിൻെറ അത്ഥമെന്താണു്; അയാഠം ചൊല്ലിയതുപോലെ തന്നെയാണല്ലോ ഞാനും ചൊല്ലിയതു്" എന്നുപറഞ്ഞു.

അതിനു അദ്ധ്യാപകൻ പറഞ്ഞതു് ഇപ്രകാരമാണു്. "തനിക്കു എന്തുകൊണ്ടു, താൻ ചൊല്ലിയതു് ശരിയാണു് എന്നു ഉറച്ചു മുൻപോട്ടു ചൊല്ലാമായിരുന്നില്ല? ആ ഭാഗം താൻ പഠിച്ചുവോ എന്നല്ല എനിക്കു അറിയേണ്ടതു്, നേരെ മറിച്ചു തനിക്കു അതിൽ നിശ്ചയവും ഉറപ്പും വന്നിട്ടുണ്ടോ എന്നാണു് അറിവാൻ ഞാൻ ആഗ്രഹിക്കുന്നതു്."

നമുക്കുതന്നെ പരിപൂണ്ണനിശ്ചയമില്ലാത്ത കായ്യങ്ങഠം നാം പഠിച്ചു എന്നു പറയുന്നതിൽ അത്ഥമില്ല. പ്രത്യുത ലോകം മുഴുവനും 'അല്ല' എന്നു പറഞ്ഞാലും നാം ഗ്രഹിച്ച സത്യങ്ങഠം 'അതെ' എന്നു സംശയലേശമെന്യെ അനുഭവസഹിതം പറയുന്നതത്രെ സ്വയംനിണ്ണയത്തിൻെറ ധൈയ്യം.

## 29 നിയന്ത്രണം.

സകല വാഹനങ്ങഠംക്കും ബ്രേയ്ക്കു് (Brake) എന്ന ഒരു യന്ത്രവിശേഷമുണ്ടല്ലോ. വാഹനങ്ങളുടെ ഗതി

യെ നിയന്ത്രിപ്പാനും, പിടിച്ചുനിൎത്തുവാനും അതു് ഉപകരിക്കുന്നു. കീഴോട്ടു് ഇറങ്ങുമ്പോഴത്രെ ബ്രേയ്ക്കു പ്രായേണ ഉപയോഗിക്കുന്നതു്. കീഴ്പോട്ടു പോരിക എളുപ്പവും രസകരവുമായ കാൎയ്യം. പക്ഷെ അപ്പോഴത്രെ വാഹനങ്ങൾ ആപൽഗൎത്തങ്ങളിൽ വീണുപോകുന്നതു്. മേല്പോട്ടു പോകുന്നതു് പ്രയാസമേറിയ കാൎയ്യം. അപ്പോൾ പുറകിൽനിന്നു തള്ളലത്രെ ആവശ്യം.

ജീവിതത്തിൽ സന്താപാവസരത്തെക്കാൾ സന്തോഷത്തിന്റെയും സമാധാനത്തിന്റെയും അവസരങ്ങളെയത്രെ നാം ഭയപ്പെടേണ്ടതു്. അതുകൊണ്ടു ഭയത്തോടെ സന്തോഷിക്ക. "ചിരിച്ച മുഖം കരയും" എന്നുണ്ടു്. "ഇപ്പോൾ ചിരിക്കുന്നവരായ നിങ്ങൾക്കു ഹാ കഷ്ടം! നിങ്ങൾ കരയും" എന്നു ശ്രീയേശു പറഞ്ഞു.

വാഹനങ്ങൾക്കും, യന്ത്രങ്ങൾക്കുമെല്ലാം മനുഷ്യൻ ബ്രേയ്ക്കു് ഉണ്ടാക്കുകയും, അവൻ അതിനെ നിയന്ത്രിക്കയും ചെയ്യുന്നു. എന്നാൽ മനുഷ്യന്റെ ബ്രേയ്ക്കു് എന്തു്? എവിടെ? ആർ അതിനെ നിയന്ത്രിക്കുന്നു? അതു മനുഷ്യന്റെ മനസ്സാക്ഷിതന്നെ. ഹൃദയത്തിൽ അതു ഘടിപ്പിച്ചിരിക്കുന്നു. ദൈവമത്രെ അതിനെ നിയന്ത്രിക്കുന്നതും നിയന്ത്രിക്കേണ്ടതും. ആ ബ്രേയ്ക്കിനെ അതിലംഘിക്കയും അവഗണിക്കയും ചെയ്യുന്നവൻ നാശകൂപത്തിൽ വീഴും.

## 30 ആരുടെ കുററം?

നമ്മുടെ മേൽനോട്ടത്തിലും, ഉത്തരവാദിത്വത്തിലും പെട്ടവരുടെ ജയാപജയങ്ങൾക്കു നാം തന്നെയത്രെ കാരണക്കാർ. ത്രിങ്ങ് (Thring) എന്ന മഹാപണ്ഡിതനായ ഒരു അദ്ധ്യാപകൻ പറഞ്ഞിട്ടുള്ളതു് "ഒരു വിദ്യാൎത്ഥി ക്ലാസിൽ പഠിക്കാതെയും അലക്ഷ്യമായും ഇരിക്കുന്നെങ്കിൽ ആയതു തന്റെ കുററമാണെന്നു സമ്മതിക്കുന്നതാണു് ഒരു ഉത്തമനായ

അദ്ധ്യാപകന്റെ പ്രഥമമായ ചുമതല"എന്നത്രെ. അതുപോലെതന്നെ ജോസഫ് ജെഫർസൺ (Joseph Jefferson) എന്ന പ്രസിദ്ധ നാടകാഭിനയ വിദഗ്ദ്ധൻ "കാണികളിൽ ഏററം ഒരു ചെറിയ കുട്ടിപോലും എന്റെ അഭിനയത്തിലൊ, സംസാരങ്ങളിലൊ രസിക്കാതെ അലക്ഷ്യമായിരിക്കുന്നുവെങ്കിൽ ഞാൻ നടനരംഗത്തു പരാജയമടഞ്ഞുഎന്നത്രെ പരമാർത്ഥം" എന്നു പറഞ്ഞിരിക്കുന്നു.

അദ്ധ്യാപകരും, പ്രസംഗകരും, ഭരണകർത്താക്കളും, മാതാപിതാക്കളും എന്നല്ല സർവ്വമനുഷ്യരും ഈ ബോധമുള്ളവരായിരുന്നെങ്കിൽ ലോകം എത്ര അഭിവൃദ്ധിപ്രാപിക്കുമായിരുന്നു. പക്ഷെ തങ്ങളുടെ കുററം സമ്മതിക്കയെന്നുള്ളതു് മനുഷ്യനെ സംബന്ധിച്ച് മർമ്മഭേദകമായ ഒരു സംഗതിയായിട്ടത്രെ ഇരിക്കുന്നതു്. ഏതു ജോലിക്കാരനും തന്റെ പണിയായുധങ്ങളേയും, ഉപകരണങ്ങളേയുമല്ലാതെ തന്റെ കഴിവുകേടുകളേയൊ, കുറവുകളേയൊ സമ്മതിക്കുന്നില്ല. നാം ഓരോരുത്തരും നമ്മുടെ സാഹചര്യങ്ങൾ, പരിസരങ്ങൾ, പരിമിതികൾ എന്നിവയെ അപലപിച്ചു സ്വയം തൃപ്തിയടയുന്നു. അതിനാൽ നാമൊ, മററുള്ളവരൊ അഭിവൃദ്ധിപ്രാപിക്കയുമില്ല.

## 31 സ്ഫുടമായ സംസാരം

നമ്മുടെ സംസാരം മററുള്ളവരെ ചിന്തിക്കുന്നവരാക്കി തീക്കുന്നതു് പലപ്പോഴും നല്ലതുതന്നെ. എന്നാൽ നമ്മുടെ അപഥസംഭാഷണത്താൽ മററുള്ളവർ ചിന്തിച്ചു വിഷമിപ്പാൻ ഇടവരുന്നതു അപരാധവുമാണു്. അതു കേൾവിക്കാരെ നാം ഭാരപ്പെടുത്തുകയത്രെ. വിദ്വൽജനങ്ങൾ, തങ്ങൾ പറയുന്ന കാര്യങ്ങൾ മററുള്ളവർ തെററിദ്ധരിക്കാതിരിക്കത്തക്കവണ്ണം മുൻകൂട്ടി ചിന്തിച്ചതിനുശേഷം മാത്രമെ അ

ങ്ങനെ ചെയ്യുകയുള്ളു. ഒരു മഹാൻ വിദ്യാസമ്പന്നന്മാരുടെ ലക്ഷണമായി പറയുന്നതു്, „അവർ മററുള്ളവർ കാര്യങ്ങൾ ഗ്രഹിക്കത്തക്കവണ്ണം സ്ഫുടമായും ദൃഢമായും പറക എന്നതിനെക്കാൾ, മററുള്ളവർ തെററിദ്ധരിക്കാത്തവിധം സംസാരിക്കുക എന്നതിലത്രെ ശ്രദ്ധിക്കുന്നതു്'' എന്നാകുന്നു. അതു് എത്രയും പരിപക്വമായ ഒരു ഹൃദയത്തിനല്ലാതെ സാദ്ധ്യമല്ല. പന്ത്രണ്ടു വാക്കുകൾ അടങ്ങിയ ഒരു കമ്പിവാചകം, ലഭിക്കുന്നവക്കു് മനസ്സിലാകത്തക്ക വിധത്തിൽ അയയ്ക്കുക എന്നതിനെക്കാൾ പ്രധാനമായിട്ടുള്ളതു്, യാതൊരു വിധത്തിലും അതു തെററിദ്ധരിക്കാൻ ഇടയാകാതവണ്ണം സൂക്ഷിക്കുക എന്നതത്രെ.

സംസാരത്തിൽ മാത്രമല്ല, എഴുത്തുകളിലും ഈ പ്രമാണം നിഷ്കർഷിക്കുന്നതു് അത്യാവശ്യം.

## 32 ഉത്തമസ്വഭാവങ്ങൾ

വിശിഷ്ട സ്വഭാവങ്ങൾ വല്ലപ്പോഴും മാത്രം നമ്മുടെ അനുഭവത്തിൽ വന്നതുകൊണ്ടു പ്രശംസിപ്പാൻ ഒന്നുമില്ല. അവ നമ്മുടെ ജീവിതത്തിൽ നൈസർഗ്ഗിക സ്വത്തായും ഭാവമായും ഇരിക്കേണ്ടതാകുന്നു. സൈക്കിൾ, മോട്ടോർ വാഹനങ്ങൾ മുതലായവ ഓടിക്കുന്നവർ, നിഷ്കർഷപൂർവ്വം ആചരിക്കേണ്ട അനേകം ഗതാഗതനിയമങ്ങൾ ഉണ്ടല്ലോ. എന്നാൽ പലപ്പോഴും ആവശ്യമില്ലെന്നു അവക്കു തോന്നുന്ന സമയത്തും, സ്ഥാനങ്ങളിലും, ആ വക ചട്ടങ്ങൾക്കു വിധേയരായിരിപ്പാൻ നിർബന്ധിതരാകുമ്പോൾ അവർ അക്ഷമരും, ക്രുദ്ധരും ആയിത്തീരുക സാധാരണമാണു്.

ജീവിതത്തിൻെറ എല്ലാ തുറകളിലും ഇപ്രകാരമുള്ള ചട്ടംകെട്ടുകൾക്കു മനുഷ്യൻ വിധേയമായിരിക്കേണ്ടതു് ആവ

ശ്യമാകുന്നു. എന്തുകൊണ്ടെന്നാൽ എപ്പോഴും നിയമങ്ങൾക്കു അനുസരണമായി ജീവിതത്തെ ക്രമീകരിക്കുന്നവൎക്കു മാത്രമെ, അവ പാലിക്കേണ്ട തക്ക അവസരങ്ങളിൽ അനായാസേന അവ പാലിപ്പാൻ സാദ്ധ്യമാകയുള്ളു. ആപൽസന്ധികൾ വരുമ്പോൾ ശരിയും തെററും നോക്കി ചെയ്യാൻ അവസരം ലഭിച്ചു എന്നുവരികയില്ല. നിയമങ്ങളെ അതിലംഘിക്കുന്നവർ, സ്വയമായി ആപൽഗത്തങ്ങളിൽ നിപതിക്കയും നിയമാനുസൃതമായ ശിക്ഷകൾക്കു യോഗ്യരാകയും ചെയ്യുന്നു.

ഇതിനു മറെറാരു വശംകൂടെയുണ്ടു്. നിയമങ്ങൾ പാലിക്കുന്നവർ അതിൽ തീക്ഷ്ണതയുള്ളവർ ആയിരിക്കണം. എപ്പോഴും ശരിയായി നിയമം പാലിക്കുന്നവർ വല്ലപ്പോഴും അലസരായിപ്പോയാൽ, അന്നുവരെയുള്ള നിയമനിഷ്ഠയിൽ പരാജിതരും അപമാനിതരുമായി തീരുമെന്നു് അവർ ഭയത്തോടെ കരുതേണ്ടതത്രെ.

അതുകൊണ്ടു് ഉത്തമമായ സ്വഭാവങ്ങൾ നമ്മുടെ സഹചാരികളായി നാം സ്വീകരിക്ക.

## 33 നേരെയുള്ള നോട്ടം.

ധനികനായ ഒരു യുവാവു് ഒരു പുതിയ മോട്ടോർ കാർ വാങ്ങി. അതു് ഓടിക്കുവാൻ പരിചയിക്കുന്നതിനു അതിവിദഗ്ധനായ ഒരു ഡ്റൈവറെ ലഭിച്ചു. അവൻ അഭ്യസനം പൂൎത്തിയാക്കിയതിനുശേഷം, ആദ്യമായി ജനനിബിഡമായ ഒരു തെരുവീഥിയിൽകൂടെ കാർ ഓടിക്കുവാൻ ഭാവിക്കുന്നതിനു മുൻപായി അവന്റെ അദ്ധ്യാപകൻ ഇപ്രകാരം അവനെ ഉപദേശിച്ചു. "കാർ നല്ലതും, ഓർഡറിൽ ഇരിക്കുന്നതുമാണു്. ധൈര്യമുള്ള കൈകളും, തെളിഞ്ഞ ബുദ്ധിയും ആവശ്യംതന്നെ. എന്നാൽ പാതയിൽനിന്നു ദൃഷ്ടി ഒരിക്കലും വ്യതിചലിപ്പിക്കരുതു്. മററു പല

ങ്ങും വാഹനങ്ങളും ഓടിച്ചു നിനക്കു് എതിരേയും പുറകിലു മായി വരും. പലതും കാണുന്നതിനും കേൾക്കുന്നതിനും ഉണ്ടായിരിക്കയും ചെയ്യും. പലരും നിന്നോടു സംഭാഷി ച്ചു എന്നും വരാം. അതിനൊക്കെയും നിൻെറ ഭാവംകൊ ണ്ടും, നാക്കുകൊണ്ടും, ഇഷ്ടമുള്ള ഉത്തരം കൊടുക്കാം എ ന്നാൽ റോഡിൽനിന്നു ഒരിക്കലും ദൃഷ്ടികൾ പറിക്കരുതു്. ഈ ഉപദേശം അനുസരിച്ചു പ്രവത്തിച്ചുകൊൾക.''

കാർ ഓടിക്കുന്നതിൽ മാത്രമല്ല, ജീവിതയാത്രയിലൊ ക്കയും നേരെ ദൃഷ്ടി ഉറപ്പിച്ചു മുൻപോട്ടു പോകുവാൻ നാം ശ്രദ്ധയുള്ളവരായിരിക്ക. നമ്മുടെ കഴിവുകളും, വിദ്യാഭ്യാ സ യോഗ്യതകളും, ധനസ്ഥിതിയും എന്തുതന്നെ ആയിരിക്ക ട്ടെ, ഉത്സാഹമുള്ള കൈകളും തെളിഞ്ഞ ബുദ്ധിയും നമുക്കു ആവശ്യമത്രെ. നിർദ്ദേശങ്ങളും, നിരൂപണങ്ങളും നാലു പുറത്തുനിന്നും നമുക്കു ഉണ്ടായി എന്നുവരാം. എന്നാൽ മന സ്സാക്ഷിയുടെ നേർപാതയിൽ ദൃഷ്ടിയുറപ്പിച്ചു മുൻപോട്ടു പോകാം.

## 34 പൊരുളും, നിഴലും.

ഏതു വസ്തുവിനും പൊരുളും നിഴലുമുണ്ടു്. പക്ഷേ വെളിച്ചമുണ്ടെങ്കിൽ മാത്രമെ നിഴൽ കാണുന്നുള്ളു. മാത്ര മല്ല വെളിച്ചം എത്രകണ്ടു ശോഭിതമായിരിക്കുന്നുവോ അ ത്രത്തോളം നിഴൽ ഇരുണ്ടതായിരിക്കും. അതുകൊണ്ടു സം ഗതികളുടെ ഇരുണ്ടവശം നമ്മെ നിരാശപ്പെടുത്തേണ്ടതില്ല. കാരണം പ്രകാശം മറുവശത്തുണ്ടു്. തിന്മയെ ജയിക്കുന്നതും തിന്മയെ തിന്മയായി കാണിക്കുന്നതും നന്മയാകുന്നു.

വെളിച്ചത്തിൽ നടക്കുന്നവൻെറ നിഴൽ മാത്രമെ മററു ള്ളവർ കാണുന്നുള്ളു. കേവലം ഇരുട്ടിൽ സഞ്ചരിക്കുന്നവർ മുററും അന്ധകാരമായിരിക്കുന്നു.

എന്നാൽ വെളിച്ചത്തിനു് അഭിമുഖമായി നില്ക്കയോ നടക്കുകയോ ചെയ്യുന്നവന്റെ നിഴൽ അവൻ കാണുന്നില്ല. എന്തുകൊണ്ടെന്നാൽ അതു് അവന്റെ പുറകിലത്രെ വീഴുന്നതു്. അവൻ നിഴലിനെ പുറംതള്ളി മുൻപോട്ടു പോകുന്നു.

നേരെ മറിച്ചു വെളിച്ചത്തിനു പുറംതിരിഞ്ഞു നില്ക്കയോ നടക്കയോ ചെയ്യുന്നവൻ തന്റെ നിഴൽ മുൻപിൽ കാണുകയും അതു് അവനെ ഭയപ്പെടുത്തുകയും നിരാശപ്പെടുത്തുകയും ചെയ്യുന്നു.

ദൈവം വെളിച്ചമാകുന്നു. ആ വെളിച്ചത്തിൽ ദൃഷ്ടി വെച്ചു മുൻപോട്ടു പോകുന്നവനു് ഇടർച്ചയ്ക്കു ഹേതുവില്ല.

## 35 ചിന്തയും നന്ദിയും.

ഇവ രണ്ടും സഹോദരിമാരത്രെ. ചിന്തിക്കുന്നവനു മാത്രമെ നന്ദിയുള്ളവനായിരിപ്പാൻ കഴികയുള്ളു. നിഷ്പക്ഷമായി ചിന്തിക്കുന്നവനു, താൻ അനുഭവിക്കുന്ന അനന്തമായ നന്മകൾ സ്വന്ത യോഗ്യതകൊണ്ടോ, പുണ്യംകൊണ്ടോ ലഭിച്ചതോ, ലഭിക്കുന്നതോ അല്ല എന്നു കാണ്മാൻസാധിക്കും. അപ്പോഴത്രെ അവന്റെ ഹൃദയത്തിൽ കൃതജ്ഞത വഴിഞ്ഞൊഴുകുന്നതു്.

എന്നാൽ നിർവ്വിചാരവും, നന്ദികേടും ദുഷ്ട സഹോദരികൾ ആകുന്നു. നന്ദികെട്ടവൻ, തനിക്കു ലഭിച്ച ദാനത്തിന്റെ ഉത്ഭവത്തെയും, ദാതാവിനേയുംപററി ചിന്തിക്കാതെ അടുത്ത ദാനത്തിനു കൈ നീട്ടുന്ന അത്യാഗ്രഹിയാകുന്നു. മനുഷ്യൻ നന്ദികെട്ടവനായാൽ മൃഗത്തിലും അധമനായി ഭവിക്കും. എന്തുകൊണ്ടെന്നാൽ മൃഗത്തിൽതന്നെയും നന്ദിയുള്ളവ ചുരുക്കമല്ല. "തന്നുടെ കാര്യം വന്നാലായതു സാധിപ്പിച്ച മന്നനെ മറന്നുപോമല്ലഴേ, മഹാപാപി"

എന്ന സാരോക്തി അനേകരെയും പാപികളാക്കി കാണുന്നുണ്ടു്.

## 36 തിരഞ്ഞെടുപ്പ്.

നന്മ, തിന്മകളായ ഇരുവഴികൾ സന്ധിക്കുന്ന അനവധി സ്ഥാനങ്ങൾ ഒരു മനുഷ്യന്റെ ജീവിതമാർഗ്ഗത്തിൽ നെടുനീളെ കാണാം. അങ്ങനെയുള്ള സന്ധി സ്ഥാനങ്ങളിൽ നിന്നുകൊണ്ടു, ഒരുവൻ സ്വയമേവ തിരഞ്ഞെടുക്കുന്ന പാതയെ ആശ്രയിച്ചത്രെ, അവന്റെ ജയവും അപജയവും, ലാഭവും നഷ്ടവും, ജീവനും മരണവും നിർണ്ണയിക്കപ്പെടുന്നതു്.

നല്ലതോ തീയതോ ആയ തിരഞ്ഞെടുപ്പിനു് ബാല്യപ്രായംപോലെ പററിയ ഒരു കാലം വേറില്ല. യാതൊരുവൻ ബാല്യം മുതൽ ഉത്തമമായ തീരുമാനങ്ങൾ ചെയ്തു മുമ്പോട്ടു പോകുന്നുവോ, അവനെ ഉലച്ചുകളവാൻ യാതൊന്നിനും സാദ്ധ്യമല്ല.

എത്രാമത്തെ കുടിയാണു് ഒരുവനെ മദ്യപനാക്കിയതു എന്നു ചോദിച്ചാൽ, അവൻ, മദ്യം രുചിനോക്കിയ ആദ്യത്തെ കുടിതന്നെ എന്നത്രെ അതിനു് ഉത്തരം. അതുപോലെതന്നെ ഒരേ ഒരു വെട്ടിനാൽ ഒരു വലിയ വൃക്ഷം നിലംപതിക്കുന്നില്ല. എങ്കിലും ആ മരം മുറിപ്പാനായി കോടാലി (മഴു) കൊണ്ടു വെട്ടിയ ആദ്യത്തെ വെട്ടു്, അതിന്റെ വീഴ്ചയിൽ പ്രധാന പങ്കു വഹിക്കുന്നു എന്നു മറക്കാവതല്ല. മദ്യപന്മാരുടെ ക്രമാനുഗതമായ ആസക്തിയെപററി ഒരു രസിക കവി വിവരിച്ചിട്ടുള്ളതു് "കാകൻ, കൊക്കു്, ചെറുകിളി, ഹനുമാൻ, കുംഭകർണ്ണൻ" എന്നിങ്ങനെയത്രെ.

അതുകൊണ്ടു ബാല്യത്തിൽതന്നെ തിന്മയുടെ നാമ്പു് നുള്ളിക്കളഞ്ഞു, നന്മയെ വളർത്തുവാൻ നാം ഉത്സാഹിക്ക.

# 37 പരീക്ഷണം

രത്നവ്യാപാരികൾ രത്നക്കല്ലുകൾ പരിശോധിക്കുന്ന ഒരു മാർഗ്ഗം താഴെ പറയുംപ്രകാരമാണ്. സാക്ഷാലുള്ള രത്നക്കല്ലുകളും, കൃത്രിമക്കല്ലുകളും ഉണ്ട്. അവ പ്രഥമ കാഴ്ചയിൽ ഒരുപോലെ ഇരിക്കും. എന്നാൽ അവ തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കുവാൻ ഓരോ കല്ലും, വെള്ളത്തിൽ ഇട്ടുനോക്കുക. സാക്ഷാൽ രത്നം വെള്ളത്തിൽ രശ്മി ചിതറി ജ്വലിക്കുന്നതായി കാണാം. കൃത്രിമ രത്നമാകട്ടെ നിഷ്പ്രഭമായിരിക്കും. ഇവ തമ്മിലുള്ള വ്യത്യാസം കുറേക്കൂടെ സ്പഷ്ടമായി വീക്ഷിക്കണമെങ്കിൽ രണ്ടു കല്ലുകളും ഒരേ പാത്രത്തിലെ വെള്ളത്തിൽ ഇട്ടു നോക്കുക. അപ്പോൾ അറിയാം അവ തമ്മിലുള്ള അതുല്യമായ അന്തരം.

ഇതുപോലെതന്നെയാണ് മനുഷ്യനെ പരിശോധിച്ചറിയേണ്ടതും. പരീക്ഷകളും, പോരാട്ടങ്ങളും വരുമ്പോഴത്രെ ഒരുവൻെറ ധൈര്യം, വിശ്വാസം, വിശ്വസ്തത എന്നീ ശ്രേഷ്ഠഗുണങ്ങൾ പ്രത്യക്ഷപ്പെടുന്നതു്. സ്ഫുടംചെയ്യുമ്പോൾ സ്വർണ്ണത്തിൻെറ മാററു വെളിപ്പെടുന്നതുപോലെ തന്നെ.

# 38 രണ്ടു സ്വഭാവങ്ങൾ.

മനുഷ്യനിൽ കാണുന്ന സ്വഭാവങ്ങൾ രണ്ടുവിധത്തിൽ അവനു ലഭിച്ചിട്ടുള്ളതാണ്. ഒന്നു ജന്മനാൽ കിട്ടിയതു്, രണ്ടാമത്തേതു് അവൻ കൈവശമാക്കിയതു്. കണ്ണിൻെറ നേരെ എന്തെങ്കിലും വരുമ്പോൾ കണ്ണു് അടച്ചുകളയുന്നതു ജന്മനാലുള്ളതു്. പ്രായംചെന്നവരോ മറേറാ നേരെ വരുമ്പോൾ ആദരപൂർവ്വം എഴുന്നേല്ക്കുന്നതു് അവൻെറ പരിശീലനത്താൽ ലഭിച്ചതു്. ഈ രണ്ടു സ്വഭാവങ്ങളും വളരെ ഒന്നും ചിന്തിക്കാതെതന്നെ ഒരുവൻ പ്രകടിപ്പിക്കുന്നു.

പക്ഷെ, ആദ്യത്തേതിന്നു മനുഷ്യജാതിയോളംതന്നെ പഴക്കവും, രണ്ടാമത്തേതിന്നു മനുഷ്യനു ലഭിച്ച പരിചയത്തിൻെറയും അഭ്യസനത്തിൻെറയും പഴക്കവുമത്രെ ഉള്ളതു്.

ഇതിൽ രണ്ടാമത്തേതായി സമ്പാദിച്ച സ്വഭാവം, അവൻെറ ഭവനം, ബാല്യം, സാഹചര്യം, സ്നേഹിതന്മാർ മുതലായവയെ ആശ്രയിച്ചിരിക്കും. ഒരുവൻ കൈവശമാക്കിയ സ്വഭാവമത്രെ അവൻെറ യോഗ്യതായോഗ്യതകളെ നിർണ്ണയിക്കുന്നതു്.

## 39 സ്നേഹവും സന്തോഷവും

നമ്മെ ഏററവുമധികം സ്നേഹിക്കുന്നവരേയും, കൂടുതൽ സ്നേഹസ്വഭാവമുള്ളവരേയും സന്തോഷിപ്പിക്കുവാനും, ചിരിപ്പിക്കാനും വളരെ എളുപ്പമാണു്. അതുകൊണ്ടാണു, മററുള്ളവർക്കു രസത്തിന്നോ, സന്തോഷത്തിന്നോ ഒട്ടും വക കാണാത്ത കാര്യങ്ങളിൽപോലും തങ്ങളുടെ അമ്മമാരെ ചിരിപ്പിക്കുന്നതിനും, രസിപ്പിക്കുന്നതിനും കുഞ്ഞുങ്ങൾക്കു സാധിക്കുന്നതു്. കുഞ്ഞുങ്ങളുടെ കൊഞ്ചിയ സംസാരവും, പിച്ചപ്പിച്ചവെപ്പും എന്നുവേണ്ട സമസ്ത പ്രമാദങ്ങളും പെററമ്മമാരെ സന്തോഷിപ്പിക്കും. അതു് എന്തുകൊണ്ടു്? മററുള്ളവർക്കു കാണാൻ കഴിയാത്ത എന്തോ ഒന്നു് അമ്മമാർക്കു് അവരുടെ കുഞ്ഞുങ്ങളിൽ കാണാൻ കഴിയുന്നു എന്നതു തന്നെ.

നേരെ മറിച്ചു സ്നേഹമില്ലാത്തവരെ സന്തോഷിപ്പിക്കാൻ എത്ര പ്രയാസം! പരമരസികത്വങ്ങളോ മനംകവരുന്ന സംഭവങ്ങളോ, സ്നേഹമില്ലാത്ത ഹൃദയത്തിൽ യാതൊരു ഭാവഭേദവും ഉളവാക്കുകയില്ല. എന്തുകൊണ്ടെന്നാൽ സ്നേഹത്തിന്നു മാത്രമേ, സന്തോഷിപ്പാൻ കഴികയുള്ളു.

"ദൈവം സ്നേഹംതന്നെ ആകുന്നു". സ്നേഹസ്വരൂപ

നായ ദൈവത്തെ എളുപ്പത്തിൽ സന്തോഷിപ്പിക്കാം. അതുകൊണ്ടത്രെ പശ്ചാത്തപിക്കുന്ന പാപിയിൽ ദൈവം മനസ്സലിയുകയും, അവനിൽ പ്രസാദിക്കയും ചെയ്യുന്നതു്.

## 40 ഏതു് വലുതു്?

ശക്തിയോ, ബുദ്ധിയോ? ശരീരമോ, മനസ്സോ? തീർച്ചയായും ശരീരത്തെക്കാൾ മനസ്സും, ശക്തിയെക്കാൾ ബുദ്ധിയും വലുതത്രെ. ലോകത്തിൽ മനുഷ്യന്റെ അഭിവൃദ്ധിക്കും, അതുപോലെ വിനാശത്തിനും കാരണമായ അനവധി കണ്ടുപിടുത്തങ്ങൾ ഉണ്ടല്ലോ. അവയൊന്നും മനുഷ്യന്റെ കരചരണാദ്യവയവങ്ങളല്ല, പ്രത്യുത അവന്റെ മനസ്സ് (ബുദ്ധി) അത്രെ കണ്ടുപിടിച്ചതു്. നിർമ്മാണപദ്ധതികളിൽ പെട്ട ഭീമമായ കെട്ടിടങ്ങൾ, പാലങ്ങൾ, അണക്കെട്ടുകൾ, യന്ത്രങ്ങൾ ഇവയെല്ലാം നമ്മിൽ വലുതായ ആശ്ചര്യമുളവാക്കുന്നവതന്നെ. പക്ഷേ അവയുടെ മുമ്പിൽനിന്നുകൊണ്ടു്, അമ്പരന്നു നോക്കുന്നവൻ, അവയുടെ ബഹിർരൂപത്തെയല്ല, നേരെ മറിച്ചു് അവയ്ക്കു പിമ്പിൽ പ്രവർത്തിച്ച മാനസിക ബുദ്ധിയേയും, ശക്തിയേയുമത്രെ ദർശിക്കുന്നതു്.

അതുപോലെ, വിനാശകരവും, ഭീകരവുമായ യന്ത്രതോക്കുകൾ, വജ്രായുധങ്ങൾ, ഇങ്ങേയററം ആററംബോമ്പുകൾ, ഇവയൊന്നുംതന്നെ മാനസ്സിക ശക്തിയെ തോല്പിപ്പാൻ പര്യാപ്തമായതല്ല. എന്തുകൊണ്ടെന്നാൽ മനുഷ്യമനസ്സത്രെ അവയുടെ യജമാനനും ജനയിതാവുമായിരിക്കുന്നതു. തോക്കുകളുടെയും, വാളുകളുടെയും മുമ്പിൽ മനസ്സ മന്ദഹസിക്കുന്നു. മനസ്സ്—അതു പീരങ്കിയുണ്ടകളെ മൗനമാക്കുന്നു. വാളുകളുടെ വായ്ത്തലകളെ മടക്കുന്നു. തീയുടെ ജ്വാലയെ കെടുത്തിക്കളയുന്നു. ഇവയെല്ലാം ചരിത്രം തെളിയിച്ച സത്യങ്ങളത്രെ. ചുരുക്കത്തിൽ, ആശയം ആയുധത്തെ 'അടിയറ' പറയിക്കുന്നു.

അതുകൊണ്ടു മനസ്സിനെ ശക്തീകരിക്കയും, വിശുദ്ധമാക്കയും ചെയ്ക. എന്തുകൊണ്ടെന്നാൽ “ജിതമാനസൻ പട്ടണം പിടിക്കുന്നവനിലും ശ്രേഷ്ഠൻ” എന്നു ‘ജ്ഞാനികളുടെ ജ്ഞാനി’യായ സോളമൻ പറഞ്ഞിരിക്കുന്നു.

# 41 ഭവനം.

സ്വന്ത ഭവനത്തെപ്പോലെ അത്രയും ആശ്വാസം നൽകുന്ന സ്ഥാനം മനുഷ്യനു മററില്ല. സ്നേഹത്തിൻെറയും, സന്തോഷത്തിൻെറയും, പരസ്പര വിശ്വാസത്തിൻെറയും പരിപൂർണ്ണ സ്വാതന്ത്ര്യത്തിൻെറയും ഒരു ആസ്ഥാനമത്രേ അതു്. അഥവാ, ഭവനം അങ്ങനെയത്രെ ഒരുവനു ആയിരിക്കേണ്ടതു്. അമ്മയുടെ ഉദരത്തിലെ പത്തു മാസത്തെ “സുഖവാസ”ത്തിനു ശേഷം, മനുഷ്യൻ ശിഷ്ടായുസ്സ് ഒരു ഭവനത്തിൻെറ ശീതളച്ഛായയിൽ കഴിച്ചുകൂട്ടുന്നു.

വിദൂരത്തുനിന്നു യാത്രാക്ലേശിതനായി വരുന്ന ഒരുവനെ നോക്കുക. അവൻ തൻെറ വീടിനെ ലക്ഷ്യമാക്കി പ്രയാണം ചെയ്യുന്നു. പലതരം ആശാമുകുരങ്ങൾ അവൻെറ ഹൃദയത്തിൽ മൊട്ടിട്ടുനില്ക്കുന്നുണ്ടു്. വീട്ടിൽ അവനെ കാത്തിരിക്കുന്ന അവൻെറ ഭാര്യയും, കുഞ്ഞുങ്ങളും മററും സ്നേഹപൂർവ്വം അവനെ സ്വാഗതംചെയ്യാൻ സമീപിക്കുന്നതായി അവൻ കാണുന്നു. അവിടെ ചെന്നു അവൻെറ പൊടിയും അഴുക്കും പുരണ്ട കൈകാലുകളും, മുഖവും കുളുക്കെ കഴുകിതണുപ്പിക്കാം. അവൻെറ വസ്ത്രം മാററി ശരീരത്തെ കാററുകൊള്ളിക്കാം. നീണ്ടുനിവന്നു കിടന്നൊന്നു വിശ്രമിക്കാം. ആഹാരപാനീയങ്ങൾ കഴിച്ചു വേണമെങ്കിൽ ഒന്നു മയങ്ങാം. ഹാ! എന്തു് ആശ്വാസം! എന്തൊരു സ്വാതന്ത്ര്യം!

യാത്രാമദ്ധ്യേ അവൻ കടന്നുപോന്ന യാതൊരു ഭവന

ത്തിലും ഈദൃശ സുഖവും സ്വാതന്ത്ര്യവും അവനു ലഭിച്ചു എന്നു വരുമോ? അവൻെറ സ്നേഹിതന്മാരുടെയും, ബന്ധുക്കളുടെയും വീടുകളിൽ കാൽ മടക്കത്തിനു മാത്രം കയറി അല്പം വിശ്രമിക്കാമെന്നിരുന്നാലും, പരിപൂർണ്ണമായ സുഖവും സന്തോഷവും ഒരുവന് അവൻെറ ഭവനത്തിൽ മാത്രം. ഇതു ഒരുവൻെറ ഭവനത്തിൻെറ മനോഹരതയിലോ, ധനത്തിൻെറ സമൃദ്ധിയിലോ, ആഹാരാദികളുടെ ആസ്വാദ്യതയിലോ അല്ല — പ്രത്യുത "തങ്കംകൊണ്ടുള്ളതേക്കാൾ, എൻ കൂടത്രെ സുഖം തുലോം" എന്നുള്ള തത്തയുടെ മധുരമൊഴിയിലത്രെ മറഞ്ഞിരിക്കുന്നതു്. യഥാർത്ഥ കുടുംബങ്ങളും, കുടുംബജീവിതവും സ്വർഗ്ഗീയാനുഭവങ്ങൾ ഭൂമിയിൽ പ്രദാനം ചെയ്യുന്നു.

## 42 മുട്ടിന്മേൽ.

ഒരിക്കൽ ജോർജ് ആഡംസ്മിത്തു് എന്ന ദേഹം എത്രയും ഉയൎന്ന ഒരു കൊടുമുടിയിൽ കയറുവാൻ ശ്രമിച്ചു. രണ്ടുപേർ തനിക്കു വഴികാട്ടികളായിട്ടുണ്ടായിരുന്നു. എല്ലാവരിലും മുൻപായി തനിക്കു ആ പർവ്വതശിഖരത്തിൽ എത്തി നാലുപാടുമുള്ള രമണീയ കാഴ്ച കണ്ടു് ആനന്ദിക്കണമെന്ന അത്യാശയാൽ അദ്ദേഹം ഉത്സാഹത്തോടെ മുമ്പോട്ടു പൊയ്ക്കൊണ്ടിരുന്നു. അങ്ങനെ അദ്ദേഹം ആ കൊടുമുടിയിൽ എത്തിച്ചേൎന്നു, ചുററുപാടും കാണുവാൻ നിവൎന്നു തലഉയൎത്തി നിന്നു. ഉടനെ വഴികാട്ടികളിൽ പ്രധാനി ഇങ്ങനെ വിളിച്ചുപറഞ്ഞു. "അങ്ങുന്നേ മുട്ടിന്മേൽ, മുട്ടിന്മേൽ". സ്മിത്തിനു കാൎയ്യം മനസ്സിലായി. അദ്ദേഹം കുനിഞ്ഞു മുട്ടിന്മേൽ നിന്നുകൊണ്ടു മാത്രം ചുററുപാടുകളെ വീക്ഷിച്ചു. കാരണം അവിടെ പ്രചണ്ഡമായ കാററടിച്ചുകൊണ്ടിരുന്നതിനാൽ നിവൎന്നു നിന്നിരുന്നെങ്കിൽ താഴെ വീണു ജീവാപായം സംഭവിക്കുമായിരുന്നു.

തന്നെത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടുമെന്നുള്ളതു കൊണ്ടു "നില്ക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ സൂക്ഷിക്കട്ടെ". അഥവാ അവൻ മുട്ടിന്മേൽ നില്ക്കട്ടെ.

# 43 ജീവിത സംഗീതം

മനുഷ്യജീവിതത്തെ, വിവിധ സംഗീതസാമഗ്രികളോടുകൂടിയ, ഒരു പാട്ടുകച്ചേരിയോടു ഉപമിക്കാം. പാട്ടുകച്ചേരിയിൽ ഉച്ചനീചശബ്ദങ്ങൾ പുറപ്പെടുവിക്കുന്ന അനവധി ഉപകരണങ്ങൾ ഉണ്ടായിരിക്കുമല്ലോ. അതുപോലെ മനുഷ്യഹൃദയത്തിലെ സ്നേഹം, കരുണ, ദയ, ക്ഷമ, പരോപകാരം മുതലായ മൃദുലവികാരങ്ങൾ, നേരിയതും ഇമ്പമുള്ളതുമായ ശബ്ദം പുറപ്പെടുവിക്കുന്ന സാമഗ്രികൾ ആണെന്നു പറയാം. അവൻെറ സാമൂഹ്യമായ താല്പര്യങ്ങൾ, പ്രവൎത്തനങ്ങൾ, ധാൎമ്മികമായ ബോധം, നീതിന്യായ വാദങ്ങൾ ഇവയെല്ലാം ഉച്ചശബ്ദങ്ങൾ പുറപ്പെടുവിക്കുന്ന ഉപകരണങ്ങളും ആകുന്നു. ഇവയുടെ സമുചിതമായ സമ്മേളനത്തിലത്രെ (harmony) ജീവിതസംഗീതം ശ്രോതാക്കൾക്കു ഹൃദ്യമധുരവും, അനുഭവവേദ്യവുമായിത്തീരുന്നതു്. എന്നാൽ ചിലരുടെ ജീവിതം കേവലം താഴ്ന്ന സ്വരം മാത്രം പുറപ്പെടുവിച്ചു, സദസ്സിനെ മന്ദീഭവിപ്പിക്കുന്നതുപോലെ ആകുന്നു. മററ ചിലരാകട്ടെ, ഉച്ചശബ്ദങ്ങൾ പുറപ്പെടുവിച്ചും, പെരുമ്പറ കൊട്ടിയും സംഗീതത്തിൻെറ ആസ്വാദ്യത നഷ്ടപ്പെടുത്തിക്കളയുന്നു. അവർ സംഗീതത്തെ അലങ്കോലപ്പെടുത്തുന്നു.

പൊരുത്തമില്ലാത്ത ജീവിതസ്വഭാവങ്ങൾ ഒരിക്കലും ഇപ്രകാരമായ അനുഭവങ്ങൾ ഉളവാക്കുകയില്ല.

## 44 നന്നായി ചെയ്യു.

"ഒരിക്കലൊന്നേ ചെയ്യാവൂ—നന്നായായതു ചെയ്യണം" എന്നു ഒരു മഹദ്വചനമുണ്ട്. ചെയ്യുന്ന കാൎയ്യങ്ങാം ഏററം ചെറുതോ, അല്പമോ ആയിരുന്നാലും ആയതു സൎവ്വ കഴിവും ഉപയോഗിച്ചു ചന്തമായും, കൃത്യമായും ചെയ്യുന്നതത്രേ ഒരു ശ്രേഷ്ഠമായ വ്യക്തിത്വത്തിൻെറ ലക്ഷണം. അങ്ങനെയുള്ളവർ അല്പത്തിലിളകുന്നവരോ, വൃതിചലിക്കുന്നവരോ ആയിരിക്കയില്ല.

നേരെ മറിച്ചു, മററൊരു കൂട്ടരുണ്ട്. അവർ വളരെ കാൎയ്യങ്ങാംക്കു ആരംഭമിടുകയും, പലതും പ്രവൎത്തിക്കുകയും ചെയ്യുമെങ്കിലും, ഒന്നും പൂൎത്തിയാക്കുവാനോ, ഭംഗിവരുത്തുവാനോ കഴിയാതെ എല്ലാം കുഴച്ചുമറിക്കുന്നവർ അത്രേ. അവർ അല്പത്തിൽ ഇളകുകയും, തളൎന്നുപോകയും ചെയ്യുന്നു. പ്രവൎത്തനങ്ങളുടെ പെരുപ്പത്തിലല്ല, അവയുടെ ശരിയായ പൂൎത്തീകരണത്തിലത്രെ പ്രശംസിപ്പാനുള്ളതു്.

"അവൻ സകലവും നന്നായി ചെയ്തു" എന്നു യേശുക്രിസ്തുവിനെ കുറിച്ചു വിശുദ്ധവേദം സാക്ഷിക്കുന്നു.

## 45 ഓർമ്മശക്തി

ഓൎമ്മശക്തിയിൽ അധിതീയരായ ചില ആംഗലേയ മഹാന്മാർ ജീവിച്ചിരുന്നു.

Dr. Johnson താൻ കണ്ടതും, കേട്ടതും, വായിച്ചതുമായ ഒന്നും മറക്കുമായിരുന്നില്ല. Burke, Clarendon Gibbon, Locke, Tillotson ഇങ്ങനെയുള്ള മഹാന്മാർ എല്ലാം ഓൎമ്മയിൽ വലിയ ശക്തന്മാർ ആയിരുന്നു എന്നു പറയുന്നു. Pascal-ഉം Grotius-സ്സും തങ്ങാം എഴുതിയവ ഒന്നും മറക്കുകയില്ലത്രെ. Ben Jonson താൻ എഴുതിയിട്ടുള്ള സകലഗ്രന്ഥങ്ങളും, വായിച്ചിട്ടുള്ള സകലപുസ്തകങ്ങ

ളും മനഃപാഠം ഉരുവിടും എന്നും പറയുന്നു. Themistocles ആതൻസിൽ ഉണ്ടായിരുന്ന ഇരുപതിനായിരം പേരുടെ പേരും തെററുകൂടാതെ പറയുമായിരുന്നു. Cyrus എന്ന സൈന്യാധിപന്നു തൻെറ സൈന്യത്തിലുള്ള എല്ലാ പട്ടാളക്കാരനേയും പേരിനാലറിയാമായിരുന്നു. റോമിലെ പ്രസിദ്ധ വാഗ്മി ആയിരുന്ന Hortensius ഒരു വലിയ കച്ചവടസ്ഥലത്തു ഒരു ദിവസം മുഴുവനും ഇരുന്നാൽ, ആരെല്ലാം എന്തെല്ലാം ഇന്ന വിലയ്ക്കു വാങ്ങി എന്നു ക്ലിപ്തമായി പറയുമായിരുന്നത്രെ. Niebuhr എന്ന ചരിത്രകാരൻ വലിയ ഓമ്മശക്തിയുള്ള ഒരാറം ആയിരുന്നു. ഒരിക്കൽ അദ്ദേഹത്തിൻെമ യൗവ്വനകാലത്തു് ഒരു ആഫീസിൽ ജോലിയായിരുന്നപ്പോഠം, ഒരു നാഠംവഴിപുസ്തകത്തിൻെറ ഏതാനും പേജുകഠം നഷ്ടപ്പെട്ടുപോയി. എന്നാൽ അദ്ദേഹം തൻെറ ഓമ്മയിൽനിന്നു ആ ഭാഗങ്ങഠം എല്ലാം എഴുതിത്തീത്തു എന്നു പറയുന്നു.

മനുഷ്യൻ ഇത്രയും അത്ഭുതകരമായി ഓമ്മശക്തി ഉള്ളവൻ എങ്കിൽ ദൈവമോ?

"അവൻ നക്ഷത്രങ്ങളെ പേർ ചൊല്ലി വിളിക്കുന്നു" എന്നു ദൈവത്തിൻെറ ഓമ്മയേയും, സൃഷ്ടികളോടുള്ള തൻെറ കരുതലിനേയും കുറിച്ചു വേദം ഘോഷിക്കുന്നു. "ദൈവം നമ്മെ ഓത്തിരിക്കുന്നു".

## 46 ദുഃഖവും ഉയർച്ചയും

ജീവിതം വിഭിന്ന അനുഭവങ്ങളുടെ രംഗമാകുന്നു എപ്പോഴും സുഖത്തിൻെറയും, വിശ്രമത്തിൻെറയും, പരപ്രശംസയുടെയും മെത്തമേൽ ആയിരിക്കുന്നതു യാതൊരുവനും ഗുണകരമല്ല. അവ, ബാഹ്യമായി അവനെ ലാളിക്കുന്നു എന്നിരുന്നാലും, ആന്തരികമായി അവനെ നശിപ്പിക്കയത്രെ

ചെയ്യുന്നതു്. പരുക്കനായ അനുഭവങ്ങൾ ഒരുവനെ ജീവിതമത്സരത്തിൽ വിജയിയാക്കും. "ബാല്യത്തിൽ നുകം ചുമക്കുന്നതു് പുരുഷനു നല്ലതു്". പലപ്പോഴും കയ്പേറിയ അനുഭവമത്രെ പിന്നീടു് ജീവിതത്തെ ആസ്വാദ്യതരമാക്കുന്നതു്. "വിത്തു ചുമന്നു കരഞ്ഞുംകൊണ്ടു വിതയ്ക്കുന്നവൻ കററ ചുമന്നു സന്തോഷിച്ചുംകൊണ്ടു വരുന്നു." മഹാനായ മിൽട്ടനെപ്പററി പറഞ്ഞിരിക്കുന്നതു് "അവൻെറ ഉയർച്ചയുടെ വേരുകൾ, അവൻെറ കഷ്ടതയുടെ ആഴത്തിൽ സ്ഥിതിചെയ്യുന്നു" എന്നത്രെ. "നിൻെറ (ദൈവത്തിൻെറ) ചട്ടങ്ങൾ പഠിപ്പാൻ തക്കവണ്ണം ഞാൻ കഷ്ടത്തിലായിരുന്നതു എനിക്കു ഗുണമായി" എന്നു ഭക്തനായ ദാവീദു രാജാവു് പറഞ്ഞിരിക്കുന്നു. കഷ്ടതയെ സന്തോഷത്തിൻെറ ദാസന്മാരാക്കുന്നവർ ഉയർച്ച പ്രാപിക്കും.

# 47 കൃഷിയുടെ മാഹാത്മ്യം

സകല വ്യവസായങ്ങളുടെയും പ്രഥമസ്ഥാനം കൃഷിക്കാണു് കൊടുക്കേണ്ടതു്. കാരണം, കർഷകനാണു് സകലവിധ യന്ത്രശാലകൾക്കും, വാണിജ്യങ്ങൾക്കും, കൈത്തൊഴിലുകൾക്കും ആവശ്യമായ വിഭവങ്ങൾ കൊടുക്കുന്നതു്. അവൻെറ വിളനിലങ്ങളാണു് ലോകത്തിലുള്ള ജനകോടികൾക്കു അതാതു ദിവസത്തേക്കുള്ള ആഹാരസാധനങ്ങൾ സംഭരിക്കുന്ന സംഭാരകേന്ദ്രങ്ങൾ. അവൻെറ കൃഷിസ്ഥലങ്ങളിൽനിന്നാണു് മനുഷ്യനു നഗ്നത മറപ്പാനുള്ള വസ്ത്രത്തിന്നു ആവശ്യമായ വിഭവങ്ങൾ ലഭിക്കുന്നതു്. ഗവമ്മെൻറിനെ താങ്ങിനിർത്തുന്ന ബലവത്തായ തൂണും കർഷകൻതന്നെ. വിദ്യാഭ്യാസ പുരോഗമനവും, ശാസ്ത്രീയ ഗവേഷണങ്ങളും, എന്നുവേണ്ട ലോകത്തിൽ ഉപകാരപ്രദമായ സമസ്തവും കർഷകനെ ആശ്രയിച്ചത്രെ ഇരിക്കുന്നതു്. കർഷകൻ ലോകത്തെ അലങ്കരിക്കയും അനുഗ്രഹിക്കയും ചെയ്യുന്നു.

ദൈവത്തെ തന്നെയും, വ്യവസായിയോടു ചേർത്തു ചിന്തിക്കുന്നതിനേക്കാൾ, ഉത്തമനായ ഒരു കർഷകനോടു ഉപമിച്ചു ചിന്തിക്കുന്നതു രസാവഹമായിരുക്കും. ലോകം ദൈവത്തിൻെറ വയൽ പ്രദേശവും, തോട്ടവും, ഉദ്യാനവുമത്രെ. ദൈവംതന്നെ അതിൻെറ ഉടമസ്ഥനും ഉത്തമനമായ കൃഷിക്കാരൻ! മനുഷ്യൻ ദൈവത്തിനു കൂട്ടുപ്രവർത്തകൻ!

# 48 നിരുത്സാഹനം

പ്രോത്സാഹനമാണ് സകലക്കും ആവശ്യമായിരിക്കുന്നതു് എന്നിരുന്നാലും, ചിലരെ ചിലപ്പോൾ നിരുത്സാഹപ്പെടുത്തേണ്ടതു് അത്യന്താപേക്ഷിതമാകുന്നു. അല്ലെങ്കിൽ തങ്ങൾ പറയുന്നതും, എഴുതുന്നതും, ചെയ്യുന്നതുമെല്ലാം ശരിയെന്നും, നല്ലതെന്നുമുള്ള അഹങ്കാരം അവരിൽ അങ്കുരിച്ചിട്ടു, വലിയ വിപത്തുകൾക്കു ഇടവരുത്തും. നിരൂപണങ്ങളും എതിർപ്പുകളും ഇല്ലെങ്കിൽ ജീവിതവൃത്തികളിൽ അഭിവൃദ്ധിയുണ്ടാകയില്ല. തങ്ങളുടെ ശരീര ശക്തിയിൽ അഹങ്കരിക്കുന്നവക്കു്, ചിലപ്പോൾ ഏററമുട്ടലുകളുടെയും തിരിച്ചടികളുടെയും ആവശ്യമുണ്ടു്. താൻ ഒരു വാഗ്മിയെന്നു് സ്വയം അഭിമാനിക്കുന്നവന്നു്, ചിലപ്പോൾ നിശിത വിമർശനങ്ങളെ അഭിമുഖീകരിപ്പാൻ ഇടവരുന്നില്ലെങ്കിൽ, അവൻെറ വാഗ്മിത്വം ക്രമേണ വങ്കത്തരമായി മാറാം. ഒരു എഴുത്തുകാരന്നു് ന്യായമായ നിരൂപണങ്ങൾ ലഭിക്കാതെ പോയാൽ, എന്തുമേതും എഴുതിവിട്ടു, അവൻ സാഹിത്യത്തെ അപമാനിക്കയും, അധഃപതിപ്പിക്കയും ചെയ്തു എന്നുവരാം. ഇങ്ങനെ നോക്കിയാൽ പ്രോത്സാഹനത്തെപോലെതന്നെ, നിരുത്സാഹനവും ജീവിതമത്സരത്തിൽ ഒഴിച്ചുകൂടാൻ പാടില്ല എന്നു കാണ്മാൻ കഴിയും.

## 49 ദുർസ്വഭാവങ്ങൾ.

ചെടികളെയും, അവയുടെ ഫലങ്ങളെയും, നശിപ്പിച്ചുകളയുന്ന പുഴുക്കളുണ്ടല്ലോ. അവയെ നിർമ്മൂലനം ചെയ്യാൻ രണ്ടു മാർഗ്ഗങ്ങൾ സ്വീകരിക്കാം. ഒന്നു്, അവയെ കൊന്നൊടുക്കുന്ന ഒരുതരം വിഷദ്രാവകം ചെടികളിൽ തളിക്കുക എന്നുള്ളതാണു്. ഇതു പ്രയാസമേറിയതും, വിനാശകരവുമായ ഒരു പദ്ധതിയത്രെ. ആ വിഷദ്രാവകം ചിലപ്പോൾ ചെടികളെതന്നെ നശിപ്പിച്ചു എന്നു വരാം.

രണ്ടാമത്തെ മാർഗ്ഗം, പ്രസ്തുത പുഴുക്കളെ തിന്നൊടുക്കുന്ന ഒരുതരം കൊച്ചു കിളികളെ വളർത്തുകയാണു്. അങ്ങിനെ ചെയ്യുന്നതുകൊണ്ടു ചെടികൾക്കു നാശമില്ല; മാത്രമല്ല അനവധി ചെറുകിളികളുടെ ആഹാരവും സാധിക്കുന്നു.

പാപസ്വഭാവത്തിന്മേലും പ്രസ്തുത രണ്ടു മാർഗ്ഗങ്ങൾ മനുഷ്യൻ പ്രയോഗിച്ചുവരുന്നു. നിയമംകൊണ്ടും, അധികാരംകൊണ്ടും, ദുർസ്വഭാവങ്ങളെ അമർച്ച ചെയ്യുന്നതു് ആപല്ക്കരമത്രെ. നേരെ മറിച്ചു, തിന്മയെപ്പററി ചിന്തിപ്പാൻ അവസരം കൊടുക്കാതെവണ്ണം, നന്മയായ ചിന്തകൊണ്ടും, പ്രവൎത്തനംകൊണ്ടും ജീവിതത്തെ നിറയ്ക്കുന്നുവെങ്കിൽ, തിന്മ താനേ നിർമ്മാജ്ജനം ചെയ്യപ്പെടും.

“ഞാൻ നിന്നോടു പാപം ചെയ്യാതിരിക്കേണ്ടതിനു്, നിന്റെ (ദൈവത്തിന്റെ) ചട്ടങ്ങളെ എന്റെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു” എന്നു ഭക്തനായ ദാവീദു രാജാവു പറഞ്ഞിരിക്കുന്നു.

## 50 ഹൃദയത്തെ കരുതുക

മനുഷ്യൻ തന്റെ ശരീരത്തിന്റെ മേന്മയ്ക്കും പുഷ്ടിയ്ക്കും, ഉദരപൂരണത്തിനുമായി ചെയ്യുന്ന കാര്യങ്ങൾ കുറച്ചൊന്നുമല്ല. ദിവസവും പ്രഭാതത്തിൽ എഴുന്നേററു പല്ലു

ത്തേച്ച വൃത്തിയാക്കുന്നു. മുഖവും കൈകാലുകളും വെടിപ്പാക്കുന്നു; സ്നാനം ചെയ്യുന്നു. ദേഹത്തിൽ ആവശ്യമായ എണ്ണയും തൈലവും പുരട്ടുന്നു. വാസനദ്രവ്യങ്ങൾ പൂശുന്നു, മുടി ചീകി വെടിപ്പാക്കുന്നു. വസ്ത്രം, ആഭരണം മുതലായവ അണിയുന്നു. ഈ വിധത്തിൽ മനുഷ്യൻ ദിനംതോറും തന്റെ ശരീരത്തിന്നായി വിനിയോഗിക്കുന്ന സമയം, ധനം എന്നിവ വളരെയാകുന്നു. ഒരുവിധത്തിൽ ചിന്തിച്ചാൽ മനുഷ്യന്റെ സകല പ്രയത്നങ്ങളും, ശരീരത്തിനു വേണ്ടിയാണെന്നു പറയാം. ഏററവും ചെറിയ പ്രയത്നം മുതൽ ലോകമഹായുദ്ധങ്ങൾ വരെയും വയറിന്റെ വിക്രിയകളല്ലേ?

എന്നാൽ മനുഷ്യൻ തന്റെ മാനസിക വളർച്ചക്കും, പുഷ്ടിക്കും വേണ്ടി ദിവസംതോറും എന്തു പ്രയത്നം കഴിക്കുന്നു എന്നു അവൻ ചിന്തിക്കേണ്ടതാണ്. അതിൽ അവൻ പരാജിതനും, ഉദാസീനനുമായി കാണപ്പെടുന്നു. മനസ്സിനെ അവഗണിക്കുന്നവൻ മനുഷ്യനല്ലതന്നെ. അവൻ കേവലം മൃഗമത്രെ. അങ്ങിനെയെങ്കിൽ മനുഷ്യൻ തന്റെ ആത്മാവിനെ സംബന്ധിച്ച കാര്യങ്ങളിൽ അഗണ്യനായിത്തീരുന്നതു എത്ര ഭയങ്കരം. "ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ടും തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവനു് എന്തു പ്രയോജനം?" എന്നു ക്രിസ്തുയേശു ചോദിച്ചിരിക്കുന്നു. ഒരു പ്രയോജനവുമില്ല എന്നു ചിന്തിക്കുന്നവർ സമ്മതിക്കും.

## 51 പോരായ്മകൾ.

"ജോലി കഴിഞ്ഞിട്ടു ഒന്നു സ്വസ്ഥമായിരിപ്പാൻപോലും സമയമില്ല" എന്നു പലരും പറയാറുണ്ടു്. എന്നാൽ Dr. Johnson എന്ന ദേഹം പറഞ്ഞിട്ടുള്ള ഒരു കാര്യം എ

ത്രയും ശ്രദ്ധേയമാണ്. "നിങ്ങൾക്ക് ആവശ്യമായ സമയത്തിൽ സ്വല്പം കുറച്ചു മാത്രമെ നിങ്ങൾക്കു ലഭിക്കാവൂ" എന്നത്രെ. അതു ഒരു സഹായകരമായ ചിന്തയാണ്. വാസ്തവത്തിൽ 'സ്വസ്ഥവൃത്തി'യിൽ കഴിയുന്നവർ സന്തോഷം അനുഭവിക്കുന്നില്ല. നേരേമറിച്ചു ജോലിത്തിരക്കുള്ളവർ ആണ് സന്തോഷം അനുഭവിക്കുന്നതു്. ഇന്നു ചെയ്തുതീർക്കാൻ സമയം പോരാതെവന്ന സംഗതികൾ അവർക്കു നാളത്തെ ഉത്സാഹത്തിനും സന്തോഷത്തിനും വക തരുന്നു. പ്രവൃത്തിരഹിതർക്കു നാളത്തെ ദിവസം ഭാരമായിത്തീരുന്നു.

ഇനിയും നമുക്കു ആവശ്യമുള്ള ധനത്തിൽ അല്പം കുറഞ്ഞിരുന്നാൽ എന്താണ് ദോഷമുള്ളതു? അതു നമ്മെ കൂടുതൽ ഉത്സാഹശീലരും, അദ്ധ്വാനികളും, മിതവ്യയക്കാരുമാക്കിത്തീർക്കുവാൻ സഹായിക്കും. അതുപോലെതന്നെ നമുക്കു് ആവശ്യമായ സൽഗുണങ്ങളിൽ കുറവുണ്ടു് എന്ന ഒരു ചിന്ത വളരെ പ്രയോജനം ചെയ്യും. അതു് സ്വയം പരിശോധനയ്ക്കു അവസരം നൽകും. സ്വയനീതിയും, പരദൂഷണവും നമ്മെ വിട്ടുപോകയും ചെയ്യും. ഈ അർത്ഥത്തിൽ നാനാപ്രകാരേണയുള്ള അപൂർണ്ണതയും അതിനെപ്പററിയുള്ള ബോധവും നമ്മെ പൂർണ്ണതയിലേക്കു് വഴി നടത്തുന്നതും ആഹ്വാനം ചെയ്യുന്നതുമാണ്. നേരെമറിച്ചു നമ്മുടെ സൽഗുണങ്ങളിൽ തൃപ്തരായിരിക്കുന്നിടത്തോളം ആപത്തു് മററില്ല. "ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ" എന്നു ക്രിസ്തു പറഞ്ഞിരിക്കുന്നതു് എത്ര ശരിയാണ്.

## 52 പ്രത്യാശ

പ്രത്യാശ എന്ന വിഷയത്തെക്കുറിച്ചു ചെറിയ കുറിപ്പുകൾ താഴെ കൊടുക്കുന്നു:—

ബ്രിംഗ്ടൺ (Bringhton) എന്ന സ്ഥലത്തുള്ള ഒരു

സൂൎയ്യഘടികാരത്തിന്മേൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "എപ്പോഴും ലോകത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്തു് സൂൎയ്യൻ ഉദയം ചെയ്തുകൊണ്ടിരിക്കുന്നുണ്ടു്".

*　　　*　　　*　　　*

ആസന്നമരണനായി കിടന്നിരുന്ന ജോൺ നോക്‌സ് (John Knox) എന്ന ദേഹത്തോടു് തന്റെ സ്നേഹിതന്മാർ ചോദിച്ചു:— "നോക്‌സ്, താങ്കളുടെ ഭാവിയെ സംബന്ധിച്ചു പ്രത്യാശയുണ്ടോ?" ഉരിയാടുവാൻപോലും അശക്തനായിരുന്ന അദ്ദേഹം തന്റെ കൈവിരൽ മേലോട്ടു ചൂണ്ടിക്കാണിച്ചു് ലോകം വെടിഞ്ഞു.

*　　　*　　　*　　　*

വിശ്വസിക്കുന്നവനു് സകലവും സാദ്ധ്യം; പ്രത്യാശിക്കുന്നവൻ അവ എളുപ്പത്തിൽ സാധിക്കും, സ്നേഹിക്കുന്നവൻ അവ എത്രയും എളുപ്പത്തിൽ സാധിക്കും. എന്നാൽ, വിശ്വാസം, പ്രത്യാശ, സ്നേഹം ഈ മൂന്നും പ്രായോഗികമാക്കുന്നവനു് എല്ലാം ഏററം എളുപ്പത്തിൽ സാദ്ധ്യംതന്നെ.

*　　　*　　　*　　　*

ജീവിതനൌകയെ നയിക്കുന്ന തുഴയത്രെ പ്രത്യാശ. തീരത്തെ ലക്ഷ്യമാക്കി ദൂരത്തുനിന്നു വരുന്ന കപ്പലിന്റെ പാമരവും അതുതന്നെ. മരുഭൂയാത്രയിൽ ക്ലേശിതനായ ഒരുവൻ അകലെ ദർശിക്കുന്ന മരുപ്പച്ചയും, ഈന്തപ്പനയും പ്രത്യാശതന്നെ.

പ്രസിദ്ധ ചിത്രകാരനായ വാട്ട്സ് (Watts) പ്രത്യാശയെ പ്രത്യക്ഷീകരിക്കുന്ന ഒരു ചിത്രം വരച്ചിട്ടുണ്ടു്. ഭൂഗോളത്തിനു മീതെ, കമ്പികളെല്ലാം പൊട്ടിപ്പോയി ഒരു കമ്പി മാത്രം ശേഷിച്ച ഒരു വീണയിൽ പാട്ടുപാടിക്കൊണ്ടിരിക്കുന്ന ഒരു തരുണിയുടെ ചിത്രമാണു് അതു്. അതു കാണുന്നവർ പ്രഥമ വീക്ഷണത്തിൽ വലിയ നൈരാശ്യവും അത്യ

പ്തിയും ഉളവാകും. എന്നാൽ അല്പം ചിന്തിച്ചാൽ ചിത്രകാരന്റെ അഗാധമായ ആശയം ഗ്രഹിക്കാം. മനുഷ്യരെല്ലാം ഇതുപോലെ, കമ്പി പൊട്ടി ഒററ കമ്പിമാത്രം ശേഷിക്കുന്ന വീണയെയാണു് ആശ്രയിച്ചിരിക്കുന്നതു്. എങ്കിലും നിരാശനായി വീണ വലിച്ചെറിയാതെ അവൻ പാടിക്കൊണ്ടുതന്നെ മുമ്പോട്ടു പോകുന്നു. ഒററക്കമ്പിമേൽ പാടുന്ന പാട്ടിന്നത്രെ ഇമ്പവും, ദൃഢതയും, വിലയും ലോകം കല്പിച്ചിട്ടുള്ളതു്.

## 53 ദൈവദാനം

മനുഷ്യനു് അവശ്യം ആവശ്യമായതു ഒക്കെയും അവനു ഏററം അടുത്തും, സുലഭമായും ദൈവം വെച്ചിരിക്കുന്നു. ശ്വാസം അവന്റെ മൂക്കിൽ വച്ചിരിക്കുന്നു. കാഴ്ച അവന്റെ കണ്ണിലും, കേൾവി അവന്റെ കാതിലും ഉണ്ടു്. പ്രവൎത്തനങ്ങൾ മനുഷ്യന്റെ കൈകളിലും, അവന്റെ പാതകൾ അവന്റെ കാൽക്കീഴിലും, ദൈവത്തിന്റെ വഴികൾ (പ്രമാണങ്ങൾ) അവന്റെ മുൻപിലുംതന്നെ. അതിനാൽ അവനു് എത്തിപ്പിടിപ്പാൻ കഴിയാത്ത നക്ഷത്രമണ്ഡലത്തിലേക്കു് കൈനീട്ടി നിരാശപ്പെടേണ്ട ആവശ്യമില്ല. ദിനംതോറുമുള്ള പ്രവൎത്തനം ചെയ്തു, ദിവസംപ്രതിയുള്ള ആഹാരവും അനുഭവിച്ചു അവൻ അലംഭാവത്തോടെയിരിക്കട്ടെ. അതത്രെ മധുരതരമായ അനുഭവം.

## 54 നിലയും, വിലയും

നിലയുള്ളതൊന്നും വിലയില്ലാത്തതല്ല. നാം കഴിക്കുന്ന അദ്ധ്വാനത്തെ ആശ്രയിച്ചത്രെ കാൎയ്യങ്ങളുടെ വലുപ്പം സ്ഥിതിചെയ്യുന്നതു്. "മുങ്ങിയെടുത്താൽ മുത്തു്, കൈച്ചുരിച്ചാൽ കക്ക" എന്നുണ്ടല്ലോ. മോക്ഷത്തിലേക്കു രാജപാ

തയില്ല. ഇന്നലെ പെയ്ത മഴയ്ക്കു് മുളയ്ക്കുന്ന തകര, നാള ത്തെ വെയിലിൽ വാടും. ക്രമേണ വളരുന്ന വൃക്ഷം കാല ക്രമത്തിൽ മാത്രമെ നശിക്കുന്നുള്ളു. "ഒരിക്കൽ ഒന്നു്, തു ടർന്നു എല്ലാം" എന്നത്രെ പ്രമാണം. അങ്ങിനെ ഒററക്കല്ലു കഠം കെട്ടിടമാകുന്നു—മലകഠം സമഭൂമിയാക്കപ്പെടുന്നു. ആ ഴങ്ങളിൽ ചിറകഠം ഉയരുന്നു. പാദങ്ങഠം ഓരോന്നും വ ച്ചു്, വച്ചു് കാതങ്ങഠം പിൻതള്ളുന്നു.

## 55 സദുപദേശം ചുരുക്കത്തിൽ:

ഉത്തമമായ കാര്യങ്ങഠം കാണുന്നതിനും, കേഠംക്കുന്നതി നും, കണ്ണുകഠംക്കും, കാതുകഠംക്കും പൂർണ്ണ സ്വാതന്ത്ര്യം കൊ ടുക്കുക. എന്തുകൊണ്ടെന്നാൽ അവ ഹൃദയത്തിലേക്കുള്ള ക വാടങ്ങളാകുന്നു.

നാവിനെ കടിഞ്ഞാണിട്ടുകൊഠംക — എന്തെന്നാൽ അ തു ഒരു ധാരാളിയാകുന്നു. മൌനമായിരുന്നതുകൊണ്ടു്, മ നഃസ്താപപ്പെട്ടവർ ചുരുക്കമത്രെ.

ഏതു പ്രധാന കാര്യവും, ദിവസങ്ങളുടെയും, സ്നേഹി തന്മാരുടേയും ആലോചനയോടെ ചെയ്ക. എന്തുകൊ ണ്ടെന്നാൽ ഫലങ്ങഠം പഴുക്കേണ്ടതിനു ദിവസങ്ങഠം ആവ ശ്യമത്രെ.

നമ്മുടെ പ്രഥമ ആലോചനകളിൽ നമുക്കു് വിശ്വാ സം ജനിച്ചാലും, രണ്ടാമത്തെ (വീണ്ടും) ആലോചന ബു ദ്ധിപൂർവ്വകമായിരിക്കും.

സത്യത്തിനു ദാസനായി സേവ ചെയ്ക. പക്ഷെ വ ലുതായ പ്രതിഫലം ഇച്ഛിക്കരുതു്. അല്പം താമസിച്ചു പോയാലും, നിശ്ചയമായും അതു കൂലി തരാതിരിക്കയില്ല.

നിൻെറ സ്വന്ത തെററുകളോടു ദാക്ഷിണ്യം കാണക്കി

രുതു്. അന്യരുടെ തെററുകളോടു് കർശനമായി പെരുമാ റുകയുമരുതു്.

സമാധാനം ഇച്ഛിക്കുന്നുവെങ്കിൽ വ്യർത്ഥവാദങ്ങളെ ബുദ്ധിപൂർവ്വം ഒഴിഞ്ഞുമാറുക.

# 56 ഭാരച്ചുമടുകൾ

മനുഷ്യരെല്ലാം ഓരോ വിധത്തിലുള്ള ജീവിതഭാരം വഹിക്കുന്നവരാകുന്നു. ദാരിദ്ര്യം, രോഗം, അപഹാസം, ധനനഷ്ടം, പരാജയം, അനീതി മുതലായ പലതുകൊണ്ടും അവൻ ഞെരുങ്ങുന്നു. എന്നാൽ പലപ്പോഴും, അവൻ വില പിക്കുകയും, നിരാശപ്പെടുകയും ചെയ്യുന്നതുപോലെ അത്ര തന്നെ അവ ഭാരമുള്ളവയായിരിക്കയില്ല. ചുമടുകൾ മനുഷ്യ ൻെറ തലയിലോ, ചുമലിലോ വഹിക്കുന്നതുകൊണ്ടു അതി ൻെറ വലുപ്പമോ ചെറുപ്പമോ അവൻ കാണുന്നില്ലല്ലൊ. ചുമന്നു കഷ്ടപ്പെടുന്ന അവൻെറ "ഭാരത്തെ" അവൻ താഴെ ഇറക്കിവച്ചു നിഷ്പക്ഷമായും നിർഭയമായും അതിനെ പരിശോധിക്കട്ടെ. അപ്പോൾ കാണാം, കരുതിയിരുന്ന തിൽ ദശാംശംപോലും അതു ഭാരമുള്ളതല്ല എന്നു അവൻ സ മ്മതിക്കയും, സന്തോഷാശ്രുക്കൾ പൊഴിക്കയും ചെയ്യുന്ന തു്. "നമുക്കു് സഹിപ്പാൻ കഴിയുന്നതിനു് അപ്പുറം പ രീക്ഷിക്കപ്പെടുവാൻ ദൈവം യാതൊരു മനുഷ്യനേയും വി ട്ടുകൊടുക്കുന്നില്ല.

ഇതുപോലെതന്നെ നാം ഭയപ്പെടുന്ന പല കാര്യങ്ങളും ആളുകളും, സ്ഥാനങ്ങളും ദൂരെനിന്നു വീക്ഷിക്കുമ്പോഴത്രെ അവ ഭയജനകമായിരിക്കുന്നതു്. ധൈര്യത്തോടെ അവ യെ അഭിമുഖീകരിക്കുക. അപ്പോൾ, അവയൊന്നും നാം ഭ യപ്പെട്ടതുപോലെ അത്ര ഭയങ്കരങ്ങളല്ല എന്നു അറിയാൻ സാധിക്കും.

# 57 സഹകരണം

സഹകരണത്തിൻെറ ഏററം ശരിയായ മാതൃക മനുഷ്യശരീരത്തിൻെറ ഘടനയിൽകൂടെ ദൈവം വെളിപ്പെടുത്തിയിരിക്കുന്നു. ശരീരത്തിലെ ബാഹ്യമായ മിക്ക അവയവങ്ങളും ഇരട്ടയായിട്ടത്രെ ദൈവം സൃഷ്ടിച്ചിരിക്കുന്നതു്. രണ്ടു കണ്ണുകൾ, രണ്ടു പുരികങ്ങൾ, കണ്ണിനു രണ്ടു വീതം കൺപോളകൾ, രണ്ടു കാതുകൾ, മൂക്കിനു് രണ്ടു ദ്വാരങ്ങൾ, രണ്ടു സെററു് പല്ലുകൾ, രണ്ടു ചുണ്ടുകൾ, രണ്ടായി പിളൎന്ന മാറിടം, രണ്ടു കൈകൾ, രണ്ടു കാലുകൾ എന്നുവേണ്ട സകലവും ഇരട്ടതന്നെ.

എന്നാൽ ഈ ഇരട്ടയായ അവയവങ്ങൾ എത്ര യോജിപ്പോടുകൂടെ പ്രവൎത്തിക്കയും, സഹകരിക്കയും ചെയ്യുന്നു എന്നു ചിന്തിക്ക. രണ്ടു കണ്ണുകളും ഒരു വസ്തുവിനെ ഒന്നായും ഒരുപോലെയും കാണുന്നു. ചെവികൾ രണ്ടും ശബ്ദത്തെ ഒരുപോലെ കേൾക്കുന്നു. മൂക്കിൻെറ ദ്വാരങ്ങൾ ഒരുപോലെ മണം ആസ്വദിക്കുന്നു. രണ്ടുവരി പല്ലുകൾ ചേൎന്നു ചവയ്ക്കുന്നു. രണ്ടു കൈകളും ഒന്നിച്ചു താളംപിടിച്ചുസന്തോഷിക്കയും, ശക്തി പ്രയോഗിക്കേണ്ട സന്ദൎഭങ്ങളിൽ ഒത്തുപിടിച്ചു കാൎയ്യം നേടുകയും ചെയ്യുന്നു. ഒരു കാൽ പൊക്കുമ്പോൾ മറേറ കാൽ ശരീരത്തിൻെറ ഭാരം വഹിക്കുന്നെങ്കിലും അടുത്ത ക്ഷണത്തിൽ മറുകാൽ നിലത്തു ഉറപ്പിക്കപ്പെടുന്നു. ഹാ! എന്തൊരു സഹകരണം!

ഇനിയും നോക്കുക—ശരീരത്തിൻെറ ആകമാനമുള്ള അറിവു കൂടാതെ എണ്ണമററ രോമങ്ങളിൽ ഒന്നു പിഴുതെടുപ്പാൻ സാദ്ധ്യമാണോ? ശരീരത്തിൻെറ സുഖദുഃഖങ്ങളിലെല്ലാം സമസ്ത അവയവവും ഒരുപോലെ പങ്കുകൊള്ളുന്നു. ശിരസ്സിനു വല്ല മുറിവും തട്ടിയാൽ കൈ സഹായത്തിനു ചെല്ലു

ന്നു. പക്ഷെ പാദങ്ങൾക്കു ആ അവസരത്തിൽ സഹതപിപ്പാൻ മാത്രമെ കഴിയുന്നുള്ളു. എന്നാൽ പാദത്തിൽ മുള്ളു തറച്ചാലോ, ശിരസ്സ് മുതൽ ശരീരമാസകലം കുനിഞ്ഞു സഹായിക്കുന്നു എന്നുള്ളതു് ചിന്താർഹമത്രെ.

മനുഷ്യസമുദായമാകുന്ന ശരീരത്തിലെ പാദങ്ങളുടെ —അധഃസ്ഥിതരുടെ— വേദനകളും, അസമത്വങ്ങളും ശമിപ്പാൻ 'തലവന്മാർ' താണിറങ്ങുമെങ്കിൽ ലോകം സഹകരണത്തിൽ മുതിർന്നുവരും.

## 58 മൂന്നു സ്നേഹിതന്മാർ

“മൂന്നുവിധം ആളുകൾ എനിക്കു സ്നേഹിതന്മാരായിട്ടുണ്ടു്” എന്നു ഒരു റഷ്യൻ എഴുത്തുകാരൻ പറഞ്ഞിരിക്കുന്നു. ഒന്നു്, എന്നെ സ്നേഹിക്കുന്നവർ. രണ്ടു്, എന്നെ പകയ്ക്കുന്നവർ. മൂന്നു്, എന്നെ അവഗണിക്കുന്നവർ.

ഇതിൽ, എന്നെ സ്നേഹിക്കുന്നവർ കാരുണ്യത്തെപ്പററി എന്നെ പഠിപ്പിക്കുന്നു. എന്തുകൊണ്ടെന്നാൽ അവർ എന്നെ ആത്മാർത്ഥമായി സ്നേഹിക്കുന്നതിനാൽ എന്റെ ബലഹീനതകളെ വഹിക്കയും, എന്റെ ലംഘനങ്ങളെ മൂടിക്കളയുകയും ചെയ്യുന്നു. അതുകൊണ്ടു ഞാനും മററുള്ളവരെ കരുണയോടെ വീക്ഷിക്കണമെന്നു അവർ കാണിക്കുന്നു.

എന്നെ പകയ്ക്കുന്നവരും എന്റെ സ്നേഹിതന്മാർതന്നെ. എന്തുകൊണ്ടെന്നാൽ, കരുതിക്കൊള്ളണമെന്നു അവർ എന്നെ പഠിപ്പിക്കുന്നു. എന്നെ കുറെപേർ പകയ്ക്കുന്നുവെങ്കിൽ അവർക്കെങ്കിലും എന്റെ വ്യക്തിത്വം ബോധപ്പെട്ടിട്ടുണ്ടെന്നും, അവർ എന്നെ ഭയപ്പെടുകയോ, വെറുക്കയോ ചെയ്യുന്നുണ്ടെന്നും അർത്ഥമാണു്. അതുകൊണ്ടു് ഞാൻ വിവേകത്തോടും സൂക്ഷ്മതയോടും ജീവിക്കയും പെരുമാറുകയും ചെയ്യണമെന്നു് അവർ എനിക്കു് മുന്നറിവു തരുന്നു.

അങ്ങനെ എന്നെ പകയ്ക്കുന്നവരാൽ ഞാൻ ജീവിതാഭ്യാസം കൈക്കൊള്ളുന്നു.

എന്നെ അവഗണിക്കുന്നവരായ മൂന്നാം തരക്കാരും എൻെറ സ്നേഹിതന്മാർതന്നെ. അവർ എന്നെ സ്വയത്രാണനത്തെപ്പററി പഠിപ്പിക്കുന്നു. എന്തുകൊണ്ടെന്നാൽ, എന്നെക്കുറിച്ചു് ചിന്തിപ്പാനോ കരുതുവാനോ മററുള്ളവൎക്കു സമയമില്ല എന്നു ഞാൻ ഓൎക്കേണ്ടതാണു്. ലോകം സ്വാൎത്ഥ ചിന്തയിൽ മുമ്പോട്ടു പോകുന്നു. മററുള്ളവനെ ഉയൎത്താനോ താഴ്ത്താനോ അധികപങ്കം ആളുകൾ മുതിരുന്നില്ല. മഹാത്മാക്കൾ എന്നു ലോകം പുകഴ്ത്തുന്നവൎതന്നെയും സാമാന്യജനത്തിനു അജ്ഞാതന്മാരാണു്. നാം വലിയവരെന്നും വലിയതെന്നും, വിലപ്പെട്ടതെന്നും പ്രശസ്തമെന്നും ചിന്തിക്കുന്ന ആളുകളും, കാൎയ്യങ്ങളും, സ്ഥലങ്ങളും ലോകത്തിൽ അധിക പങ്കിനും കേട്ടുകേൾവിപോലും ഇല്ലാത്തതായിരിക്കാം.

അതുകൊണ്ടു് സ്വയത്രാണനം ഏതു മനുഷ്യനും അവശ്യം ആവശ്യമത്രേ. മററുള്ളവരുടെ സ്നേഹമോ, പകയോ, യാതൊന്നും വകവയ്ക്കാതെ ദൈവത്തിൽ മാത്രം ആശ്രയിച്ചു നമ്മുടെ ചുമതലകൾ നിൎവഹിച്ചുകൊണ്ടു് മുമ്പോട്ടു പോകാം.

## 59 സൌഭാഗ്യം

ഭാഗ്യത്തിൻെറ പുറകെ ഓടിയതുകൊണ്ടു് ആൎക്കും അതിനെ പിടിപ്പാൻ സാധിച്ചിട്ടില്ല. അതു്, അല്പം അകലെ അതാ നില്ക്കുന്നു എന്നു തോന്നിയാലും, അങ്ങുമിങ്ങും മിന്നിനടക്കുന്ന മിന്നാമിനുങ്ങുപോലെയും, മൃഗതൃഷ്ണപോലെയുമത്രെ ഇരിക്കുന്നതു്. ഒരുവൻ താൻ നിൎമ്മിക്കാൻ ആശിച്ചി

രിക്കുന്ന ഒരു മനോഹര കെട്ടിടത്തിലും, മറെറാരുത്തൻ തനിക്കു ലഭിക്കാനിരിക്കുന്ന സ്ഥാനവലുപ്പത്തിലും, വേറൊരുവൻ താൻ ആർജ്ജിക്കാനിരിക്കുന്ന സമ്പത്തിലും, ഇനിയുമൊരുത്തൻ താൻ നവമായി പ്രവേശിക്കാനിരിക്കുന്ന കുടുംബത്തിലും ഭാഗ്യലക്ഷ്മിയെ എത്തിപ്പിടിക്കാമെന്നു വ്യാമോഹിക്കുന്നു. പക്ഷെ, അവർ ആ സ്ഥാനങ്ങൾ പ്രാപിക്കുമ്പോൾ, അതാ ഭാഗ്യം ഇനിയും അപ്പുറത്തായി മാത്രം അവർ ദർശിക്കുന്നു.

എന്നാൽ സൌഭാഗ്യത്തിന്നായി ഒരുവൻ ആഗ്രഹിക്കുന്നെങ്കിൽ അതിനു പുറകെ ഓടുന്നതു മതിയാക്കട്ടെ. അവൻ ഭാഗ്യവാനോ, നിർഭാഗ്യവാനോ എന്നുള്ളതു ചിന്തിക്കാതെ അവൻെറ ചുററമുള്ളവരിൽ അവനാൽ കഴിയുംവിധം സന്തോഷമുളവാക്കാൻ ശ്രമിക്കട്ടെ. അല്പനാളുകൾക്കു ശേഷം, അവർ അനുഭവിക്കുന്ന സന്തോഷം തൻെറ സൌഭാഗ്യമായി മാറുന്നതു അവനു കാണാം.

## 60 കാരുണ്യ ഹൃദയം

ആർദ്രതയുള്ള ഹൃദയത്തെ ചലിക്കുന്ന (Vibrate) വസ്തുക്കളോടു ഉപമിക്കാം. ദേവാലയങ്ങളിലെ വലിയ മണികൾ (Bells) അവയുടെ നാക്കു മുട്ടുന്ന മാത്രയിൽ നാദം മുഴക്കുന്നു. കാരണം, അതു "ആർദ്രത" പൂണ്ടു വിറയ്ക്കുന്നു അഥവാ ചലിക്കുന്നു. വിറയ്ക്കുന്നില്ലെങ്കിൽ മണികൾക്കു നാദം പുറപ്പെടുവിപ്പാൻ കഴികയില്ല. കരിങ്കല്ലിൽ അടിക്കുന്നവൻെറ കൈകൾ തരിച്ചുപോകയല്ലാതെ, അതു ശബ്ദം പുറപ്പെടുവിക്കുമോ? ചെണ്ട, പെരുമ്പറ മുതലായവ കൊട്ടുമ്പോൾ, അവയിൽ പൊതിഞ്ഞിരിക്കുന്ന തുകൽ വിറയ്ക്കുന്നതുകൊണ്ടത്രെ അവ ശബ്ദം മുഴക്കുന്നതു. അതുപോലെ വീണ മുതലായവയുടെ ലോലമായ കമ്പികൾ ദ്രുതചലനം

ചെയ്യുന്നതുകൊണ്ടത്രെ ഇമ്പകരമായ സ്വരം പുറപ്പെടുവിക്കുന്നതു്. നേരെമറിച്ചു, ചലിക്കാത്ത ഇരുമ്പഴികളിന്മേൽ ഉരച്ചാൽ എന്തു പ്രയോജനം? ശാന്തമായി കിടക്കുന്ന ഒരു കുളത്തിൽ ഒരു കല്ലു പതിച്ചാൽ വെള്ളം ഇളകുകയും, അലകൾ കൂലങ്ങൾവരെ ചെന്നെത്തുകയും ചെയ്യുന്നില്ലയോ?

അന്യന്റെ സങ്കടത്തിൽ ചലിക്കാത്ത ഹൃദയം ശിലപോലെ നിശ്ചലമത്രെ. അതിനു ഇമ്പകരമായ അനുഭവങ്ങൾ പുറപ്പെടുവിക്കുന്നതിനോ, ലോകത്തെ സന്തോഷിപ്പിക്കുന്നതിനോ സാദ്ധ്യമല്ല.

## 61 യാഥാർത്ഥ്യങ്ങൾ

പലപ്പോഴും നാം കാണുകയും, കേൾക്കുകയും ചെയ്യുന്നതുപോലെയല്ല, പല സംഗതികളുടേയും യാഥാർത്ഥ്യം. സൂര്യൻ കിഴക്കുദിച്ചു് ക്രമേണ യാത്രചെയ്തു പടിഞ്ഞാറു് അസ്തമിക്കുന്നതായി നാം കാണുന്നുവെങ്കിലും വാസ്തവം അപ്രകാരമല്ല എന്നു നാം അറിയുന്നു. ഭൂമി പരന്നതായി തോന്നുന്നു എന്നിരുന്നാലും, ഉരുണ്ടത്രെയിരിക്കുന്നതു് എന്നു ശാസ്ത്രം തെളിയിക്കുന്നു. ആകാശത്തിലെ നക്ഷത്രങ്ങൾ കേവലം മിന്നാമിനുങ്ങുപോലെ മാത്രം കാണുന്നുവെങ്കിലും, അവ ഓരോന്നും നാം നിവസിക്കുന്ന ഭൂമിയെക്കാൾ ആയിരം പതിനായിരം മടങ്ങു വലുപ്പമുള്ളവയെന്നു പറയുന്നു.

നാം കേൾക്കുന്ന പല കാര്യങ്ങളുടെയും ഗതിയും മേൽ പറഞ്ഞതുപോലെതന്നെ. സ്വനഗ്രാഹി, റേഡിയോ മുതലായ യന്ത്രോപകരണങ്ങളിൽകൂടെ നാം ശ്രവിക്കുന്ന പ്രഭാഷണങ്ങൾ, സംഗീതങ്ങൾ മുതലായവ, ആ യന്ത്രം പാടുന്നതുപോലെ തോന്നിയാലും, ഏതോ വിദൂരദേശത്തിരുന്നു ആരോ പാടിയതും, പ്രസംഗിച്ചതുമായ കാര്യങ്ങളത്രെ അവ എന്നു സ്പഷ്ടം.

ഇനിയും, മനുഷ്യൻ കല്പിക്കുന്ന ചില നാമങ്ങളുടെ അർത്ഥശൂന്യത രസാവഹമാകുന്നു. വെള്ളിക്കോൽ എന്ന ഒരു ഉപകരണമുണ്ടല്ലോ. ഒരു പണത്തൂക്കമെങ്കിലും വെള്ളി അതിന്മേൽ ഇല്ലതാനും. ആനച്ചുവടു് എന്ന ഒരു പച്ചച്ചെടിയും, മലമുഴക്കി എന്ന ഒരു ചെറുകിളിയും ശാന്ത, തങ്കം, സുശീല ഇങ്ങിനെ പലതും, മേൽപറഞ്ഞ സത്യത്തെ തെളിയിക്കുന്നു. ഇങ്ങിനെയെങ്കിൽ നാം ഒരു മനുഷ്യനെ അറികയും, മനസ്സിലാക്കുകയും ചെയ്യുന്നതിൽനിന്നു എത്രയോ വിഭിന്നമായിരിക്കാം അവന്റെ യഥാർത്ഥ വ്യക്തിത്വം. എന്നിട്ടാണോ, അപ്രത്യക്ഷനും, സർവജ്ഞനുമായ ദൈവത്തെ മനുഷ്യൻ അറിയുന്നു എന്നു പറയുന്നതു്. അല്പനായ മനുഷ്യൻ! അവൻ എത്രമാത്രം അറിയുന്നുണ്ടു്!

## 62 ഭിന്നാഭിപ്രായങ്ങൾ

മനുഷ്യർ തമ്മിൽ ഉണ്ടാകുന്ന അഭിപ്രായഭിന്നതകളും, തർക്കങ്ങളും, പലപ്പോഴും അർത്ഥശൂന്യവും വ്യർത്ഥവുമാണെന്നു കാണാം. ഒരുവൻ ഒരു പദാർത്ഥം വളരെ രുചികരമെന്നും, അന്യൻ തീരെ രുചിയില്ലെന്നും പറയുന്നു എന്നിരിക്കട്ടെ. അതിനെപ്പററി തർക്കിച്ചിട്ടു എന്തു പ്രയോജനം? ഓരോരുത്തരുടെ രുചിഭേദത്തെ ആർക്കു നിഷേധിക്കാം? അതുപോലെ ഒരുവൻ പറയുന്നു, ഇന്നു നല്ല കുളിർ ഉണ്ടെന്നു്—മററൊരുത്തൻ പറയുന്നു, ഇന്നു വലിയ ഉഷ്ണമാണെന്നു്. അക്കാര്യത്തിലും തർക്കത്തിനു സ്ഥാനമില്ല. അതു് ഓരോരുത്തരുടെയും അനുഭവമത്രെ. എന്നാൽ ഈദൃശകാര്യങ്ങളിൽതന്നെയും മനുഷ്യൻ വ്യർത്ഥവാദങ്ങൾ വളരെ കഴിക്കുന്നുണ്ടു്.

ഇനിയും പരീക്ഷണംകൊണ്ടു ഗ്രഹിക്കാവുന്ന കാര്യ

ങ്ങളിലും വാഗ്വാദത്തിന്നു സ്ഥാനമില്ല. ഉപ്പു, വെള്ളത്തിൽ അലിയുമെന്നും, പഞ്ചസാര മധുരമാണെന്നും ഒരുവൻ പറയുമ്പോൾ, മറെറാരുവൻ അതു രണ്ടും നിഷേധിക്കുന്നു എന്നു വിചാരിക്കുക. ആ കാൎയ്യത്തിൽ തൎക്കിച്ചു നേരം കളഞ്ഞിട്ടു കാൎയ്യമില്ല. കുറച്ചു ഉപ്പു് ഒരു പാത്രം വെള്ളത്തിൽ ഇടട്ടെ. കുറെ പഞ്ചസാരയും വായിൽ ഇട്ടുനോക്കട്ടെ. അപ്പോൾ യഥാർത്ഥം അറിയാം.

എന്നാൽ അഭിപ്രായവ്യത്യാസങ്ങൾക്കു് സ്ഥാനമില്ലെന്നോ? തീർച്ചയായും ഉണ്ടു്. കാരണം, ആകൃതിയിൽ ഒരുവനെപ്പോലെ മറെറാരുവനെ ഈ ലോകത്തിൽ കാണുന്നില്ലെങ്കിൽ പ്രകൃതി (സ്വഭാവം) യിലും ഒരുവനെപ്പോലെ മറെറാരുവൻ ഇല്ലതന്നെ. അതുകൊണ്ടത്രെ ഭിന്നഭിരുചികളും, അഭിപ്രായവൈരുദ്ധ്യങ്ങളും മനുഷ്യൎക്കിടയിൽ കണ്ടുവരുന്നതു്.

തൻമൂലം, ഒരുവൻെറ അഭിപ്രായത്തോടു് മറെറാരുവൻ യോജിച്ചില്ല എന്ന കാരണത്താൽ മാത്രം, കോപവും, വൈരാഗ്യവും പുലത്തുന്നതു് കേവലം മൌഢ്യമാകുന്നു. നേരെമറിച്ചു അന്യൻെറ അഭിപ്രായത്തെ സമാദരിക്കയും, സഹതാപപൂൎവ്വം വീക്ഷിക്കയും ചെയ്യേണ്ടതു് ഉത്തമന്മാരുടെ കടമയാകുന്നു.

## 63 അലംഭാവം

ജോസഫ് ബ്രദർട്ടൺ എന്ന മഹാൻെറ ശവകുടീരത്തിന്മേൽ ഇങ്ങിനെ ഒരു കുറിവാക്യം രേഖപ്പെടുത്തീട്ടുണ്ടു്. "എൻെറ സമ്പത്തു്, എനിക്കുണ്ടായിരുന്ന വസ്തുവകകളുടെ പെരുപ്പത്തിലല്ല, പ്രത്യുത എൻെറ ആവശ്യങ്ങളുടെ ചുരുക്കത്തിലായിരുന്നു". എത്ര ശ്രേഷ്ഠവും, സാരഗർഭവുമായ ഒരു തത്വം! ഇന്നത്തെ ലോകം മനുഷ്യൻെറ ആവശ്യങ്ങൾ

അമിതമായി വദ്ധിപ്പിച്ച്, ധനികനെപ്പോലും ദരിദ്രനാക്കിത്തീക്കുന്നു. മനുഷ്യൻെറ ആവശ്യത്തെ ആവശ്യം, അത്യാവശ്യം, അനാവശ്യം എന്നിങ്ങനെ മൂന്നായി തരംതിരിച്ചാൽ, ഉത്തമം, മദ്ധ്യമം, അധമം എന്നീ ക്രമമത്രെ അതിനു കൊടുക്കേണ്ടതു്. ലോകത്തിലുള്ള സമസ്ത ജീവജാലങ്ങൾക്കും ആവശ്യമായ സകല വിഭവങ്ങളും ദൈവം കരുതിട്ടുണ്ടു്. പക്ഷെ, കുറെ പേർ തങ്ങളുടെ ആവശ്യങ്ങളെ അമിതമായി വർദ്ധിപ്പിക്കയും, അനാവശ്യമായ സുഖഭോഗങ്ങളിൽ വിഭവങ്ങളെ ദുരുപയോഗപ്പെടുത്തുകയും ചെയ്യുമ്പോൾ സാമാന്യജനങ്ങൾ കഷ്ടപ്പെടുകയും ഞെരുങ്ങുകയും ചെയ്യുന്നു.

ഒരു വിധത്തിൽ പറഞ്ഞാൽ തനിക്കുതന്നെ ദരിദ്രനായിത്തോന്നുന്ന ധനവാനുണ്ടു്, ധനികനായിത്തോന്നുന്ന ദരിദ്രനുമുണ്ടു്. ഒരുവൻെറ മനഃസ്ഥിതി ആശ്രയിച്ചത്രെ അവൻെറ ധനസ്ഥിതി ഇരിക്കുന്നതു്. ആവശ്യങ്ങളെ ചുരുക്കുകയും, അലംഭാവ മനോഭാവത്തെ പുലത്തുകയും ചെയ്യുന്നവൻ ഏവനോ അവൻതന്നെ ധന്യൻ.

## 64 ജീവിതയാത്ര

ഏതോ ദൂരദേശത്തുനിന്നു കാൽനടയായി സ്വന്ത വീടിനെ ലക്ഷ്യമാക്കി ഒരുവൻ ചെയ്യുന്ന ഒരു യാത്രയോടു് മനുഷ്യജീവിതത്തെ ഉപമിക്കാം. ഓരോ മനുഷ്യനും തൻെറ പ്രായമനുസരിച്ചു, അറുപതോ, നാല്പതോ, മുപ്പതോ നാഴിക അകലെനിന്നു് ഈ യാത്ര ആരംഭിച്ചിരിക്കയാണു്. മരണമോ മരണാനന്തരമുള്ള ഒരു മോക്ഷസ്ഥാനമോ ആണു് മനുഷ്യായുസ്സിൻെറ അന്തവും ലക്ഷ്യവുമായിക്കരുതുന്നതു്. ഏതൊരു യാത്രയുടെയും ആരംഭത്തിൽ ഉത്സാഹവും, സന്തോഷവും ഉണ്ടായിരിക്കുന്നതുപോലെ, മനുഷ്യായുസ്സി

ന്റെ ആരംഭദശകളായ, ശൈശവം, ബാല്യം, യൌവ്വനം എന്നീ കാലഘട്ടങ്ങൾ ഉല്ലാസപ്രദവും, ക്ഷീണരഹിതവുമായി ഏവക്കും അനുഭവപ്പെടുന്നു. എന്നാൽ മുമ്പോട്ടു പോകുന്തോറും ക്ലേശം വർദ്ധിക്കുന്നതുപോലെതന്നെ ജീവിത ക്ലേശവും വർദ്ധിക്കുന്നു.

യാത്രയിൽ ഒരുവൻ കടന്നുപോന്ന ദൂരം അടി, ഫർലോങ്ങ്, മൈൽ എന്നിങ്ങനെ നിർണ്ണയിക്കുന്നതുപോലെതന്നെ, ആയുഷ്ക്കാലത്തെ ദിവസങ്ങൾ, ആഴ്ചകൾ, മാസങ്ങൾ, വർഷങ്ങൾ എന്നിവയാൽഅവൻ പുറംതള്ളുന്നു. യാത്രയിൽ മുമ്പോട്ടു പോകുന്തോറും അവന്റെ ശരീരം ക്ഷീണിക്കയും ഗതിവേഗം കുറയുകയും, ചെയ്യുന്നു. പക്ഷേ, അവന്റെ ലക്ഷ്യം അടുക്കുന്തോറും അവന്റെ ഹൃദയം സന്തോഷിക്കയും, പ്രത്യാശ വർദ്ധിക്കയും ചെയ്യുന്നതായി അനുഭവപ്പെടും.

തന്റെ വീട്ടിനോടു് അടുക്കാറാകുമ്പോൾ അവൻ അല്പസമയം നിന്നു്, തന്റെ ദീർഘയാത്രയിൽ അവൻ കടന്നുപോന്ന സ്ഥലങ്ങൾ അനുഭവങ്ങൾ എന്നിവയെപ്പററി ചിന്തിക്കുന്നതു് രസാവഹമായിരിക്കും. അവന്റെ യാത്രയിൽ വിഭിന്നങ്ങളായ അനവധി അനുഭവങ്ങൾ അവനുണ്ടായിരിക്കാം. ഉന്നതസ്ഥലങ്ങളും, സമഭൂമികളും, വിജനസ്ഥലങ്ങളും, ജനനിബിഡമായ പട്ടണപ്രദേശങ്ങളും അവൻ പിന്നിട്ടുകാണും. കല്യാണഭവനങ്ങളും, മരണഗേഹങ്ങളും, സംഗീതസദസ്സുകളും, വിലാപസ്ഥാനങ്ങളും അവൻ കടന്നുപോന്നിരിക്കാം. വഴിക്കുവെച്ചു എത്ര എത്ര ആളുകളുമായി അവൻ പരിചയപ്പെടുകയും, വിരുദ്ധപ്പെടുകയും, ബന്ധപ്പെടുകയും, അകലപ്പെടുകയും ചെയ്തിരിക്കാം. ഇതൊക്കെയും ജീവിതയാത്രയുടെയും അനുഭവങ്ങളത്രെ. എന്നാൽ ഇനീയും ആവക അനുഭവങ്ങൾ ഒന്നുംതന്നെ അവനെ സന്തോ

ഷിപ്പിക്കയോ, സന്താപപ്പെടുത്തുകയോ ചെയ്യേണ്ട ആവശ്യമില്ല. അവൻ ഇനിയും ഈ വഴിയെ തിരിച്ചുപോകയും ഇല്ല. അതുകൊണ്ടു് സെൻറു് പോളിനെപ്പോലെ പിമ്പിലുള്ളതു മറന്നും, മുമ്പിലുള്ളതിനു് ആഞ്ഞുംകൊണ്ടു്— ലക്ഷ്യത്തിങ്കലേക്കു് ഓരോരുത്തരും ഓടട്ടെ.

## 65 കയററവും, ഇറക്കവും

ഉയന്ന ഒരു കുന്നു കയറുന്നവനും, അതിൻെറ മുകളിൽ നിന്നു ഇറങ്ങി വരുന്നവനും തമ്മിൽ, മദ്ധ്യേ മാർഗ്ഗം കണ്ടുമുട്ടുന്നു എന്നു വിചാരിക്കുക. കയറുന്നവൻ, ക്ഷീണിച്ചും, കിതച്ചുംകൊണ്ടു കയറുന്നു. ഇറങ്ങുന്നവനോ, ഉല്ലാസത്തോടും അനായാസേനയും വരുന്നു. ഇത്തരുണത്തിൽ കയറുന്നവനു് ഇറങ്ങുന്നവനെക്കുറിച്ചു സ്വല്പം ഒരു അസൂയയും, അതുപോലെ ഇറങ്ങിവരുന്നവനു്, ക്ഷീണിച്ചു കയറുന്നവനെ സംബന്ധിച്ചു നിന്ദാഗർഭമായ സഹതാപവും ജനിച്ചു എന്നുവരാം. എന്നാൽ പ്രസ്തുത രണ്ടു മനോഭാവങ്ങളും അനാശാസ്യമത്രെ. എന്തുകൊണ്ടെന്നാൽ, കുന്നിൻമുകളിൽനിന്നു ഇറങ്ങി വരുന്നവൻ, നിശ്ചയമായും കയററം കയറി ഇറങ്ങി വരുന്നവനായിരിക്കണം. ഇപ്പോഠം അവൻ ആശ്വാസമായി ഇറങ്ങിവരുന്നു എന്നേയുള്ളു. അതുപോലെതന്നെ ഇപ്പോഠം പ്രയാസത്തോടെ കയറുന്നവനും മുകളിൽ ചെന്നു അനായാസേന ഇറങ്ങാം.

മനുഷ്യജീവിതം സുഖദുഃഖസമ്മിശ്രമാകുന്നു. ഉയർച്ചയും, താഴ്ച്ചയും, രാത്രിയും പകലും, വേനലും വർഷവും, മാറി മാറി വന്നും പോയുമിരിക്കും. ഇവ രണ്ടിലും സമചിത്തത പാലിക്കുന്നവനത്രെ ബുദ്ധിമാൻ.

# 66 മുമ്പോട്ട് പോക

"ഓട്ടമത്സരത്തിൽ വിജയം വേഗതയുള്ളവനല്ല" എന്നു അർത്ഥമുള്ള ഒരു പഴഞ്ചൊല്ല് ഇംഗ്ലീഷിൽ ഉണ്ട്. അതു ശരിയായ ഒരു പ്രമാണമല്ലെന്നു നമുക്കു തോന്നിയാലും ഒരിക്കലും അസ്ഥാനത്തുള്ള ഒരു പറച്ചിലല്ല. സൈക്കിൾ മത്സരത്തിൽ (Cycle race)ഈ തത്വം എത്രയും അർത്ഥവത്താണെന്നു കാണ്മാൻ സാധിക്കും. വീണുപോകാതെയും, ശീഘ്രത്തിൽ ചവുട്ടാതെയും, എന്നാൽ എപ്പോഴും മുമ്പോട്ടു ചലിച്ചും എല്ലാവക്കും ഒടുവിൽ നിർദ്ദിഷ്ടസ്ഥാനം പ്രാപിക്കയും ചെയ്യുന്നവനാണ് പ്രസ്തുത മത്സരത്തിൽ ജയിക്കുന്നതു്. തിരിഞ്ഞുകൊണ്ടിരിക്കുന്ന ഒരു പമ്പരം വീണുപോകുന്നില്ല. എപ്പോൾ 'കറക്കം' നിൽക്കുമോ, അപ്പോൾ പമ്പരവും വീഴും. ഓരോ ദിവസവും അല്പാല്പമെങ്കിലും പ്രവൎത്തനത്തിൽ മുമ്പോട്ടുപോകുന്ന ഒരു വ്യക്തിയത്രെ ഒടുവിൽ ജീവിതസാഫല്യം കൈവരിക്കുന്നതു്. മഹാനായ ഡേവിഡ് ലിവിംഗ്സ്റ്റനെക്കുറിച്ച് "മുമ്പോട്ടു പൊയ്ക്കൊണ്ടിരിക്കുന്ന ഒരു മനുഷ്യൻ" എന്നു പറയാറുണ്ട്. എന്നാൽ മററു പലരെപ്പോലെയും, അദ്ദേഹത്തിൻെറ ജീവിതയാത്രയിലും മാർഗ്ഗതടസ്സം നേരിട്ട് സ്തംഭിച്ചുനില്ക്കേണ്ട അവസരങ്ങൾ ഉണ്ടായിട്ടുണ്ടാവാം എങ്കിലും അദ്ദേഹം അവയെ അത്ര വകവച്ചിരുന്നില്ല.

ജീവിതത്തിൽ വിജയവും പെരുമയും കൈവരിച്ചിട്ടുള്ളവർ ഒരേ ഒരു ചാട്ടത്തിന്നു് ആ ലക്ഷ്യങ്ങളിൽ ചെന്നു വീണവരല്ല, പ്രത്യുത, ലക്ഷ്യത്തിൽ ദൃഷ്ടി പതിപ്പിച്ച്, നെട്ടനെടുങ്കൻ പാതതെ അവിശ്രമം നടന്നു പോയവരത്രെ. ഓടുകയോ, നടക്കുകയോ ചെയ്യുമ്പോൾ, വയ്ക്കുന്ന കാലടികളുടെ അകലത്തേക്കാൾ നിർദ്ദിഷ്ട സ്ഥാനത്തെ പ്രാപിച്ചുവോ എന്നത്രെ ചിന്തിപ്പാനുള്ളതു്. കുതിച്ചോടിയിട്ടും മാ

ഗ്ഗമദ്ധ്യെ അലസമായി കിടന്നുറങ്ങിയ മുയലിനെ തോല്പിച്ച് "അഞ്ചുപലം പഞ്ചസാര" സമ്മാനമായി വാങ്ങുവാൻ വലിഞ്ഞിഴഞ്ഞ ആമയും സാധിച്ച കഥ നാം കേട്ടിട്ടുണ്ടല്ലൊ.

സഹിഷ്ണുത വിശുദ്ധന്മാരുടെ പ്രത്യേകവും പ്രഥമവുമായ ഒരു ലക്ഷണമത്രെ. അടിക്കടി ഉണ്ടാകുന്ന വിപരീത സാഹചര്യങ്ങളെ പിറുപിറുപ്പ് കൂടാതെ സഹിച്ചു മുമ്പോട്ടു പോകുന്നവരത്രെ അവർ. ജീവിതപാതയുടെ അന്തത്തിൽ എത്തുമ്പോഠ വിജയത്തിൻെറ പ്രതിഫലമായ കിരീടം അവർ പ്രാപിക്കും. അതു തന്നെയല്ലൊ ജീവകിരീടമാകുന്നതു്!

## 67 കാല ഭേദങ്ങഠ

എല്ലാവക്കും, എല്ലാററിന്നുമുണ്ടു് കാലഭേദങ്ങഠ. ജരാനരകഠ ബാധിച്ചും, കവിളൊട്ടിയും, കൺ മങ്ങിയും, ചെവിയടഞ്ഞും, വില്ലുപോലെ വളഞ്ഞും, വടിയൂന്നിയും കൊണ്ടു നടക്കുന്ന ചില വൃദ്ധജനങ്ങളെ—സ്ത്രീകളേയും പുരുഷന്മാരേയും—നാം കാണുന്നുണ്ടല്ലൊ. ഈ കോലങ്ങളെ! അവജ്ഞയോടും, അഹങ്കാരത്തോടുംകൂടെ മാത്രമേ യുവദൃഷ്ടികഠക്കു് വീക്ഷിപ്പാൻ സാധിക്കുന്നുള്ളു. എന്നാൽ അങ്ങിനെയുള്ള യുവഹൃദയങ്ങഠ ഒന്നു മനസ്സിലാക്കേണ്ടതുണ്ടു്. ഈ വൃദ്ധജനങ്ങളും, ശൈശവം, കൌമാരം, ബാല്യം മുതലായ ഓമനയുള്ള പ്രായങ്ങഠ കടന്നുപോന്നവരാണെന്നും, തങ്ങളെപ്പോലെ അവക്കുമുണ്ടായിരുന്നു പ്രൌഢവും സുന്ദരവുമായ ഒരു യൌവ്വനമെന്നും അവർ വിസ്മരിക്കരുതു്. അന്നു് ഇക്കൂട്ടർ ആരായിരുന്നിരിക്കാം! എന്തെന്തു വീയ്യപരാക്രമങ്ങഠ അവർ ചെയ്തിരിക്കാം! ഇങ്ങിനെ വരാത്തവണ്ണം കൈവിട്ടുപോയ ആ "സുഖകാലങ്ങളെ" അവർ ഓക്കുന്നതോടൊപ്പം, യുവത്വത്തെ നോക്കി വൃദ്ധഹൃദയങ്ങഠ മന്ദഹസിക്കയും ഭയപ്പെടുകയും ചെയ്യുന്നുണ്ടാം.

മനുഷ്യനു് മാത്രമല്ല, പക്ഷിമൃഗാദികൾക്കും, വൃക്ഷലതാദികൾക്കുമുണ്ടു് കാലഭേദങ്ങൾ. തിന്നു് തടിച്ചു് കണ്ടവരെ കടിച്ചും, ശൌര്യത്തോടു് കരച്ചും കഴിഞ്ഞുകൂടുന്ന ശ്വാക്കൾ പ്രായമാകുമ്പോൾ രോമം കൊഴിഞ്ഞും, കണ്ണിൽ പീളയണിഞ്ഞും, സാവധാനത്തിൽ ഇഴഞ്ഞും നടക്കുന്നതു് കാണുന്നില്ലേ? അതുപോലെ, ഇലനിറഞ്ഞു് പന്തലിച്ചു നിന്നിരുന്ന വൃക്ഷങ്ങളും കാലം ചെല്ലുമ്പോൾ ഇല കൊഴിഞ്ഞു് വേരററം, ഉണങ്ങിയും നില്ക്കുന്നതല്ലേ?

അതുകൊണ്ടു് "ദുർദ്ദിവസങ്ങൾ" വരും എന്നു് ഒരുവനും മറക്കാതിരിക്കട്ടെ.

## 68 ജീവനും, വളർച്ചയും

ഒരു കരിങ്കൽപാറ ഒരു സ്ഥലത്തു് ഇടുക; അതു് എന്നും അങ്ങിനെതന്നെ കിടക്കും. സൂര്യപ്രകാശം ധാരാളം ഏല്ക്കട്ടെ. മഴയും, മഞ്ഞും അതിനെ നനയ്ക്കട്ടെ. മററു പ്രകൃതിയുടെ സകല ആനുകൂല്യവും ലഭിക്കട്ടെ. എങ്കിലും അതു് വളരുകയോ, യാതൊരുവിധമുള്ള പരിവർത്തനം പ്രാപിക്കയോ ചെയ്യുന്നില്ല.

നേരെമറിച്ചു്, മണ്ണിൽ ഇട്ട ഒരു വിത്തു് സൂര്യപ്രകാശവും, മഞ്ഞും, മഴയും, പ്രകൃതിയുടെ മററു സകല ദാനങ്ങളും അനുഭവിക്കയും, പ്രയോജനപ്പെടുത്തുകയും ചെയ്തിട്ടു് വലിയ വൃക്ഷമായി വളരുന്നു.

ഒരുവൻ എവിടെ സ്ഥിതി ചെയ്യുന്നു, ഏതു് പരിതസ്ഥിതിയിൽ ആക്കപ്പെട്ടിരിക്കുന്നു എന്നതിനേക്കാൾ, അവൻ എന്താകുന്നു എന്നതത്രെ കാര്യം. ഉള്ളിൽ ജീവനില്ലാത്തവനും, ജീവനില്ലാത്തതും വളരുന്നില്ല. ആന്തരീകസ്ഥിതിയത്രെ, ഒരുവൻെറ വളർച്ചയിലെ പ്രധാന ഘടകം.

# 69 വാഗ്ദാനങ്ങൾ

ഒരുവൻ ചെയ്യുന്ന വാഗ്ദാനങ്ങളുടെ വലുപ്പമോ, ശക്തിയോ അല്ല നമുക്ക് അതിൽ വിശ്വാസം ജനിപ്പിക്കുന്നതു്. നേരെ മറിച്ചു്, വാഗ്ദാനം ചെയ്യുന്ന വ്യക്തിയത്രേ അവൻെറ വാക്കു് വിശ്വസിക്കാൻ നമ്മെ പ്രാപ്തരാക്കുന്നതു്; അഥവാ പ്രാപ്തരാക്കേണ്ടതു്. ശബ്ദങ്ങൾ ഒരു കുഴലിൽക്കൂടെയെന്നതുപോലെ മാത്രമേ ഒരുവനിൽനിന്നു് പുറപ്പെടുന്നുള്ളു. എന്നാൽ പറയുന്ന വാക്കുകളുടെ ഉറപ്പു് അവ പ്പെടുന്ന ആ വ്യക്തിയെ ആശ്രയിച്ചിരിക്കും. അതുകൊണ്ടു്, ആദ്യം വ്യക്തിയേയും, പിന്നീടു് അവൻെറ വാക്കുകളേയും വിശ്വസിക്കുക. അസത്യവാൻ ചെയ്യുന്ന വാഗ്ദാനങ്ങൾക്കു് എന്താണു് ഉറപ്പുള്ളതു്? അതെങ്ങിനെ വിശ്വസിക്കും?

ദൈവത്തെ ഒരുവൻ വിശ്വസിക്കേണ്ടതു് ദൈവശബ്ദങ്ങൾകൊണ്ടോ, ദൈവത്തിൻെറ പ്രമാണങ്ങളുടെ വൈശിഷ്ട്യംകൊണ്ടോ അല്ല, പ്രത്യുത ദൈവത്തെ തന്നെയാണു് മനുഷ്യൻ അറിയേണ്ടതും വിശ്വസിക്കേണ്ടതും. വിശ്വസ്തനായ ദൈവം, വാഗ്ദാനങ്ങളിലും വിശ്വസ്തനത്രെ. ദൈവത്തിൻെറ വാഗ്ദത്തങ്ങൾ ഒപ്പുവച്ചു് കിട്ടിയ 'ബാങ്കു്'ചെക്കുകളത്രെ എന്നു് ഒരു ഭക്തൻ പറഞ്ഞിരിക്കുന്നു.

# 70 നാക്കും കയ്യും

ഒരാൾ അയാളുടെ ഒരു സ്നേഹിതനു് ഒരു പുസ്തകം വായ്പ കൊടുത്തപ്പോൾ മൂന്നു് ദിവസത്തിനകം അതു കണിശമായും തരാമോ എന്നു് ചോദിച്ചു. 'തീർച്ചയായും തരാം' എന്നു് അയാൾ മറുപടിപറഞ്ഞു. 'അങ്ങിനെയെങ്കിൽ കയ്യടിക്കു' എന്നായി മറേറയാൾ. '‌കൊള്ളാം, എൻെറ നാവിനേക്കാൾ, കയ്യിനെയാണു് നിങ്ങൾക്കു വിശ്വാസം, അല്ലേ?'' എന്നു പറഞ്ഞു ആ സ്നേഹിതൻ പൊട്ടിച്ചിരിച്ചു.

നാവ് ശബ്ദത്തെയും കൈ പ്രവൃത്തിയെയും പ്രതിനിധീകരിക്കുന്നു. എന്നാൽ പലപ്പോഴും ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല എന്നതത്രെ സങ്കടകരം. "ശബ്ദം യാക്കോബിൻെറയും, കൈകൾ ഏശാവിൻെറയും" എന്നു കൺ മങ്ങിയവനും, വയോവൃദ്ധനുമായ യിസ്ഹാക് പറകയും വഞ്ചിക്കപ്പെടുകയും ചെയ്തുവല്ലോ. ഉന്നതമായ ആദർശവാദത്താലും, കാമ്യങ്ങളായ വാഗ്ദാനങ്ങളാലും, ഉജ്ജ്വലമായ ആഹ്വാനങ്ങളാലും, സ്നേഹപൂർവ്വമായ ക്ഷണങ്ങളാലും നാക്ക് ലോകത്തെ അമ്മാനമാട്ടുന്നു. എന്നാൽ അവയെ പ്രവർത്തനപദ്ധതികളായി മാററുവാൻ കൈ സന്നദ്ധമായിരിക്കുമ്പോൾ മാത്രമെ പ്രയോജനപ്പെടുന്നുള്ളു. വാഗ്മികളായ പ്രസംഗകന്മാർ ജനതതിയെ ഇളക്കിയെന്നു വരാം. എന്നാൽ കൈകൾ പ്രവർത്തിക്കുമ്പോൾ മാത്രമേ വാഗ്മിത്വം ഫലപ്രദമായിത്തീരുന്നുള്ളു. നാക്കും കൈയും പരസ്പരവിശ്വാസത്തോടും വിശ്വസ്തതയോടുംകൂടെ ഒരുവൻെറ ജീവിതത്തിൽ പ്രവർത്തിക്കുമ്പോഴല്ലാതെ അവൻ ലോകത്തിൽ മാനിക്കപ്പെടുകയില്ല. എന്നാൽ പലപ്പോഴും നമുക്കു പ്രവർത്തിക്കാൻ കഴിയുന്നതിൽ അപ്പുറമായ കാര്യങ്ങൾ പറയുന്ന നാക്ക് നമ്മെ അവിശ്വസ്തരും ലജ്ജിതരുമാക്കുന്നു. അതുകൊണ്ടത്രെ 'നാവ് ഏററവും വമ്പു പറയുന്നു' എന്നു വി: യാക്കോബ് പറയുന്നത്. കണ്ടമാനം സംസാരിക്കുന്ന നാക്കും കൈകളെ അപമാനിക്കുന്നു. അനേക വാഗ്ദാനങ്ങളെക്കാൾ, അല്പ പ്രവർത്തനം നല്ലത്. 'നാവെട്ടുനീളത്തിൽ വെളിക്കിട്ടു, വാവെട്ടുവെട്ടാൻ പല കൂട്ടരുണ്ടാം'. പക്ഷേ, നാവുകൊണ്ട് വെട്ടിയാൽ മരം വീഴുകയില്ല. മൂർച്ചയേറിയ കോടാലികൊണ്ടുള്ള പ്രയോഗം ഏതു വൻവൃക്ഷത്തെയും നിലംപതിപ്പിക്കും.

## 71. ജാതിവ്യത്യാസം.

നമ്മുടെ വിദ്യാലയങ്ങളിൽ—പ്രാഥമികം മുതൽ സർവ്വകലാശാല വരെയും—വിദ്യാർത്ഥികളുടെ ഇടയിൽ ജാതിഭേദത്താലുള്ള സ്പർദ്ധയോ അകൽച്ചകളോ നാം കാണുന്നില്ല. അവിടെ പുലയനും, ഈഴവനും, നായരും, നമ്പൂതിരിയും, ക്രിസ്ത്യനും, മുഹമ്മദനും ഒരേ ബെഞ്ചിൽ ഇരുന്നു അദ്ധ്യയനം നടത്തുന്നു. അവരെല്ലാവരും വിദ്യാർത്ഥികൾ എന്ന പേരിനാലത്രെ അറിയപ്പെടുന്നതു്. അവർ തമ്മിൽ കൈ കോർത്തും, തോളോടു തോൾ ചേർന്നും നടക്കുന്നു; കളിക്കുന്നു. ഹാ! എന്തൊരു സ്നേഹവും, സൗഹാർദ്ദവും!

എന്നാൽ കാലം കുറെ കഴിയുന്നു. അഭ്യസനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾ, പള്ളിക്കൂടങ്ങൾ വിട്ടു് ലോകരംഗങ്ങളിൽ പ്രവേശിക്കുന്നു. അപ്പോൾ ഇതാ ചേരിതിരിയുന്നു. യജമാനൻ, അടിയാൻ, മുതലാളി, തൊഴിലാളി, വൈദികൻ, വൈദ്യൻ, വക്കീൽ, ഗൃഹസ്ഥൻ എന്നിങ്ങനെയുള്ള അടുക്കാൻ വഹിയാത്ത അകൽച്ചകൾ! ഇതു് എന്തുകൊണ്ടു്? വിദ്യാലയങ്ങൾ എന്നപോലെ ഒരുമിച്ചു പ്രവർത്തിപ്പാനും വിഹരിപ്പാനുമുള്ള രംഗങ്ങൾ മുതിർന്നവർക്കില്ലെന്നതായിരിക്കുമോ കാരണം? അങ്ങനെയെങ്കിൽ വിസ്തൃതമായ ഈ ലോകത്തെ ഒരു വീദ്യാലയമായും ലോകരെ കേവലം വിദ്യാർത്ഥികളായും പരിഗണിച്ചാൽ ജാതിമതഭേദചിന്തകൾ അസ്തമിക്കുമായിരുന്നു. ഇതിൽനിന്നു ഒരു കാര്യം വ്യക്തമാകുന്നുണ്ടു്. അഭ്യസനകാലങ്ങളിൽ എത്ര പ്രായംചെന്നവർക്കും സൗഹാർദ്ദമായും വർണ്ണവ്യത്യാസം കൂടാതെയും കഴിഞ്ഞുകൂടാം. വിദ്യാലയത്തിനു പുറത്തത്രെ വിദ്വേഷവും വിഭിന്നതയും കാത്തുനില്ക്കുന്നതു്. അതുകൊണ്ടു മനുഷ്യൻ ആജീവനാന്തം ഒരു വിദ്യാർത്ഥിയായിരുന്നെങ്കിൽ അഥവാ അവൻ ജ്ഞാനസമ്പാദനത്തിൽ വളർന്നുകൊണ്ടിരുന്നെങ്കിൽ ലോകം സ്നേഹത്തിന്റെയും ഐക്യതയുടേയും ഒരു രംഗമാ

യിത്തീരുമായിരുന്നു. എന്നാൽ സാക്ഷാൽ ജ്ഞാനത്തിൻെറ ആരംഭം യഹോവാ ഭക്തിയത്രെ എന്നു ജ്ഞാനികളുടെ ജ്ഞാനിയായ സോളമൻ പറയുന്നുവല്ലോ. അതുകൊണ്ടു് ദൈവഭക്തൻ സകല ജാതിഭേദങ്ങൾക്കും, കക്ഷിവ്യത്യാസങ്ങൾക്കും അതീതനായി ജീവിക്കേണ്ടതും പ്രവർത്തിക്കേണ്ടതും ആവശ്യമെന്നർത്ഥം.

## 72. പരീക്ഷ.

ഒരു വിദ്യാർത്ഥിക്കു് അവൻെറ അഭ്യസനകാലത്തു് വിവിധവിഷയങ്ങളെ അധികരിച്ചുള്ള അനേക പുസ്തകങ്ങളും, പാഠങ്ങളും പഠിക്കേണ്ടതായുണ്ടു്. എന്നാൽ അവൻ പഠിച്ച എല്ലാ പാഠങ്ങളിൽനിന്നും പരീക്ഷാവേളയിൽ ചോദ്യങ്ങൾ വരുന്നില്ല. രണ്ടോ മൂന്നോ മണിക്കൂറുകൊണ്ടു് ഉത്തരം എഴുതേണ്ട ആറോ ഏഴോ ചോദ്യങ്ങൾ മാത്രമെ ചോദ്യക്കടലാസ്സിൽ കണ്ടുവരുന്നുള്ളു. ഒരു പക്ഷെ ആ വിദ്യാർത്ഥി അഗണ്യമായി കരുതിയതും നിസ്സാരമെന്നു വിചാരിച്ചതുമായ ചോദ്യങ്ങളായിരിക്കാം അവ. എന്നാൽ ആ ചോദ്യങ്ങൾക്കു് അവൻ കൊടുക്കുന്ന ഉത്തരത്തെ ആശ്രയിച്ചാണു് അവൻെറ വിജയം സ്ഥിതിചെയ്യുന്നതു് എന്നു അവൻ അറിഞ്ഞിരിക്കേണ്ടതത്രെ. അതുകൊണ്ടു എല്ലാ പാഠങ്ങളും അവൻ പഠിച്ചു നിശ്ചയം പ്രാപിച്ചിരിക്കേണ്ടതാകുന്നു.

മനുഷ്യജീവിതത്തിൽ ഇതു എത്രയും വ്യക്തമായിക്കാണുന്ന ഒരു സത്യമാകുന്നു. മനുഷ്യൻ ജീവിതത്തിൻെറ എല്ലാ പ്രമാണങ്ങളേയും, ഉപദേശങ്ങളേയും അത്യന്തം വിശ്വസ്തതയോടെ പഠിക്കയും പാലിക്കയും ചെയ്യേണ്ടതാണു്. എന്തുകൊണ്ടെന്നാൽ ഏതിൽ അവൻ പരീക്ഷിക്കപ്പെടുകയും പരാജിതനാകുകയും ചെയ്യുമെന്നു് അവൻ അറിയുന്നില്ല. പലപ്പോഴും വലിയ പോരാട്ടങ്ങളിൽ വിജയംനേടിയവർ

കേവലം നിസ്സാരമായ സംഗതികളിൽ അടിപെട്ടുപോകുന്നതായി നാം കാണുന്നു. എന്തുകൊണ്ടെന്നാൽ ദൈനംദിനജീവിതത്തിൻെറ ചെറിയ പാഠങ്ങൾ അവർ അവഗണിക്കുന്നു.

അതുകൊണ്ടു് ജീവിതത്തിൻെറ പ്രാധാന്യമേറിയ പ്രമാണങ്ങൾപോലെതന്നെ അപ്രധാനമായ നിയമങ്ങളും നമുക്കു് പ്രായോഗികമാക്കാം.

## 73. നടപ്പു്.

കോടാനുകോടികളായ ജീവരാശികളെക്കൊണ്ടു് ആകാശവും, ഭൂമിയും, ജലാശയങ്ങളും നിറഞ്ഞിരിക്കുന്നു. അവയെല്ലാം രാപകലില്ലാതെ ചരിച്ചുകൊണ്ടിരിക്കുന്നു. എന്നിട്ടും അവയുടെ ഗതിവിഗതികളിൽ അവ തമ്മിൽ തമ്മിൽ കൂട്ടിമുട്ടി അപായങ്ങളോ, ജീവനാശങ്ങളോ സംഭവിക്കുന്നില്ല എന്നുതന്നെ പറയാം. മനുഷ്യനെ സംബന്ധിച്ചു ചിന്തിച്ചാൽ തിക്കുംതിരക്കും നിറഞ്ഞ ചന്തസ്ഥലങ്ങളിലും ജനബാഹുല്യമുള്ള ഉത്സവങ്ങൾ, മഹാസമ്മേളനങ്ങൾ, തെരുവീഥികൾ എന്നിവിടങ്ങളിലും അവൻ സദാ ഗതാഗതം ചെയ്തുകൊണ്ടിരിക്കുന്നു; എങ്കിലും കൂട്ടിമുട്ടലുകളാലുള്ള അത്യാഹിതങ്ങൾ ഉണ്ടാകാറില്ല. അതു് എന്തുകൊണ്ടു്?

മനുഷ്യൻ കരുതലോടെ നടക്കുന്നു എന്നതത്രെ ഇതിനു കാരണം. വഴി മാറേണ്ടിടത്തു് മാറിയും, ചാഞ്ഞും ചരിഞ്ഞും, തൂണും നിവന്നും ഒക്കെ അവൻ പെരുമാറുന്നു. മറ്റൊരുവിധത്തിൽ ചിന്തിച്ചാൽ ദൈവം മനുഷ്യൻെറ ഗതിവേഗത്തെ നിർദ്ദോഷമായ ഒരു രീതിയിലത്രെ ക്രമീകരിച്ചിട്ടുള്ളതു് എന്നു കാണ്മാൻ സാധിക്കും. നടക്കുക എന്നതാണു മനുഷ്യനെ സംബന്ധിച്ചുള്ള ദൈവത്തിൻെറ സാധാരണ നിയമം. നേരേമറിച്ചു ഓടുന്ന ഒരു ഗതിയിലാണു് മനുഷ്യ

ന്നെ വച്ചിരുന്നതെങ്കിൽ എത്രമാത്രം കുട്ടിമുട്ടലുകൾകൊണ്ടു് ലോകം ഭയങ്കരമാകുമായിരുന്നില്ല! ഇരമ്പിപ്പായുന്ന വാഹനങ്ങൾ നിമിത്തം അനവധി വിപത്തുകളും മരണങ്ങളും ദിനംപ്രതി സംഭവിച്ചുകൊണ്ടിരിക്കുന്നു.

ജീവിതം ദൈനംദിനം നടക്കുന്ന ഒരു അനുഭവമത്രെ. നിരന്തരം ഓടുവാൻ ആൎക്കും സാദ്ധ്യമല്ല. വല്ലപ്പോഴും ഓടുന്ന അനുഭവങ്ങളും ഉണ്ടു്. എങ്കിലും എല്ലാവരും എപ്പോഴും ഒന്നിച്ചുള്ള ഒരു ഓട്ടം ദൈവം അനുവദിച്ചിട്ടില്ല.

പറക്കലും ഓട്ടവും അവസാനിച്ചാലും നടക്കുക എന്നതു് നിരന്തരമത്രെ. "അന്നേക്കുള്ളതു് കുന്നോളം, എന്നേക്കുമുള്ളതു് കുന്നിയോളം" എന്ന ഒരു പഴമൊഴി ഉണ്ടല്ലോ. നമ്മുടെ ജീവിതമാകുന്ന ഓട്ടത്തിലെ വിജയം വേഗതയിലല്ല, പ്രത്യുത നിർദ്ദിഷ്ടസ്ഥാനം പ്രാപിച്ചുവോ എന്നുള്ളതിലത്രെ ആശ്രയിച്ചിരിക്കുന്നതു്.

## 74. പ്രശംസ.

കേവലം മൌഢ്യവും ഭ്രാന്തുമത്രെ പ്രശംസ. വാസ്തവത്തിൽ, മനുഷ്യനു് സ്വയം പുകഴുവാനോ, സ്വന്തമെന്നു അവകാശപ്പെടുവാനോ ഒന്നുമില്ല. അവനു് ലഭിച്ചിരിക്കുന്ന അവന്റെ ശരീരംതന്നെയും ജനനത്താൽ അവന്റെ മാതാപിതാക്കന്മാരിൽനിന്നു അവനു ലഭിച്ചതല്ലേ? അതിൽ അവൻ വഹിച്ച പങ്കു എന്തുണ്ടു്? അങ്ങിനെയെങ്കിൽ, തന്റെയോ, മററുള്ളവന്റെയോ ശരീരഘടനയുടെ സൌന്ദൎയ്യത്തിലോ, വിരൂപതയിലോ, വികല്പങ്ങളിലോ എന്തിനു പ്രശംസിക്കുന്നു? എന്തിനു പരിതപിക്കയോ, പരിഹസിക്കയോ ചെയ്യുന്നു?

ഇനിയും ഒരുവന്റെ വിദ്യാസമ്പന്നതയിൽ എന്താണു പുകഴുവാനുള്ളതു്? അവനു ലഭിച്ച പണസൌകൎയ്യങ്ങളും,

അനുകൂലസാഹചര്യങ്ങളും, നിരക്ഷരകുക്ഷിയെന്നു പറയുന്ന ഒരന്യന് ലഭിച്ചിരുന്നെങ്കിൽ അവനും അഭ്യസ്തവിദ്യനാകുമായിരുന്നു. ഒരുവൻ വിഭവസമൃദ്ധമായ ഭക്ഷണം കഴിച്ച് ഉന്മത്തനാകുന്നതു എന്തിന്? പണമുണ്ടെങ്കിൽ ആർക്കാണു ആഹരിക്കാൻ വായില്ലാത്തതു്? "പണം അഴിച്ചാൽ കറി നന്നാവും" എന്നു കേട്ടിട്ടില്ലേ?

വേറൊരുവൻ വിലപ്പെട്ട വസ്ത്രങ്ങളും, ആഭരണങ്ങളും അണിഞ്ഞു ഞെളിയുന്നു എന്നിരിക്കട്ടെ. അതു് എത്രയോ ഹാസ്യം. ഏതൊരു ശരീരത്തിലും ഇതൊക്കെയും കിടക്കും. ഏതു കഴുത്തിനും മാല ചേരും, ഏതു കൈക്കും ചേരും മോതിരവും, കങ്കണാദികളും.

എന്നാൽ പ്രശംസിയ്ക്കു് വകയുണ്ടു്. പ്രശംസിക്കുന്ന ഉത്തമ കാര്യങ്ങളിലേക്കും, ഉന്നതസ്ഥാനങ്ങളിലേക്കും അവൻെറ സമസൃഷ്ടങ്ങളെ നിസ്വാർത്ഥബുദ്ധിയോടെ കൊണ്ടു വരുമ്പോഠമാത്രം. അപ്പോഠം അവനല്ല അന്യർതന്നെ അവനെ പുകഴ്ത്തും

# 75. വല്ലതും തരണേ.

യാചകഗീതത്തിൻെറ പല്ലവിയാണല്ലോ മേലുദ്ധരിച്ചതു്. ആരോടാണു ഭിക്ഷക്കാരൻ യാചിക്കുന്നതു്? വെള്ളിയും പൊന്നും ധാരാളം കൈവശമുള്ളവരോടു് യാചകൻ ചോദിക്കുന്നു കാലണ തരണേയെന്നു്. വിഭവസമൃദ്ധികൊണ്ടു് വീർപ്പുമുട്ടുന്ന മാളികയുടെ ഇറയത്തു നിന്നുകൊണ്ടു് അവൻ നിലവിളിക്കുന്നതോ, "ഇററു് കഞ്ഞിവെള്ള"ത്തിനു്. പെട്ടികഠം നിറയെ പട്ടുസാരികളും, മററു ഉടുതുണികളും അടുക്കിവെച്ചിരിക്കുന്ന സ്ത്രീജനങ്ങളോടു് യാചകൻ ആവശ്യപ്പെടുന്നതു് ഒരു പഴന്തുണിമാത്രം. എന്താണു് ഈ വിധത്തിൽ "മാന്യന്മാരെ" യാചകൻ അപമാനിക്കുന്നതു്?

കാലണകളും, കഞ്ഞിവെള്ളത്തിനും, പഴന്തുണികളും മാത്രമെ ഈ കുബേരന്മാരെ കൊള്ളുകയുള്ളു എന്നോ! അല്ലെങ്കിൽ പിന്നെ എന്താണു് യാചകൻ ഈ വിധത്തിൽ ചോദിക്കുന്നതു്?

മററൊന്നുമല്ല; യാചകൻ തികഞ്ഞ ഒരു മനഃശാസ്ത്രജ്ഞനാണു്. അന്യരിൽനിന്നു വലുതായൊന്നും പ്രതീക്ഷിക്കേണ്ടതില്ല, എന്നു അവൻ ലോകത്തെ പഠിപ്പിക്കുന്നു. അഥവാ പ്രതീക്ഷയിൽ കവിഞ്ഞു വല്ല നന്മയും ഉണ്ടാകുമെങ്കിൽ അതിനാൽ അധികം സന്തോഷത്തിനു് വകയുണ്ടല്ലോ എന്നായിരിക്കുമോ അവൻെറ ആന്തരം!

"എന്നാൽ കാരുണ്യവാനായ ദൈവമോ, നാം ചോദിക്കുന്നതിലും നിനക്കുന്നതിലും അത്യന്തം പരമായി ചെയ്യുന്ന കൃപാനിധി!

ശുഭം

## "തത്വചിന്തകൾ"

*　　*　　*　　*　　*　　*

ഉന്നതവും വിജ്ഞാനപരവുമായ ചിന്താശകലങ്ങൾ വായനക്കാക്കു സുപരിചിതങ്ങളായ ഉദാഹരണങ്ങളും ജീവിതാനുഭവങ്ങളും ദൃഷ്ടാന്തങ്ങളും ചേരുംപടി ചേർത്തു വിശദീകരിക്കുന്നതിലുള്ള ഗ്രന്ഥകാരൻെറ കഴിവു എത്രയും പ്രശംസനീയമാണു്.

"നമ്മുടെ മാസിക"

*　　*　　*　　*　　*　　*

ധാർമ്മികമായ ഉന്നത ചിന്താമണ്ഡലത്തിലേക്കു വായനക്കാരെ ഉയർത്തുക എന്നതാണു് "തത്വചിന്തകളു"ടെ ലക്ഷ്യം. അവയുടെ പ്രതിപാദനത്തിലുണ്ടു് ഒരടുക്കംവെടിപ്പം. ദിവ്യശ്രീ ചാക്കുണ്ണി കശീശാ എഴുതിയിട്ടുള്ള ധ്യാനാനന്ദം, അച്ചൻെറ കത്തുകൾ, ദൃഷ്ടാന്തകഥകൾ മുതലായ ഗ്രന്ഥങ്ങളുടെ കൂടപ്പിറപ്പായ ഈ പുസ്തകത്തിൽ 75 വിശിഷ്ടാശയങ്ങളെക്കുറിച്ചു പ്രതിപാദിച്ചിരിക്കുന്നു. കടിച്ചാൽ പൊട്ടാത്ത കീറാമുട്ടികളല്ല അവയൊന്നും. അങ്ങനെയുള്ള ആശയങ്ങൾ അനുവാചകരിൽ അടിച്ചേല്പിക്കാൻ ചില എഴുത്തുകാർ ശ്രമിക്കാറുണ്ടു്. ആ സാഹസത്തിനു തത്വചിന്തകളുടെ ഗ്രന്ഥകത്താവു മുതിന്നിട്ടില്ലെന്നുള്ളതു എടുത്തുപറയേണ്ടിയിരിക്കുന്നു

17th Oct. 53　　　　　　　　മനോരമ.

*　　*　　*　　*　　*

മനുഷ്യപ്രയാണത്തിൻെറ ഉറച്ച കാലടിപ്പാടുകളായ സനാതനതത്വങ്ങളും കാലികങ്ങളായ പ്രായോഗികതത്വങ്ങളും അവൻെറ മുന്നോട്ടുള്ള യാത്രയ്ക്കു് അവലംബമായി

പരിണമിക്കുന്നു. അങ്ങിനെയുള്ള എഴുപത്തഞ്ചു തത്വങ്ങൾ ഉദ്ധരിച്ച് ഓരോന്നിനെപ്പററിയും സമഗ്രമായി ചിന്തിക്കുകയാണ് ഗ്രന്ഥകർത്താവ് ഈ പുസ്തകത്തിൽ ചെയ്തിട്ടുള്ളത്. അവനവൻ ചിന്തിക്കയും അന്യരെക്കൊണ്ടു ചിന്തിപ്പിക്കയും ചെയ്യുന്ന ഗ്രന്ഥകർത്താവു സാധാരണക്കാരന്റെ മനശ്ശാസ്ത്രം നല്ലവണ്ണം മനസ്സിലാക്കീട്ടുണ്ട്. ഇത്തരം പുസ്തകങ്ങളിൽ പ്രായേണ വൈമുഖ്യം പ്രദർശിപ്പിക്കുന്ന കുട്ടികൾക്കു വിഷയങ്ങൾ കേവലങ്ങളായതിനാലും പ്രതിപാദനം പരിമിതമായതിനാലും, ഒരു ഉപപാഠപുസ്തകമായി ഇതു പ്രയോജകീഭവിക്കുകയില്ലെങ്കിലും സദാചാരപാഠങ്ങൾ നൽകുന്നതിനും സമ്മാനമായി കൊടുക്കുന്നതിനും ഗ്രന്ഥാലയത്തിൽ വച്ചു വായനക്കാർക്കു ചിന്തിപ്പാൻ വഴിയുണ്ടാക്കുന്നതിനും വളരെയേറെ ഉപകരിക്കും.

10th May 1953 മാതൃഭൂമി.

*    *    *    *    *    *

ലളിതസുന്ദരമായ ഭാഷയിൽ ചിന്തോദ്ദീപകങ്ങളായ ആശയങ്ങൾ ആവിഷ്കരിക്കുന്നതിനു ഗ്രന്ഥകാരനുള്ള കഴിവിനെ ഈ പുസ്തകം സ്പഷ്ടമാക്കുന്നുണ്ട്. സാധാരണകാര്യങ്ങളെ നിരീക്ഷണംചെയ്ത് അതിൽക്കൂടെ പ്രൗഢവും പ്രയോജനകരവുമായ ജീവിതപ്രമാണങ്ങൾ കണ്ടുപിടിക്കുന്നതിനു ഈ ഗ്രന്ഥപാരായണം നമ്മെ പ്രോത്സാഹിപ്പിക്കാതെ ഇരിക്കയില്ല.

ആത്മബോധിനി.

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. M100 Acc. No. 11346

This book should be returned on or before the date last stamped below.

29 JAN 1995
24 FEB 1995
10 JAN 1998
23 JAN 1998
20 JUN 2001
5 AUG 2002
18 FEB 2012
19 MAR 2012
21 FEB 2013

If the book is not returned on due date a fine of 10 (Ten) Ps. per day...

M100 11346

ചാക്കുണ്ണി. കെ.ററി

തത്വചിന്തകൾ

KOTTAYAM

Call No. M100 Acc. No. [illegible]

Author [illegible]

Title നല്ല ചിന്തകൾ

Indic Digital Archive Foundation

gpura.org